# അജാനൂർ ഗ്രാമപഞ്ചായത്ത്

## 2026–27 വാർഷിക പദ്ധതി

# അന്തിമ പദ്ധതിരേഖ

# ഉള്ളടക്കം

പേജ് നമ്പർ


| | | |
|---|---|---|
| | ആമുഖം | 05 |
| അധ്യായം 1 | തദ്ദേശസ്ഥാപനത്തിന്റെ വികസനസ്ഥിതി - അവസ്ഥാവിശകലനം | 13 |
| അധ്യായം 2 | വാർഷിക പദ്ധതി അവലോകനം | 17 |
| അധ്യായം 3 | പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും | 18 |
| അധ്യായം 4 | വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ തന്ത്രങ്ങൾ | 56 |
| അധ്യായം 5 | വിഭവസ്രോതസ്സുകളും വകയിരുത്തലുകളും | 56 |
| അധ്യായം 6 | പ്രൊജക്ടുകളും അവയുടെ വിശദാംശങ്ങളും | 57 |
| അധ്യായം 7 | പ്രത്യേക പദ്ധതികൾ/പരിപാടികൾ | 57 |
| അധ്യായം 8 | വായ്പാ ബന്ധങ്ങൾ | 69 |
| അധ്യായം 9 | സമഗ്ര പരിപാടികളും സംയോജന സാധ്യതകളും | 69 |
| അധ്യായം 10 | മോണിറ്ററിംഗ് | 69 |
| | ഉപസംഹാരം | 70 |

# ആമുഖം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്രിയാത്മകമായി മുന്നോട്ട്കൊണ്ടുപോകുന്നത് ജനങ്ങളുടെ നല്ല ഇടപെടൽ മൂലമാണ്. ജനകീയാസൂത്രണം വഴി ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെയാണ് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മുന്നോട്ട്പോകുന്നത്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ജനകീയാസൂത്രണത്തിന്റെ മാതൃക സൃഷ്ടിക്കാൻ സാധിച്ച സംസ്ഥാനമാണ് കേരളം. തൽഫലമായി രാജ്യത്തെതന്നെ വികസന സംസ്ഥാനമായി കേരളം മാറി.

നവകേരള സൃഷ്ടിക്കായി വിപുലമായ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ട്പോകുന്നത്. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾക്കൊപ്പം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന ജനക്ഷേമപരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് സർക്കാർ മാതൃകയാവുകയാണ്.

അതിദരിദ്രരില്ലാത്ത സംസ്ഥാനം, ക്ഷേമപെൻഷൻ, സ്ത്രീസുരക്ഷാ പദ്ധതി, കണക്ട് വർക്ക് സ്കോളർഷിപ്പ് മുതലായവ ലോകത്തിലെതന്നെ മാതൃകയായ സർക്കാർ പ്രവർത്തനങ്ങളാണ്. ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നമ്മുടെ സംസ്ഥാനം രാജ്യത്ത് ഒന്നാമതാണ്. സംസ്ഥാന സർക്കാരിന്റെ ഈ വികസന കാഴ്ചപ്പാട് ചുവട്പിടിച്ചുകൊണ്ടാണ് അജാനൂർ പഞ്ചായത്തും വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നത്.

2022-27 കാലഘട്ടത്തിലെപതിനാലാം പഞ്ചവത്സവര പദ്ധതിയുടെ അവസാന വർഷമാണ് 2026-27. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് മുന്നോട്ട് വെച്ച വികന ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനാണ് 2026-27ൽ ഊന്നൽനൽകേണ്ടത്. പദ്ധതി വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്ന നിർദ്ദേശങ്ങളാണ് ഉയർന്ന് വരേണ്ടത്.

പഞ്ചായത്തിന്റെ വികസന പരിപ്രേഷ്യം മുന്നോട്ട് കൊണ്ടുപോകുവാൻ നമുക്ക് സാധിക്കണം. പഞ്ചായത്തിന്റെ പൊതുവികസനത്തിനൊപ്പം ആരോഗ്യ ഗ്രാമം, ദാരിദ്ര്യ നിർമ്മാർജ്ജനം, സമ്പൂർണ് ഭവനപദ്ധതി, ഉൽപ്പാജനക്ഷമത വർദ്ധിപ്പിക്കൽ, പശ്ചാത്തല മേഖലയിലെ വികസനം സാമ്പത്തിര ഭദ്രത കൈവരിക്കാനുതകുന്ന സംരംഭങ്ങൾ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ മുൻതൂക്കം നൽകാൻ സാധിക്കണം.

എന്ന്,

**വി.വി. തുളസി**
പ്രസിഡണ്ട്, അജാനൂർ ഗ്രാമ പഞ്ചായത്ത്.

അജാനൂർ,
2-03-2026.

# അജാനൂർ ഗ്രാമ പഞ്ചായത്ത് പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അജാനൂർ |
| കോഡ് നംപർ | : | ജി 140402 |
| ജില്ല | : | കാസറഗോഡ് |
| ബ്ലോക്ക് | : | കാഞ്ഞങ്ങാട് |
| താലൂക്ക് | : | ഹോസ്ദുർഗ് |
| വിസ്തീർണ്ണം | : | 27.83 ച കി മീ |
| വാർഡുകളുടെ എണ്ണം | : | 24 |
| ജന സംഖ്യ | : | 49153 (2011 സെൻസസ് അനുസരിച്ച്) |
| പുരുഷൻമാർ | : | 22952 |
| സ്ത്രീകൾ | : | 26201 |
| ജന സംഖ്യ (പട്ടിക ജാതി) | : | 920 |
| പുരുഷൻമാർ | : | 449 |
| സ്ത്രീകൾ | : | 471 |
| ജന സംഖ്യ(പട്ടിക വർഗ്ഗം) | : | 547 |
| പുരുഷൻമാർ | : | 273 |
| സ്ത്രീകൾ | : | 274 |
| സാക്ഷരത | : | ആകെ 38545 |
| | | പുരുഷൻമാർ 18657 |
| | | സ്ത്രീകൾ 19888 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | മഡിയൻ, മാവുങ്കാൽ, രാവണേശ്വരം, അജാനൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | മടിക്കൈ, പെരിയ |
| പ്രസിഡണ്ട് | : | ശ്രീമതി തുളസി വി.വി. |
| പ്രസിഡണ്ട് കാറ്റഗറി | : | വനിതാ സംവരണം. |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. മൂലക്കണ്ടം പ്രഭാകരൻ |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | : | ശ്രീമതി കാവ്യ ടി.വി. |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | : | ശ്രീമതി കുഞ്ഞാമിന സി. |
| ആരോഗ്യവും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | : | ശ്രീ. എം.വി. രാഘവൻ |
| ടെലഫോൺ നമ്പർ | | പ്രസിഡണ്ട് : 9745030889 |
| | | സെക്രട്ടറി : 9496049745 |
| | | വൈസ് പ്രസിഡണ്ട് : 9495778151 |
| | | ഓഫീസ് ടെലഫോൺ : 0467-2266386 |
| മേൽവിലാസം | : | പി.ഒ. അജാനൂർ - 671 531 |
| ഇ-മെയിൽ വിലാസം | : | secajanurgp@gmail.com |

# ജനപ്രതിനിധികൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | പഞ്ചായത്ത് അംഗത്തിന്റെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | മുക്കൂട് | ദീപ വിനോദൻ | 9745059171 |
| 2 | പാടിക്കാനം | സുധ അശോകൻ | 9645621950 |
| 3 | രാവണേശ്വരം | തമ്പാൻ മക്കാക്കോട്ട് | 9446063661 |
| 4 | രാമഗിരി | ദീപ പ്രവീൺ | 9846653589 |
| 5 | വേലാശ്വരം | കെ.വി. സുകുമാരൻ | 9496597463 |
| 6 | ചിത്താരി | സി.പി. സുബൈർ | 9895349660 |
| 7 | മാണിക്കോത്ത് | മുഹമ്മദ് കുഞ്ഞി (സുലൈമാൻ) | 9744665646 |
| 8 | മഡിയൻ | തുളസി വി.വി. (പ്രസിഡണ്ട്) | 9745030889 |
| 9 | വെള്ളിക്കോത്ത് | ശ്രീവിദ്യ കെ.സി. | 9961600396 |
| 10 | മൂലക്കണ്ടം | ഷിജി എം. | 8547100348 |
| 11 | പുതിയകണ്ടം | ഗീത ബാബുരാജ് | 9744577223 |
| 12 | കാട്ടുകുളങ്ങര | പി.കെ. കാർത്ത്യായണി | 8714806336 |
| 13 | രാംനഗർ | സജി കെ. | 7907289215 |
| 14 | പള്ളോട്ട് | അർജുൻ യോഗി പി. | 8714715435 |
| 15 | കിഴക്കുംകര | മൂലക്കണ്ടം പ്രഭാകരൻ (വൈസ് പ്രസിഡണ്ട്) | 9495778151 |
| 16 | തുളിച്ചേരി | എം വി രാഘവൻ (ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | 9446058866 |
| 17 | അതിഞ്ഞാൽ | ഖാലിദ് അറബിക്കാടത്ത് | 9895088899 |
| 18 | കൊളവയൽ | കുഞ്ഞാമിന സി (ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 9605215770 |
| 19 | ഇട്ടമ്മൽ | അപർണ കെ. | 9605623921 |
| 20 | അജാനൂർ കടപ്പുറം | സുമിത സി. | 9961732325 |
| 21 | മുട്ടുംന്തല | അഹമ്മദ് നദീർ കെ. | 9809803019 |
| 22 | പൊയ്യക്കര | കാവ്യ ടി.വി. (വികസന കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 8111872468 |
| 23 | മല്ലികമാട് | രതീശൻ കെ (രതീഷ് ഗോവിന്ദൻ) | 8137999135 |
| 24 | ബാരിക്കാട് | നിസാമുദ്ധീൻ സി എച്ച് | 9605105606 |
| | | **ബ്ലോക്ക് പഞ്ചായത്ത്** | |
| | അജാനൂർ | അബ്ദുൾകരീം | 9847262021 |
| | മാവുങ്കാൽ | ബിന്ദു കെ. | 9947046760 |
| | മഡിയൻ | മഞ്ജിഷ പി.കെ. | 8156954022 |
| | രാവണേശ്വരം | രതീഷ് വെള്ളംതട്ട | 9809503062 |
| | | **ജില്ലാ പഞ്ചായത്ത്** | |
| | മടിക്കൈ | കെ. സബീഷ് | 9526055557 |
| | പെരിയ | സോയ കെ.കെ. | 9726254090 |

# നവഫോറം 1

## പതിനൊന്നാം പഞ്ചവത്സര പദ്ധതി –2022–27

## ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ

| പേരും,വിലാസവും | ഫോൺ ഇ മെയിൽ ഐ ഡി | പനസംഘടിപ്പിച്ച ആസൂത്രണ സമിതിയിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | സ്ത്രീ/പുരുഷൻ | എസ് സി എസ് ടി മറ്റുള്ളവ | വിദ്യഭ്യാസ യോഗ്യത | വൈദഗ്ദ്ധ്യ പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| ഉളസി വി വി | 9745030889 | അധ്യക്ഷൻ | പഞ്ചായത്ത് പ്രസിഡണ്ട് | സ്ത്രീ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| ശ്രീ കണ്ണൻ നായർ | 9446094152 | ഉപാദ്ധ്യക്ഷൻ | റിട്ട പഞ്ചായത്ത് സെക്രട്ടറി | പുരുഷൻ | മറ്റുള്ളവ | | വിഷയ വിദഗദ്ധൻ | |
| സുധീർ എൻ എം | 9495506557 | കൺവീനർ | പഞ്ചായത്ത് സെക്രട്ടറി | പുരുഷൻ | മറ്റുള്ളവ | | ഭരണനിർവ്വഹണം/ ഉദ്യോഗസ്ഥ തലം | |
| മൂലക്കണ്ടം പ്രഭാകരൻ | 9495778151 | അംഗം | പഞ്ചായത്ത് വൈസ് പ്രസിഡണ്ട് | പുരുഷൻ | മറ്റുള്ളവ | | സാമൂഹ്യസേവനം | |
| കാവ്യ ടി വി | 8111872468 | അംഗം | വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | സ്ത്രീ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| കുഞ്ഞാമിന സി | 9605215770 | അംഗം | ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | സ്ത്രീ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| എം വി രാഘവൻ | 9446058866 | അംഗം | ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | പുരുഷൻ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| ശ്രീ ഹമീദ് ചേരക്കാടത്ത് | 9961612626 | അംഗം | | പുരുഷൻ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| ശ്രീ പത്മനാഭൻ | 9539286991 | അംഗം | | പുരുഷൻ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| ശിവജി വെള്ളിക്കോത്ത് | 9847839955 | അംഗം | | പുരുഷൻ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| ദേവീ രവീന്ദ്രൻ | 9495806080 | അംഗം | | സ്ത്രീ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |
| ഗംഗാധരൻ പള്ളിക്കാപ്പിൽ | 9747820085 | അംഗം | | പുരുഷൻ | മറ്റുള്ളവ | | സാമൂഹ്യ സേവനം | |

## സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ

### ധനകാര്യം

| | |
|---|---|
| മൂലക്കണ്ടം പ്രഭാകരൻ | ചെയർമാൻ |
| ശ്രീവിദ്യ കെ.സി. | അംഗം |
| സി.പി. സുബൈർ | അംഗം |
| നിസാമുദ്ദീൻ സി.എച്ച്. | അംഗം |
| രതീശൻ കെ. | അംഗം |
| സുമിത സി. | അംഗം |

### വികസനം

| | |
|---|---|
| കാവ്യ ടി.പി. | ചെയർപേഴ്സൺ |
| ഷിജി എം. | അംഗം |
| സുധ അശോകൻ | അംഗം |
| തമ്പാൻ മക്കാക്കോട്ട് | അംഗം |
| ഗീത ബാബുരാജൻ | അംഗം |
| ഖാലിദ് അറബിക്കാടത്ത് | അംഗം |

### ക്ഷേമകാര്യം

| | |
|---|---|
| കുഞ്ഞാമിന സി. | ചെയർപേഴ്സൺ |
| മുഹമ്മദ്കുഞ്ഞി | അംഗം |
| ദീപ വിനോദൻ | അംഗം |
| അർജ്ജുൻ യോഗി | അംഗം |
| കെ.വി. സുകുമാരൻ | അംഗം |
| പി.കെ. കാർത്ത്യായനി | അംഗം |

### ആരോഗ്യ വിദ്യാഭ്യാസം

| | |
|---|---|
| എം.വി. രാഘവൻ | ചെയർമാൻ |
| സജി കെ. | അംഗം |
| അഹമ്മദ് നദീർ കെ. | അംഗം |
| അപർണ്ണ കെ. | അംഗം |
| ദീപ പ്രവീൺ | അംഗം |

## വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ

**1. പൊതുഭരണവും ധനകാര്യവും**

ശ്രീവിദ്യ – ചെയർമാൻ

സെക്രട്ടറി – കൺവീനർ

**2. കൃഷിയും അനുബന്ധ മേഖലകളും**

സുധ അശോകൻ – ചെയർമാൻ

കൃഷി ഓഫീസർ – കൺവീനർ

**3. മൃഗസംരക്ഷണവും, ക്ഷീര വികസനവും**

തമ്പാൻ എ. – ചെയർമാൻ

വെറ്റിനറി സർജൻ – കൺവീനർ

4. **മത്സ്യബന്ധനം**

രതീഷ് ഗോവിന്ദൻ – ചെയർമാൻ

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് –കൺവീനർ

5. **പ്രാദേശിക സാമ്പത്തിക വികസനം**

ഖാലിദ് അറബിക്കാടത്ത് – ചെയർമാൻ

വി.ഇ.ഒ. – കൺവീനർ

6. **ദാരിദ്ര്യ ലഘൂകരണം**

അർജ്ജുൻ – ചെയർമാൻ

വി.ഇ.ഒ. – കൺവീനർ

7. **സാമൂഹിക നീതി**

സുകുമാരൻ – ചെയർമാൻ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ – കൺവീനർ

8. **ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും**

ദീപ വിനോദൻ – ചെയർമാൻ

ഐ.സി.ഡി.എസ്.
സൂപ്പർവൈസർ – കൺവീനർ

9. **പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം**

മുഹമ്മദ് കുഞ്ഞി – ചെയർമാൻ

അസിസ്റ്റന്റ് സെക്രട്ടറി – കൺവീനർ

10. **ആരോഗ്യം**

അപർണ്ണ – ചെയർമാൻ

മെഡിക്കൽ ഓഫീസർ – കൺവീനർ

11. **കുടിവെള്ളം,ശുചിത്വം**

നദീർ കൊത്തിക്കാൽ – ചെയർമാൻ

അസിസ്റ്റന്റ് എഞ്ചിനിയർ – കൺവീനർ

12. **വിദ്യഭ്യാസം**

| | | |
|---|---|---|
| ദീപ പ്രവീൺ | - | ചെയർമാൻ |
| ഹെഡ്മാസ്റ്റർ | - | കൺവീനർ |

13. **പൊതുമരാമത്ത്**

| | | |
|---|---|---|
| ഷിജി | - | ചെയർമാൻ |
| അസിസ്റ്റന്റ് എഞ്ചിനിയർ | - | കൺവീനർ |

14. **പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യം, കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം**

| | | |
|---|---|---|
| തുളസി വി.വി. ( പ്രസിഡ്) | - | ചെയർമാൻ |
| സെക്രട്ടറി | - | കൺവീനർ |

**പഞ്ചായത്തിലെ ജീവനക്കാർ**

| | | | |
|---|---|---|---|
| 1. | സുധീർ വി.എം. | സെക്രട്ടറി | 9496049745 |
| 2. | ഷൈജു ടി. | അസിസ്റ്റന്റ് സെക്രട്ടറി | 9446416648 |
| 3. | മുഹമ്മദ് സിദ്ദിഖ് | ജൂനിയർ സൂപ്രണ്ട് | |
| 4. | സതി കെ. | അക്കൗണ്ടന്റ് | 9400108915 |
| 5. | സുനിത പി. | സീനിയർ ക്ലാർക്ക് | 6282492562 |
| 6. | ബിന്ദു കെ. | സീനിയർ ക്ലാർക്ക് | 8281651761 |
| 7. | രാജേഷ് എ. | സീനിയർ ക്ലാർക്ക് | 9496707137 |
| 8. | അഞ്ജന പി. | ക്ലാർക്ക് | 9400461319 |
| 9. | അനുഷ എ. | ക്ലാർക്ക് | 9746527992 |
| 10 | ജ്യോതി കെ വി | ക്ലാർക്ക് | 9995413460 |
| 11. | നിബിൻ വേണു എൻ വി | ക്ലാർക്ക് | 6282799929 |
| 12. | മനീഷ് പി.വി. | ക്ലാർക്ക് | 8547221083 |
| 13. | നജീബ് എ. | ഓഫീസ് അറ്റന്റന്റ് | 9562119485 |
| 14. | സ്മിത എം. | ഓഫീസ് അറ്റന്റന്റ് | 9400402010 |
| 15. | സുജാത പി പി | പാർട്ട് ടൈം ലൈബ്രേറിയൻ | 9072535535 |
| 16. | ദീപ കെ | സാക്ഷരത പ്രേരക് | 9745994163 |
| 17. | നസീമ എ | ടെക്നിക്കൽ അസിസ്റ്റന്റ് | 9747691443 |
| 18. | സജിന എം | ഹോസ്പിറ്റൽ കിയോസ്ക് | 9809728033 |
| 19. | നയനേഷ് ടി വി | പ്രോജക്ട് അസിസ്റ്റന്റ് | 9526618137 |
| 20. | അമിഷ ചന്ദ്രൻ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 8891558635 |
| 21. | വിനോദ് എം. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 9447812995 |

**എഞ്ചിനിയറിംഗ് വിഭാഗം**

| | | | |
|---|---|---|---|
| 1. | സുമീഷ കെ.കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 9400267175 |
| 2. | സീന ഇ. | ഓവർസിയർ | 9497858500 |
| 3. | നിത്യ പി വി | ക്ലാർക്ക് | 7025550100 |

**വില്ലേജ് എക്സറ്റൻഷൻ**

| | | | |
|---|---|---|---|
| 1. | ജിജേഷ് വി. | വി.ഇ.ഒ. | 9809900091 |
| 2. | ഇഖ്ബാൽ | വി.ഇ.ഒ. | 9744483575 |

**തൊഴിലുറപ്പ് പദ്ധതി വിഭാഗം**

| | | | |
|---|---|---|---|
| 1. | രജിത നായർ | അക്രഡിറ്റ് എഞ്ചിനിയർ | 9446416749 |
| 2. | അർപ്പിത | ഓവർസിയർ | 9778206140 |
| 3. | ബീന | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9946995771 |
| 4. | ഗിരിജ ദേവി | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9847301810 |
| 5. | സ്മിത എം. | ഓവർസിയർ | 9745262125 |
| 6. | ഷൈലജ പി വി | ബി.എഫ്.ടി. | 9995818717 |
| 7. | രാഹുൽ കെ. | എ.ഐ.പി.എ. | 9745693844 |

**കുടുംബശ്രീ**

| | | | |
|---|---|---|---|
| 1. | രത്നകുമാരി | സി ഡി എസ് ചെയർപേഴ്സൺ | 9605936889 |
| 2. | ബിന്ദു | സി ഡി എസ് വൈസ് ചെയർപേഴ്സൺ | 9961596001 |
| 3. | ധന്യ | സി ഡി എസ് അക്കൗണ്ടന്റ് | |

**ഹരിതകർമ്മസേന കൺസോർഷ്യം**

| | | | |
|---|---|---|---|
| 1. | ശോഭ | സെക്രട്ടറി | 9526297557 |
| 2. | അനിത | പ്രസിഡണ്ട് | 9744286479 |

**എസ്.സി./എസ്.ടി. പ്രമോട്ടർമാർ**

| | | | |
|---|---|---|---|
| 1. | സൗമ്യ | | 8606220758 |
| 2. | സൂര്യ ജാനകി | | 9605595839 |

**വ്യവസായ ഇന്റേൺ**

1. നിധിഷ

**കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ**

1. കാർത്തിക ബി.

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | | |
|---|---|---|---|
| 1. | സുധീർ വി.എം. | സെക്രട്ടറി | 9496049745 |
| 2. | ഷൈജു ടി. | അസിസ്റ്റന്റ് സെക്രട്ടറി | 9446416648 |
| 3. | സന്തോഷ് കുമാർ ചാലിൽ | കൃഷി ഓഫീസർ | 8075759114 |
| 4. | ഡോ: ഗോകുൽ രാജ് | വെറ്റിനറി സർജൻ | 9495956962 |
| 5. | ഡോ: ധനേഷ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 8547876854 |
| 6. | ഡോ: രാജേഷ് കുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 9447549361 |
| 7. | ഡോ: നിഷ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 9496357614 |
| 8. | അബ്ദുള്ളകുഞ്ഞി പി.എ. | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 9400059655 |
| 9. | ജിജേഷ് വി. | വി.ഇ.ഒ. | 9809900091 |
| 10. | ഇഖ്ബാൽ | വി.ഇ.ഒ. | 9744483575 |
| 11. | ഗൗരിശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9633033206 |
| 12. | രജിമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 8943015955 |
| 13. | വിഷ്ണു നമ്പൂതിരി | ഹെഡ്മാസ്റ്റർ | 9495147891 |
| 14. | സുമിഷ കെ.കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 9400267175 |

# അജാനൂരിന്റെ ഭൂപ്രകൃതി ഒരു വിശകലനം

അറബിക്കടലും പള്ളിക്കര, പുല്ലൂർ, പെരിയ ഗ്രാമങ്ങളും കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയും അതിരിടുന്ന കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽപെടുന്ന ഒരു തീരദേശ ഗ്രാമമാണ് അജാനൂർ. കിലോമീറ്ററോളം നീണ്ടു കിടക്കുന്ന കടൽതീരം. നോക്കെത്താത്ത ദൂരത്തോളം പരന്നു കിടക്കുന്ന നെൽവയലുകൾ. ജൈവ സമ്പത്തിന്റെ വിളനിലമായി അവശേഷിക്കുന്ന വിശുദ്ധവനങ്ങൾ ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് ഒരു പുതപ്പായി രൂപം കൊണ്ട് പ്രകൃതിയുടെ വരദാനമായ ചെങ്കൽ പാറകൾ. എത്രയോ കാതമകലെ നിന്ന് നീരുറവയായി, പിന്നെ തോടായി പുഴയായി മാറി ഈ ജനപഥത്തിന്റെ കാമനകൾക്ക് രൂപഭാവം നൽകി കാലത്തിന്റെ അനർഘളമായ പ്രവാഹം പോലെ അജാനൂരിന്റെ ഹൃദയ ഭൂമിയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന ചിത്താരി പുഴ. ഈ പുഴയുടെ ഓളങ്ങളിൽ വളർന്നു വന്ന അധിവാസ കേന്ദ്രങ്ങൾ, കാടുകൾ ചുട്ടെരിച്ച് പുതിയ സംസ്കൃതിയ്ക്ക് ജലം നൽകി ഇവിടെയെത്തിയ വിവിധ തൊഴിൽകൂട്ടങ്ങൾ അവർ ഇടപെട്ട വൈവിദ്ധ്യമായ തൊഴിൽ മേഖലകൾ വിഭവോൽപാദനം, അവ സ്വന്തമാക്കാൻ രൂപം കൊണ്ട് അധികാരകേന്ദ്രങ്ങൾ, നാട് സാക്ഷ്യം വഹിച്ച പടയോട്ടങ്ങൾ ഏറ്റുമുട്ടലുകൾ, കാലത്തിനൊപ്പം രൂപപ്പെട്ടു വന്ന ജാതീയമായ ശ്രേണീ വ്യവസ്ഥ. ഇതിനെതിരെ ഉയർന്നു വന്ന മനുഷ്യനൻമയുടെയും സമത്വത്തിനെതിരെയും മന്ത്ര ധ്വനികൾ.

അജാനൂരിന്റെ മണ്ണിനെ നനച്ച് വിപുലമായ ഒരു ജനസഞ്ചയത്തിന്റെ സമ്പൽ സമൃദ്ധിയ്ക്ക് നിദാനമായി ചിത്താരി പുഴയും അനേകം തോടുകളും വിവിധ ഭാഗങ്ങളിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. വയലുകളിലേയ്ക്ക് വെള്ളമെത്തിക്കാൻ, ഈ തോടുകൾ സഹായിക്കുന്നു. ചിത്താരി പുഴ കടലോട് ചേരുന്ന അഴിപ്രദേശമാണ് കൊത്തിക്കാൽ. കൊത്തിയിളക്കുന്ന അഴി കൊത്തിക്കാൽ. പൂഴി വന്ന് നിറയുന്ന അഴി കൊത്തി നിരത്താറുണ്ട്. മഴക്കാലത്ത് അപകടകരമായ നിലയിൽ വെള്ളം നിറയുമ്പോഴാണ് അഴി കൊത്തിയിളക്കുന്നത്. അജാനൂർ കാർഷിക ഗ്രാമം ആണ്. ഒട്ടേറെ വയലുകൾ പേരിനെങ്കിലും ഇപ്പോഴും നിലനിൽക്കുന്നു.

27.83 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെരിവുകളുള്ള ഭൂപ്രദേശമാണ് അജാനൂർ ഗ്രാമ പഞ്ചായത്ത്. സമുദ്ര നിരപ്പിൽ നിന്ന് 25 മീറ്ററിൽ കൂടുതൽ ഉയരത്തിൽ ചെങ്കൽ പാറക്കെട്ടുകളും ഇടയ്ക്കിടെ ചരൽ കലർന്ന ചുവന്ന മണ്ണും, കാണപ്പെടുന്ന പാടിക്കാനം, നാട്ടാം കല്ല്, കുളിയൻ മരം മുതലായ പ്രദേശത്ത് ജന സാന്ദ്രത താരതമ്യേന കുറവാണ്. കശുമാവ് നന്നായി വളരുന്ന ഈ പ്രദേശങ്ങളിൽ തെങ്ങും മറ്റ് ഫല വൃക്ഷങ്ങളുമുണ്ടെങ്കിലും ഉൽപാദന ക്ഷമത മെച്ചമാണ്. ചിത്താരി മാണിക്കോത്ത് മധുരക്കാട് എന്നീ പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ് എന്നിവയോടൊപ്പം ഫലവൃക്ഷങ്ങളും സമൃദ്ധമായി വളരുന്ന ചരൽ കലർന്ന ചുവന്ന മണ്ണുള്ള ഭൂവിഭാഗമാണ്. ഷൊർണ്ണൂർ മംഗലപുരം റെയിൽവെ പാതയ്ക്ക് പടിഞ്ഞാറ് വശത്തുള്ള അജാനൂർ കടപ്പുറം, കൊത്തിക്കാൽ ചിത്താരി കടപ്പുറം, കൊളവയൽ എന്നീ സ്ഥലങ്ങൾ സമുദ്രതീര പ്രദേശങ്ങളാണ്. ഒരു കാലത്ത് വലിയ മണൽ തിട്ടകളും അവയ്ക്കിടയിൽ പച്ചക്കറികളും പുകയിലയും കൃഷി ചെയ്തിരുന്ന സമതലങ്ങളുമായി കാണപ്പെട്ടിരുന്ന ഈ പ്രദേശത്ത് കൃഷിയിടങ്ങളിലേയ്ക്ക് മണൽതിട്ടകളെ വെട്ടി നിരത്തിയും സമീപ പ്രദേശത്തെ ചെമ്മൺ കുന്നുകളെ ഇടിച്ച് നിരത്തിയും മണ്ണിട്ട് ഉയർത്തിയും കെട്ടിട നിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണ്.

കളിമണ്ണും പൂഴി കലർന്ന ചെളി മണ്ണും കാണപ്പെടുന്ന കൊളവയൽ അതിഞ്ഞാൽ, മാണിക്കോത്ത്, പാലക്കി, മടിയൻ, കൊട്ടും വയൽ വീണവയൽ കോടാട്ട് ചോരിവയൽ കയ്പ്പാട്ട്, നഞ്ചക്കം, കണ്ണിക്കുളങ്ങര എന്നീ പ്രധാന വയലുകളുടെ വിസ്തൃതി അനുദിനം കുറഞ്ഞുവരികയാണ്. വയലുകൾ നികത്തുന്നതുകൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും രൂക്ഷമായിക്കൊണ്ടിരിക്കുന്നു.

ഒരു നാടിന്റെ ഭൂപ്രകൃതി അവിടുത്തെ കുന്നുകളും താഴ്വരകളും കടലോരവുമൊക്കെ ചേർന്ന് രൂപപ്പെടുത്തുന്നതാണ്. അവിടുത്തെ ഭൂവിനിയോഗ രീതികൾ അവിടെ നിലനിന്നിരുന്ന സംസ്കാരത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. കാടു പോയി തുടക്കത്തിലേ മരിച്ച് പിന്നെ മണൽ വാരി വെള്ളം വറ്റി കരയിടിഞ്ഞ് രൂപം കൊണ്ടു പോലും തിരിച്ചറിയാൻ കഴിയാതാകുന്ന പുഴകളും കുന്നിടിച്ച് മണ്ണ് വീണ് നികന്ന് പിന്നീട് കോൺക്രീറ്റിനടിയിലായ പാടങ്ങളും അങ്ങിങ്ങ് ബാക്കി നിൽക്കുന്ന കുന്നുകളുടെ അസ്ഥിപഞ്ചരവും മനുഷ്യനിർമ്മിതമായ അനാരോഗ്യ ആവാസവ്യവസ്ഥകളും ബാക്കി നിൽക്കുന്ന ചിത്രവും അജാനൂരിൽ നമുക്ക് കാണാം. സമുദ്ര നിരപ്പിൽ നിന്ന് 20 മുതൽ 30 മീറ്റർ വരെ ഉയരത്തിൽ പാടിക്കാനം, നാട്ടം കണ്ട്, വെള്ളന്തട്ട എന്നീ പ്രദേശങ്ങളിൽ വ്യാപിച്ച് കിടക്കുന്ന ചെങ്കൽ പാറകെട്ടുകൾ അജാനൂർ ഗ്രാമ പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 35 ശതമാനം വരും. ചെങ്കൽ ഖനനം മൂലമുള്ള പാറമടകൾ അഥവാ പണകൾ കപ്പണകൾ ഇവിടെ ധാരാളമായി കാണാം.

## ഭരണ ചരിത്രം

ഇന്നത്തെ അജാനൂർ ഗ്രാമപഞ്ചായത്തിന്റെ തുടക്കം ആറു ദശകങ്ങൾക്ക് മുമ്പായിരുന്നു. മദ്രാസ് സംസ്ഥാനത്തിലെ സൗത്ത് കാനറാ ജില്ലയിലെ അജാനൂർ ഗ്രാമത്തിന്റെ ഭരണം നടത്തിയിരുന്നത് സൗത്ത് കാനറാ ഡിസ്ട്രിക്ട് ബോർഡ് ആയിരുന്നു. 1937 മാർച്ച് മാസം 19-ാം തീയ്യതി വെള്ളിയാഴ്ച 11 മണിക്ക് അജാനൂർ പഞ്ചായത്ത് കോർട്ട് കെട്ടിടത്തിൽ

സൗത്ത് കാനറാ ഡി.പി.ഒ. ബാലകൃഷ്ണൻ മുമ്പാകെ പന്ത്രണ്ട് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ തോടെ പഞ്ചായത്ത് ഭരണത്തിന് തുടക്കമായി. ശങ്കർ റാവുവിനെ പ്രസിഡണ്ടായും ബി. മാധവ പ്രഭുവിനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. 24.05.1937ന് വൈസ് പ്രസിഡണ്ട് ബി. മാധവ പ്രഭു നൽകിയ 10 ഉറുപ്പികയിൽ നിന്നാണ് ഇന്ന് ലക്ഷങ്ങളിലെത്തി നിൽക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ തുടക്കം. സ്ഥലത്തെ പ്രമുഖരായിരുന്നു അന്നത്തെ പഞ്ചാ യത്ത് ബോർഡ് അംഗങ്ങൾ. ഡിസ്ട്രിക്ട് ബോർഡിൽ നിന്നു കിട്ടുന്ന ധനസഹായവും സ്ഥലത്തെ പ്രമുഖരിൽ നിന്നുള്ള സംഭാവനയും പ്രസിഡണ്ട് പിരിച്ചെടുക്കുന്ന നികുതികളും ഫീസുകളും ആയിരുന്നു ആദ്യകാലത്തെ വരുമാനമാർക്ഷ ങ്ങൾ. ആദ്യത്തെ ചെലവ് ഒരുറുപ്പികയായിരുന്നു. തപാൽ സ്റ്റാമ്പ് വാങ്ങുന്നതിനാണ് ഈ തുക ഉപയോഗിച്ചത്. 10.04.1938ന് പി. കൃഷ്ൻ നായർ പഞ്ചായത്തു പ്രസിഡണ്ടായി അധികാരമേറ്റു. 1957 വരെ അദ്ദേഹം പഞ്ചായത്തു പ്രസിഡണ്ടായി അധികാരമേറ്റു. 1957 വരെ അദ്ദേഹം പഞ്ചായത്ത് ബോർഡ് പ്രസിഡണ്ടായി തുടർന്നു. കേരള പിറവിക്കു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ 1957ൽ കെ. കുഞ്ഞമ്പു പഞ്ചായത്ത് ബോർഡ് പ്രസിഡണ്ടായി സ്ഥാനമേറ്റു.

## സ്ഥലനാമ ചരിത്രം

ഇന്നത്തെ തുളുച്ചേരിയിൽ മുമ്പ് വളരെ പ്രസിദ്ധമായ കളരിപ്പയറ്റ് കേന്ദ്രം ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്നു. ഒതേനൻ കളരി പഠിക്കാൻ എത്തിച്ചേർന്നത് തുളുച്ചേരിയിലെ കളരിയിലാണ് എന്ന് ആൾക്കാർ ഇപ്പോഴും വിശ്വസിക്കു ന്നു. വെള്ളിക്കുന്നത്ത് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം വെള്ളിക്കോത്തായും പണ്ട് രാവണൻ തപസ്സ് ചെയ്തി രുന്ന സ്ഥലം രാവണീശ്വരമായും മാറിയെന്നാണ് വിശ്വസിക്കുന്നത്. ചിറ്റ് എന്ന വാക്കിന് നെല്ലറ (വയൽ ധാരാളമുള്ള സ്ഥലം) എന്നും അതിര് എന്നും അർത്ഥമുണ്ട്. ചിത്താരി എന്ന സ്ഥലനാമം ഇങ്ങനെയുണ്ടായതാണ് എന്നും പറയാം. ഒരു പ്രദേശത്തിന്റെ അതിരായി ഒഴുകുന്ന പുഴയായതിനാൽ ആ പുഴയ്ക്ക് ചിത്താരിപ്പുഴ എന്ന പേര് കിട്ടിയതാവാം. അല്ലെങ്കിൽ സ്ഥലനാമത്തിൽ നിന്നും പുഴയ്ക്ക് ആ പേരു കിട്ടിയതുമാവാം.

## സാംസ്കാരിക ചരിത്രം

ഈ ഗ്രാമ പഞ്ചായത്തിൽ വിവിധ ജാതി വിഭാഗങ്ങൾ പ്രത്യേകം തറകളായിട്ടാണ് ജീവിച്ചിരുന്നത്. ഓരോ വിഭാഗ ത്തിനും അവരുടേതായ ആചാര മര്യാദകളും ക്ഷേത്രങ്ങളുമൊക്കെ സ്വന്തമായിട്ടുണ്ടായിരുന്നു. ജൈന ബൗദ്ധ മതങ്ങ ളുടെ ബാക്കിപത്രമായ കാവുകളും ജനങ്ങളുടെ സാംസ്ക്കാരികവും ആത്മീയവുമായ ജീവിതത്തെ വളരെയധികം സ്വാധീ നിക്കുന്നുണ്ട്. വീരാരാധനയുടെ ഭാഗമായി വടക്കെ മലബാറിലാകെ പ്രസിദ്ധമായ തെയ്യം ഈ ഗ്രാമത്തിലും അതിന്റെ എല്ലാ വൈശിഷ്ട്യത്തോടുംകൂടി നിലനിൽക്കുന്നുണ്ട്. മിക്കവാറും എല്ലാ ജാതികളുടേയും താനങ്ങളിൽ (ജാതി കൂട്ടങ്ങ ളുടെ കേന്ദ്രം) തെയ്യം കെട്ടിയാടി വരുന്നുണ്ട്. ഈ പ്രദേശങ്ങളിലെ ആരാധനാ കേന്ദ്രങ്ങളിൽ ജാതീയതയുടെ ശ്രേണി വ്യവസ്ഥ കൃത്യമായും പാലിക്കപ്പെട്ടിരുന്നുവെന്നതിന് കീഴ്ജാതികളുടെ താനങ്ങളിൽ കോയ്മ സ്ഥാനത്ത് ഉയർന്ന ജാതി ക്കാരായ നായൻമാരായിരുന്നു എന്നതിന് സാക്ഷ്യം വഹിക്കുന്നു. ഈ ദേവസ്ഥാനങ്ങളിലൊക്കെ ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾ കഴിയുമ്പോൾ നടത്തുന്ന പെരുങ്കളിയാട്ടം വിവിധ സമുദായക്കാരുടെ ഒത്തുചേരലിന് കാരണമാകുന്നു. മുസ്ലി ങ്ങളുടെ ആരാധന കേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വളരെ പ്രാചീനമായ പള്ളികളിൽ ഒന്നായ അതിഞ്ഞാൽ പള്ളി യാണ്.

## ദേശീയ പ്രസ്ഥാന ചരിത്രം

ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശം ആദ്യമായി എത്തിച്ചേർന്ന കേരളത്തിലെ അപൂർവ്വം ഗ്രാമങ്ങളിലൊന്നായി രുന്നു അജാനൂർ. ഇവിടെ നിന്ന് ഗാന്ധിജിയുടെ അഹിംസാ മന്ത്രവും സഹന സമരത്തിന്റെ സന്ദേശവും സാമ്രാജ്യത്വ വിരുദ്ധ മുദ്രാവാക്യങ്ങളും നിരവധി ഗ്രാമങ്ങളിലേക്ക് പ്രചരിച്ചു. മലബാറിലെ പ്രമുഖരായ പല നേതാക്കളുടെയും പ്രവർത്ത നങ്ങളുടെ പാഠശാലയായിരുന്നു വെള്ളിക്കോത്ത്. ദേശീയ പ്രസ്ഥാനത്തിന്റെ ആശയം ബഹുജനങ്ങളിലെത്തിക്കുവാൻ ഏറ്റവും കൂടുതൽ സംഭാവന ചെയ്തത് വെള്ളിക്കോത്ത് ദേശീയ പ്രസ്ഥാനത്തിന്റെ ആശയം ബഹുജനങ്ങളിലെത്തിക്കു വാൻ ഏറ്റവും കൂടുതൽ സംഭാവന ചെയ്തത് വെള്ളിക്കോത്ത് വിജ്ഞാനദായിനി സ്കൂളായിരുന്നു. ഈ സ്ഥാപനത്തിന്റെ പിന്നിലെ പ്രേരക ശക്തി വിദ്വാൻ പി. കേളു നായരായിരുന്നു. ദേശ ഭക്തിയും ശ്രീകൃഷ്ണലീല, ലംങ്കാദഹനം നാടക ങ്ങൾ കേളു നായർ എഴുതി സംവിധാനം ചെയ്തു രംഗത്തവതരിപ്പിച്ചു. വിജ്ഞാനദായിനി വിദ്യാർത്ഥികളെ ഉപയോ ഗിച്ചു കൊണ്ടായിരുന്നു അദ്ദേഹം നാടകാവതരണം നടത്തിയിരുന്നത്. ലങ്കാദഹനം, പാക്കനാർ ചരിതം തുടങ്ങിയ നാടക ങ്ങൾ ഇത്തരം നാടകങ്ങളിൽ വളരെ പ്രസിദ്ധമായവയാണ്. 1928ൽ കെ.പി.സി.സി. യുടെ ആഭിമുഖ്യത്തിൽ നടന്ന പയ്യ ന്നൂർ കോൺഗ്രസ്സ് സമ്മേളനം കോൺഗ്രസ്സിന്റെ തന്നെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. കോൺഗ്രസ്സിന്റെ

ആത്യന്തിക ലക്ഷ്യം പുർണ്ണസ്വരാജാണെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഈ സമ്മേളനത്തിൽ വെച്ചായിരുന്നു. പയ്യന്നൂരിൽ വച്ചു നടന്ന ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കുവാൻ പോയവരിൽ കെ. മാധവനോടൊപ്പം അജാനൂരിലെ കോൺഗ്രസ്സ് പ്രവർത്തകരുമുണ്ടായിരുന്നു. 1932 ഫെബ്രുവരി 6ന് കോട്ടച്ചേരിയിൽ വെച്ച് കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന വിദേശ വസ്ത്ര ബഹിഷ്ക്കരണ പരിപാടിയിൽ വി.പി. കൃഷ്ണൻ നായർ, ചാത്തുക്കുട്ടി നായർ, തെക്കുമ്പാട് മാലിങ്കൻ മണിയാണി തുടങ്ങിയവർ വളണ്ടിയർമാരായിരുന്നു.

## വിദ്യാഭ്യാസം ചരിത്രം

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വിദ്വാൻ പി. കേളുനായരുടെയും എ.സി. കണ്ണൻ നായരുടെയും നേതൃത്വത്തിൽ 1926 മെയ് 22ന് അജാനൂർ പഞ്ചായത്തിലെ വെള്ളിക്കോത്ത് ആരംഭിച്ച ദേശീയ വിദ്യാലയമായ വിജ്ഞാന ദായിനി സംസ്കൃത പാഠശാലയാണ് ഈ ഗ്രാമപഞ്ചായത്തിലെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം. സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷ്, കർണ്ണാടക എന്നീ ഭാഷകളും കൈത്തൊഴിലും പഠിപ്പിച്ചിരുന്ന പ്രസ്തുതസ്ഥാപനം അന്നത്തെ ഒരു ഗ്രമീണ സർവ്വകലാശാല തന്നെയായിരുന്നു. ജനങ്ങളിൽ ദേശീയ ബോധം വളർത്താനും ഗ്രാമ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ അന്ത:സത്ത പ്രായോഗികമാക്കുന്നതിനും വേണ്ടി പ്രചാരണം നടത്തുക എന്നത് വിജ്ഞാനദായിനി ദേശീയ സ്കൂൾ പ്രധാന ദൗത്യമായി ഏറ്റെടുത്തിരുന്നു. ഇതിനുള്ള മാധ്യമമായി നടനും നാടകകൃത്തും കവിയും ഗായകനും അധ്യാപകനുമായ കേളു നായർ ദേശീയ സ്കൂൾ നാടകവേദിയും ആരംഭിച്ചു. അയിത്തത്തിനും അനാചാരങ്ങൾക്കും എതിരെ പ്രതികരിക്കുന്ന പാക്കനാർചരിതം, കൈതൊഴിലിന്റെ മഹത്വം വിളിച്ചോതുന്ന കബീർദാസ് ചരിതം തുടങ്ങി അവയിൽ ചിലത് മാത്രമാണ്. ഒരുകാലത്ത് ഹോസ്ദുർഗ്ഗ് താലൂക്കിലെ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക സൗകര്യമായി വളരെകാലം പ്രവർത്തിച്ച ഈ വിദ്യാലയം ഇന്ന് മഹാകവി പി. സ്മാരക ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയമായി ഉയർന്ന് വന്നിരിക്കയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ശാന്തിതേടി വിവിധ ജാതിമതസ്ഥർ എത്തുന്ന ആനന്ദാശ്രമത്തിന്റെ സ്ഥാപകനും പ്രശസ്ത പണ്ഡിതനും എഴുത്തുകാരുമായിരുന്ന സ്വാമി രാംദാസ് 1946ൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ ഹരിജനങ്ങൾക്ക് വേണ്ടി ആരംഭിച്ച ശ്രീകൃഷ്ണ വിദ്യാലയം ഇന്ന് ആ മഹത് വ്യക്തിയുടെ സ്മാരകമായി നിലകൊള്ളുന്നു. പാരമ്പര്യ രീതിയിൽ ചികിത്സ നടത്തിയിരുന്ന നാടൻ വൈദ്യൻമാർ പഴയകാലങ്ങളിൽ പഞ്ചായത്തിന്റെ പല ഭാഗത്തും ഉണ്ടായിരുന്നു. വിഷ ചികിത്സ നടത്തിയിരുന്നവരും ഉണ്ടായിട്ടുണ്ട്. അലോപ്പതി ചികിത്സക്ക് വേണ്ടി പുതിയ കോട്ടയിലെ ധർമ്മാശുപത്രിയെയാണ് ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത്. നാഷണൽ ഹൈവേ (എൻ.എച്ച്. 17) പഞ്ചായത്തിന്റെ കിഴക്ക് ഭാഗമായ മാവുങ്കാലിൽ കൂടി 2.5 കി.മീ. നീളത്തിൽ കടന്നുപോകുന്നു. അതുപോലെ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗമായ അതിഞ്ഞാൽ, മാണിക്കോത്ത്, മഡിയൻ, ചാമുണ്ഡിക്കുന്ന് പ്രദേശങ്ങളിൽ കൂടി കോട്ടച്ചേരി-കാസർഗോഡ് തീരദേശ പി.ഡബ്ല്യു.ഡി. റോഡ് 9.5 കി.മീ. നീളത്തിൽ കടന്നുപോകുന്നു. അതുകൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് ദീർഘദൂര യാത്രാ സൗകര്യവും ലഭിക്കുന്നു.

## വിവിധ മേഖലകളിൽ നിലനിൽക്കുന്ന അവസ്ഥയും പ്രശ്നങ്ങളും വെല്ലുവിളികളും

അജാനൂർ ഗ്രാമ പഞ്ചായത്തിലെയും, നമ്മുടെ ജില്ലയിലെയും പൊതുസ്ഥിതി അനുസരിച്ച് കുടിവെള്ള പ്രശ്നം സങ്കീർണ്ണമാണ്. കഴിഞ്ഞ പദ്ധതി കാലയളവിൽ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞുവെങ്കിലും പൂർണ്ണമായും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഇനിയും സാധിച്ചിട്ടില്ല. നിലവിൽ ജലജീവൻ മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളമെത്തിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒന്നാംഘട്ടം എന്ന നിലയിൽ 1800 പുതിയ കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ രണ്ടാം വാർഡ് കുന്നുപാറയിൽ ടാങ്കിന് സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ട്. ടാങ്ക് നിർമ്മാണം പൂർത്തിയാവുന്നതോടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. വീടുകളിലേക്കുള്ള കണക്ഷൻ കൊടുക്കുന്നതിന് പൈപ്പ് ഇടുന്ന പ്രവർത്തി പുരോഗമിക്കുകയാണ്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കഴിഞ്ഞപദ്ധതി കാലയളവിൽ ഉൾപ്പെടുത്തി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചും അതിന് പുറമെ എം.പി., എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പുതുതായി റോഡുകളിൽ ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനിയും പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്.തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയ്ക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണി പഞ്ചായത്തിന് ബാധ്യതയാവുന്ന സ്ഥിതിയും ഉണ്ടാവുകയാണ്.

സർക്കാർ വിദ്യാലയങ്ങൾക്കെല്ലാം ആവശ്യമായ കെട്ടിട സൗകര്യം ഉണ്ടാക്കുവാൻ സാധിച്ചു. നാല് വിദ്യാലയങ്ങളെ സ്റ്റാർ പ്രീ-പ്രൈമറി സ്കൂളായി ഉയർത്താൻ സാധിച്ചു. അക്കാദമിക് രംഗത്ത് മികച്ച നിലവാരത്തിലെത്താൻ ആവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

അജാനൂർ ഗ്രാമ പഞ്ചായത്തിൽ നിലവിൽ 340 മത്സ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളത്. ഇവരിൽ അധികം പേർക്കും മത്സ്യഗ്രാമം പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടുണ്ടെങ്കിലും അവിടെ ശുദ്ധജല ലഭ്യമാക്കുന്നതോടൊപ്പം ജീവിത

നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.തീരദേശ മേഖലയിലെ തീരദേശ സംരക്ഷണ നിയമം നടപ്പിലാക്കേണ്ടിവരുമ്പോൾ നിലവിലെ മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ മുന്നിൽ കാണേണ്ടതുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നൽകുന്ന പ്രവർത്തനം നടന്നുവരികയാണ്.

മത്സ്യവിപണനം മെച്ചപ്പെടുത്തുന്നതിലേക്കായി പഞ്ചായത്ത് തലത്തിൽ കൂൾസ് സ്റ്റോറേജ് സംവിധാനത്തോടു കൂടിയ മത്സ്യമാർക്കറ്റ് നിർമ്മിക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളികളുടെ വരുമാനം ഉയർത്താനും അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും സഹായകമാകും.

അജാനൂർ ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് മുൻകൈയെടുത്ത് നടത്തിവരികയാണ്. അജാനൂർ കടപ്പുറത്തെ ചിത്താരി കടപ്പുറവുമായി ബന്ധിപ്പിക്കുന്ന രീതിയിലാണ് തീരദേശ ഹൈവെ കടന്നുപോകുന്നത്. ഇത് യാഥാർത്ഥ്യമാക്കുന്നതോടെ വലിയ മാറ്റമാണ് ഈ മേഖലയിൽഉണ്ടാകാൻ പോകുന്നത്.

മത്സ്യത്തൊഴിലിൽ ഏർപ്പെടുവരുടെ പുരുഷ സ്വയം സഹായ സംഘമുണ്ടാക്കി അവരുടെ ഒഴിവു സമയങ്ങൾ ഉപയോഗിക്കാവുന്ന ഒരു സംരംഭത്തിന് തുടക്കം കുറിക്കാവുന്നതും അതു വഴി മത്സ്യത്തൊഴിലാളി കൾക്ക് അധിക വരുമാനം ഉണ്ടാക്കാവുതുമാണ്.

കാർഷിക മേഖലയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. കാർഷിക വൃത്തിയിൽ പ്രാവീണ്യമുള്ള തൊഴിലാളികളുടെ ലഭ്യത കുറവാണ് നെൽകൃഷിയിലാണെങ്കിൽ നടീൽ, കൊയ്ത്ത് എന്നീ ഘട്ടങ്ങളിലാണ് കർഷക തൊഴിലാളികളുടെ അഭാവമാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. അതോടൊപ്പം തന്നെ നിലം ഉഴുവാനായി വിവിധ പാടശേഖരങ്ങൾക്ക് പവർടില്ലർ നൽകിയിട്ടുണ്ടെങ്കിലും പാടശേഖരങ്ങളുടെ എല്ലാ ഭാഗങ്ങളിലും അവ എത്തിക്കാൻ സാധിക്കുന്നുമില്ല. മാത്രമല്ല പവർടില്ലർ എല്ലാ പാടശേഖരങ്ങളിലും ഉപയോഗിക്കാൻ പാടശേഖരത്തിന്റെ ഭൂപ്രകൃതി അനുയോജ്യമല്ല. ഭൂപ്രകൃതിക്ക് അനുയോജ്യമായ യന്ത്ര സാമഗ്രികൾ വാങ്ങാൻ സാധിക്കണം. തെങ്ങ് കൃഷിയിൽ തെങ്ങ് കയറ്റ തൊഴിലാളികളുടെ അഭാവവും ഗുരുതര പ്രശ്നമായി നിലനിൽക്കുന്നു. മറ്റ് കൃഷികളിലും തൊഴിലാളികളുടെ അഭാവം നിമിത്തം കർഷകർ കൃഷിയിൽ നിന്ന് പിന്നോട്ട് പോകാനുള്ള തീരുമാനമെടുക്കാൻ നിർബന്ധിതരാകുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാതരം കാർഷിക ജോലികളും ചെയ്യാനുള്ള നടപടി ഉണ്ടായാൽ മാത്രമേ ശാശ്വതമായി ഇതിനൊരു പരിഹാരം കാണാൻ പറ്റൂ.

ഉല്പാദനോപാധികളുടെ വൻ വിലവർദ്ധനവാണ് കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നം. കഴിഞ്ഞ രണ്ട് വർഷത്തിനിടെ ചിലയിനം ജൈവ വളങ്ങൾക്കും 150% വരെ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജൈവ വളങ്ങൾ ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ കർഷകർ സ്വയംപര്യാപ്തരാവുകയും മറ്റുള്ളവയ്ക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുകയും ചെയ്താൽ മാത്രമേ ഇതിനൊരു പരിഹാരമാവുകയുള്ളൂ. അതോടൊപ്പം ഉല്പാദന വർദ്ധനവിനായി ശാസ്ത്രീയമായ വളപ്രയോഗം, കൃത്യമായ ജലസേചനം, ജൈവകീടനാശിനികളുടെ വിതരണം എന്നിവ കൂടി നടപ്പിലാക്കുകയാണെങ്കിൽ കർഷകർക്ക് അത് വലിയൊരു ആശ്വാസമാകും.

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. 2025 നവംബർ 1ന് കേരള സംസ്ഥാനം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. ബി.പി.എൽ. ലിസ്റ്റിൽ 3659 കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. അതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും സ്ഥിതി പരിതാപകരമായിരുങ്കിലും ഇപ്പോൾ അവരുടെ ജീവിത നിലവാരത്തിലും ജീവിത രീതിയിലും വളരെ മാറ്റങ്ങൾ വന്നിട്ടുണ്ട്.യുവാക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനും അവരെ തൊഴിൽ നേടുന്നതിന് സക്ഷമരാക്കുന്നതിനും പദ്ധതി ആരംഭിക്കേണ്ടതുണ്ട്.

## വാർഷിക പദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നാം മുന്നോട്ടുവെച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായി ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി വിഹിതം ജനറൽ, എസ്.സി.പി., ടി.എസ്.പി. എന്നിവ 100% കൈവരിക്കാൻ സാധിച്ചിരുന്നു. 2025-26 വർഷത്തിൽ പരമാവധി പദ്ധതി ചിലവ് പ്രതീക്ഷിക്കുന്നു. ശക്തമായ മോണിറ്ററിംഗ് നടത്തിവരുന്നു. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി മുന്നോട്ടുവെച്ച സമ്പൂർണ്ണ മാലിന്യ സംസ്കരണ പദ്ധതി 'ക്ലീന് ഊര് അജാനൂര്' നല്ലനിലയിൽ നടപ്പാക്കിവരുന്നു. സമ്പൂർണ്ണ മാലിന്യസംസ്കരണം എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ 100% വീടുകളിലേക്കും, സ്ഥാപനങ്ങളിലേക്കും എല്ലാമാസവും ഹരിതകർമ്മസേന എത്തിച്ചേരുന്നു. അതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു. എല്ലാ വാർഡുകളിലും മാലിന്യ ശേഖരണത്തിനായി മിനി എം.സി.എഫ്. പദ്ധതി നടപ്പിലാക്കി വരുന്നു. മാലിന്യ സംസ്കരണ പ്ലാന്റ് നവീകരണം പൂർത്തിയായിട്ടുണ്ട്. യന്ത്രവൽക്കരണം കൂടി പൂർത്തിയായാൽ 100% കൈവരിക്കാൻ സാധ്യമാകും. ഉൽപ്പാദന മേഖലയിൽ പദ്ധതിവിഹിതം പൂർണ്ണമായും ചിലവഴിക്കുന്നുണ്ടെങ്കിലും പൂർണ്ണമായ ലക്ഷ്യത്തിലേക്കെത്താൻ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ഭക്ഷ്യധാന്യങ്ങൾ

പരമാവധി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ തരിശ്രഹിത പഞ്ചായത്ത് എന്ന പദ്ധതി മുന്നോട്ട് വെച്ചെ ങ്കിലും പർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. പച്ചക്കറി സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം കൈവരിക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി പച്ചക്കറി ഉൽപ്പാദനത്തിൽ കുതിപ്പുണ്ടാക്കാൻ സാധിച്ചു. മുട്ടഗ്രാമം പദ്ധതിയുടെ ഭാഗമായി മുട്ടക്കോഴി വിതരണം, ക്ഷീര ഗ്രാമം പദ്ധതിയുടെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പിലാക്കി. പാൽഉൽപ്പാദനത്തിൽ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചു. വയോജന സൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം വെച്ച്കൊണ്ട് പദ്ധതികൾക്ക് തുടക്കംകുറിക്കാൻ സാധിച്ചു. ശിശുസൗഹൃദ പഞ്ചായത്താക്കിമാറ്റാൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പൂർണ്ണതയിൽ എത്താൻ സമഗ്ര വികസനപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പശ്ചാത്തല മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യഗ്രാമം എന്ന ലക്ഷ്യം മുൻനിർത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെ ങ്കിലും ക്രോഡീകരിച്ച് മുന്നോട്ട് പോകുന്നതിന്റെ ആവശ്യകത മനസിലാക്കി സമഗ്ര ആരോഗ്യപദ്ധതി 2025-26 വർഷ ത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സമ്പൂർണ്ണ ഡിജിറ്റലൈസേഷന്റെ ഭാഗമായിട്ടുള്ള ദൃഷ്ടി നടപ്പിലാക്കി യിട്ടുണ്ട്. അതോടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്ന പഞ്ചായത്തായി നമ്മുടെ പഞ്ചായത്ത് മാറി.

# പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

## 1. പൊതുഭരണവും ധനകാര്യവും

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുക എന്ന ഉത്തരവാദിത്വം നിർവ്വഹിക്കാൻ ആവശ്യമായ നടപടികൾ അജാനൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു. അതിന്റെ ഭാഗമായി മുൻവർഷങ്ങ ളിൽ വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. പഞ്ചായത്തിലെ അടിസ്ഥാന സൗകര്യ വികസനം 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുകയും ചെയ്തു. സർക്കാർ 2022 ഏപ്രിൽ ഒന്ന് മുതൽ ഐ.എൽ.ജി.എം.എസ്.ലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാറ്റിയപ്പോൾ കുറ്റമറ്റ രീതിയിൽ അത് നടപ്പിലാക്കാൻ മുൻ വർഷങ്ങളിലെ പദ്ധതികൾ വളരെ സഹായകരമായി ജനങ്ങളുടെ തിരക്ക് ഒഴിവാക്കാൻ ഹെൽപ്പ് ഡെസ്ക് സംവിധാനം, കുടുംബശ്രീ മുഖാന്തിരം ഏർപ്പാടാക്കുകയും ചെയ്തു. എന്നിരുന്നാലും സമയബന്ധിതമായി സേവനങ്ങൾ നൽകുന്നു എന്ന് ഉറപ്പുവരുത്താൻ മോണിറ്ററിംഗ് ശക്തമാക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ പ്രവർത്തനങ്ങൾ പുതിയ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2025-26 വാർഷിക പദ്ധതി യിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കൂടാതെ പൊതു വിഷയങ്ങളിൽ ജനങ്ങളുടെ അവബോധം വളർത്താൻ ആവശ്യമായ പ്രചരണ പരിപാടികൾ ഏറ്റെടുക്കേണ്ടതുണ്ട്. സേവനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താനും നമുക്ക് സാധിക്കേണ്ടതുണ്ട്. അതിന് നാം നടപ്പിലാക്കിവരുന്ന പദ്ധതികൾ കാര്യക്ഷമമാക്കാൻ ആവശ്യമായ പദ്ധതി 2026-27 പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ആസ്തി സംരക്ഷണവും, ആസ്തി വർദ്ധനവും ധനകാര്യത്തിന്റെ മുഖ്യ ചുമതല എന്ന നിലയിൽകണ്ട് 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ദീർഘവീക്ഷണതോടെ പദ്ധതികൾ നടപ്പിലാക്കി. 'ദൃഷ്ടി' എന്ന പദ്ധതിയിലൂടെ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും അളന്നു തിട്ടപ്പെടുത്തി വരുമാന വർദ്ധനവും കൃത്യതയും ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ പൂർത്തീകരിച്ചു. ബഹുവർഷ പദ്ധതിയായി നടപ്പിലാക്കുന്ന ദൃഷ്ടി പൂർത്തിയായതോടെ പഞ്ചായത്ത് സമ്പൂർണ്ണ ഡിജിറ്റൽ പഞ്ചായത്തായി മാറി. പഞ്ചായ ത്തിന്റെ തനത് ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികളും ടൂറിസം മേഘലയിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

അജാനൂർ പഞ്ചായത്തിന്റെ ചരിത്രത്തിൽ ആദ്യമായി 2024-25 വർഷത്തെ നികുതിപിരിവ് 100% കൈവ രിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്. ആയത് വരും വർഷങ്ങളിലും തുടരുന്നതിന് എല്ലാ നികുതിദായ കരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തിൽ സർക്കാർ നിർദ്ദേശമനുസരിച്ച് സേവനാവകാശ നിയമത്തിന് വിധേയമായി മെച്ചപ്പെട്ട ഇടപെടൽ നടത്തിവരുന്നു. ഭരണസമിതിയുടെ കൂട്ടായ ഇടപെടൽ ഈ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവുന്നു.

### കെസ്മാർട്ട്

കെസ്മാർട്ട് നിലവിൽ വന്നതോടെ സർക്കാർ സേവനം വിരൽതുമ്പിൽ എന്ന ലക്ഷ്യം പ്രാവർത്തികമാ ക്കുന്നതിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിർണ്ണായക ചുവടുകീടി മുന്നോട്ടുവെച്ചുകഴിഞ്ഞു. പൊതു

ജനങ്ങൾക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് വരാതെതന്നെ സേവനങ്ങൾ ഇന്ന് കെസമാർട്ട് മുഖേന ലഭ്യമാകുന്നു. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത കെസ്മാർട്ട് സംവിധാനം 2025 ഏപ്രിൽ 1 മുതൽ പഞ്ചായത്തുകളിൽ നിലവിൽ വന്നു.

## 2. കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും, വിപണനവും ഉൾപ്പെടെ), തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജലസംരക്ഷണം മുതലായവ

അജാനൂർ പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതി 2783 ഹെക്ടർ ആണ്. ഇതിൽ 2480 ഹെക്ടർ സ്ഥലം കൃഷിക് അനുയോജ്യമായതും 40 ഹെക്ടർ കൃഷിക്ക് അനുയോജ്യമാല്ലാത്ത ഭൂമിയാണ്. എന്നാൽ കൃഷിക്ക് അനുയോജ്യമായ 2480 ഹെക്ടറിൽ 2405 സ്ഥലത്താണ് കൃഷിയുള്ളത്. 50ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നു .40 ഹെക്ടർ സ്ഥലം വനഭൂമിയാണ്. 12 ഹെക്ടർ സ്ഥലം മേച്ചിൽപ്പുറങ്ങൾ. കാർഷികേതര ആവശ്യങ്ങൾക്ക് ഉയോഗിക്കുന്നത് 75 ഹെക്ടർ ഭൂമിയാണ് .പഞ്ചായത്തിലെ പ്രധാന വിളകൾ നെല്ല്, തെങ്ങ്, വാഴ ,പച്ചക്കറി, പഴവർഗ്ഗങ്ങൾ, കുരുമുളക്, കശുമാവ്, എന്നിവയാണ്. നാമമാത്രമായി റബ്ബർ, വെറ്റില തുടങ്ങിയ കൃഷികളും ചെയ്തുവരുന്നു. എന്നാൽ കാലങ്ങളായി ഇവിടെ ചെയ്തുവരുന്ന പുകയില കൃഷി ഇന്ന് നാമാവശേഷമായി. ആ സ്ഥലങ്ങൾ ഇന്ന് പച്ചക്കറി കൃഷിക്ക് വഴിമാറി എന്നത് കാർഷികമേഖലയിൽ ഭക്ഷ്യവിളകൾക്കുള്ള പ്രാധാന്യം വിളിച്ചോതുന്നതാണ്. മറ്റെല്ലാ വിളകളും നമ്മുടെ പഞ്ചായത്തിൽ പുരോഗതിയിലേക്ക് പോകുമ്പോഴും നെൽകൃഷി മേഖലയിൽ വന്നിട്ടുള്ള തകർച്ച പ്രത്യേകം ചർച്ച ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ആദ്യമായി നെൽകൃഷി തന്നെ എടുക്കാം 13 പടശേഖരങ്ങളിലായി 135ഹെക്ടർ നമ്മളിന്നു കൃഷിച്ചയ്തുവരുന്നു .നേരത്തേയിതു 220 ഹെക്ടറായിരുന്നു നെൽ കൃഷി മേഖലയിൽ നിന്നു കർഷകർ പിന്നോക്കം പോവുകയാണ്. പല വയലുകളിലും ഒരു വിള മാത്രമാണ് കൃഷിചെയുന്നത്. ഇത് ഓരോ പടശേഖരങ്ങളെയും നമുക്ക് വിശകലനം ചെയ്യാം.

1. **അടോട്ട് പാടശേഖരം :** നിലവിൽ 6 ഹെക്ടർ സ്ഥലത്ത് മാത്രമാണ് കൃഷി ചെയ്യുന്നത്. ആദ്യകാലങ്ങളിൽ 3 വിള ചെയ്തിരുന്ന പാടത്ത് നിലവിൽ ഒരു വിള മാത്രമാണ് കൃഷി ചെയ്യുന്നത്. ഇവിടെ ജലസേചനം ഒരു പ്രശ്നമാണ്. കണ്ണിക്കുളങ്ങര തടയണ നിർമ്മിക്കുകയാണെങ്കിൽ കൃഷി വർദ്ധിപ്പിക്കാൻ സാധിക്കും. കൂടാതെ തൊഴിലാളി ക്ഷാമം രൂക്ഷമാണ്.
2. **കൊട്ടിലങ്ങാട് പാടശേഖരം :** നിലവിൽ ഇവിടെയും ഒരു വിള മാത്രമാണ് കൃഷി ചെയ്യുന്നത്. 8 ഹെക്ടർ സ്ഥലത്താണ് ഇവിടെ കൃഷിയുള്ളത്. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് ഇവിടെ പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനായി കൊട്ടിലങ്ങാട് പാലത്തിന് തടയണ നിർമ്മിക്കേത് അത്യാവശ്യമാണ് തൊഴിലാളി ക്ഷാമം ഇവിടെയും പ്രധാന പ്രശ്നമാണ് .
3. **തുളുച്ചേരി പാടശേഖരം :** 30 ഹെക്ടർ സ്ഥലത്ത് ഒന്നാം വിള നെൽകൃഷി ചെയ്യുന്നുണ്ടെങ്കിലും വിള 2 ഹെക്ടർ മാത്രമാണ് ചെയ്യുന്നത്. ജലസേചന സൌകര്യമില്ലാത്തത് ഇവിടുത്തെ നെൽകൃഷിക്ക് പ്രധാന പ്രശ്നമാണ്. അണക്കെട്ടിനു പലകയിടണം, തോട് കാട് വെട്ടി വൃത്തിയാക്കണം. തോടിന്റെയരിക് കെട്ടി സംരക്ഷിക്കണം. പഴയ ഇനം നെൽവിത്തുകൾ കർഷകരുടെ കയ്യിൽനിന്നും നഷ്ടപ്പെട്ടുപോയത് ഒരു പ്രതിസന്ധിയാണെന്ന് ഇവിടുത്തെ കർഷകർ ചൂണ്ടിക്കാട്ടുകയുണ്ടായി.
4. **കല്ലുവരമ്പത്ത് പാടശേഖരം :** ഇവിടെ 10 ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ട് ആദ്യകാലങ്ങളിൽ 3 വിളയെടുത്തിരുന്ന പാടത്ത് ഇന്ന് രണ്ട് വിള മാത്രമാണ്. ആഴം കൂട്ടുക എന്നതാണ് കർഷകരുടെ ഒരു ആവശ്യം ഇവിടെ കൈപാട് കൃഷിയുമുണ്ട്. താഴിലാളിക്ഷാമം രൂക്ഷമായനുഭാവപ്പെടുന്നു. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ നെൽകൃഷിയിൽ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ് എന്ന് പരക്കെ നിർദേകശങ്ങൾ വരുന്നുണ്ട്.
5. **വെള്ളൂർവയൽ പാടശേഖരം :** ആദ്യ കാലങ്ങളിൽ 8 ഹെക്ടർ സ്ഥലത്ത് കൃഷിഎടുത്തിരുന്നു എന്നാലിന്ന് 5 ഹെട്കർ സ്ഥലത്ത് മാത്രമാണ് കൃഷിയെടുക്കുന്നത്. ജലസേചന സൗകര്യമില്ലാത്തത് കൃഷിയെ പ്രതികൂലമായി ബാധിച്ചു. നിലവിലുള്ള കുളത്തിൽ പമ്പ് സെറ്റിൽ സ്ഥാപിക്കുകയാണെങ്കിൽ ജലക്ഷാമം വളരെയധികം പരിഹരിക്കാൻ സാധിക്കുന്നതാണ്.
6. **തണ്ണോട്ട് പാടശേഖരം :** 20 ഹെക്ടർ കൃഷിയുണ്ടായിരുന്ന സ്ഥലത്ത് 15 ഹെക്ടറായി കുറഞ്ഞു. രണ്ടാം വിള 2 ഹെക്ടർ മാത്രമാണ് ചെയ്യുന്നത്. ഇവിടെയും ജലസേചന സൗകര്യം ഒരുപ്രധാന പ്രശ്നമാണ്. തണ്ണോട്ട് തിടിൽ ഭാഗത്ത് പുതിയ തടയണ സ്ഥാപിക്കണം. കണിയാം കുളത്ത് തോടിനു തടയണ ഉണ്ടെങ്കിലും ഇതിന് പലകയില്ല പുതിയ പലക ലഭ്യമാക്കണം. ഇവിടെയും തൊഴിലാളി ക്ഷാമം രൂക്ഷമാണ്. കൊയ്ത്ത് നടീൽ യന്ത്രങ്ങൾ അത്യാവശ്യമാണ്. തോട് കാട് കയറി നശിക്കുന്നത് വെട്ടിവൃത്തിയക്കണം. കണിയാം വളപ്പ് നടപ്പാത നിർമ്മിച്ചതുകൊണ്ട് വെള്ളം കെട്ടിന്നിന്നതുകാരണം 4 ഹെക്ടറോളം സ്ഥലത്ത് കൃഷിയെടുക്കാൻ പറ്റുന്നില്ല.

7. **പള്ളോട്ട് പാടശേഖരം :** വിരിപ്പ് കൃഷി 10 ഹെക്ടർ ചെയ്യുന്നു .എന്നാൽ 3 വർഷമായി രണ്ടാം വിള എടുക്കുന്നില്ല. ആകെ 12ഹെക്ടർ കൃഷിയുള്ളതാണ്. രൂക്ഷമായ തൊഴിലാളി ക്ഷാമം ഇവിടെയും പ്രധാന പ്രശ്നമാണ്.

8. **കൊട്ടിലങ്ങാട് പാടശേഖരം :** ഉപ്പുവെള്ളം കാരണം രണ്ടാംവിള ചെയ്യാൻ സാധിക്കുന്നില്ല .അള്ളങ്ങോട് കൊട്ടിലങ്ങാട് ചിത്താരിപ്പുഴയ്ക്ക് അണകെട്ടണം തൊഴിലാളിക്ഷാമം പ്രധാന പ്രശ്നമാണ് .

9. **കൊളവയൽ :** പാടത്ത് കുളവാഴ നിറഞ്ഞതിനാൽ ഇട്ടമ്മൽ ഭാഗത്ത് കൃഷിയെടുക്കാൻ സാധിക്കുന്നില്ല. കുളവാഴ നീക്കം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഒന്നാം വിള 17 ഏക്കറും രണ്ടാംവിള 5 ഏക്കറും കൃഷി ചെയ്യുന്നു. കൂടാതെ 10 ഏക്കർ കൈപ്പാട് കൃഷിയുമുണ്ട്. കൊളവയൽ നടപ്പാത പൊളിച്ചുമാറ്റി പുതിയത് പണിയണം. ഇത് വെള്ളം ഒഴുക്കി പോകുന്നതിന് തടസ്സമാണ്. കല്ലിങ്കൽ പുതിയ തടയണ നിർമ്മിക്കണം. കൊളവയൽ പാടശേഖരത്തിന്റെ മധ്യഭാഗത്തുകൂടി ജലനിർഗ്ഗമനത്തിനായി തോട് നിർമ്മിക്കുകയാണങ്കിൽ നിലവിൽ വെള്ളക്കെട്ട്മൂലം കൃഷിചെയ്യാതെ കിടക്കുന്ന ഏകദേശം 10 ഹെക്ടറിൽ അധികം വരുന്ന സ്ഥലം കൃഷിയോഗ്യമാക്കുവാൻ കഴിയും. ഇതിനായി കാസറഗോഡ് വികസന പാക്കേജിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അജാനൂർ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കർഷകർക്ക് ന്യായവിലനൽകി ശേഖരിച്ച് അജാനൂർ റൈസ് എന്ന പേരിൽ പുതിയ ബ്രാൻഡ് കുത്തരി നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടന്നുവരുന്നു. ഇത് കൊളവയൽ പാടശേഖരത്തിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്.

10. **കാട്ടുകുളങ്ങര :** നിലവിൽ 30 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നു. ജല സേചന സൗകര്യം പ്രശ്നമാണ് മൂർഖൻകുണ്ട് ഭാഗത്ത് തടയണ നിരമ്മിച്ചാൽ ജല സേവന പ്രശ്നം പരിഹരിക്കാവുന്നതാണ്.

11. **മൂലക്കണ്ടം പാടശേഖരം:**

    തൊഴിലാളി ക്ഷാമം മൂലം കൃഷി അസാധ്യമാകുന്നു. യന്ത്രവൽക്കരണം ആവശ്യമാണ്. ട്രാക്ടർ റോഡ് നിർമ്മിക്കേണ്ടതുണ്ട്.

**വാഴയും പച്ചക്കറിയും :**

നമ്മുടെ പഞ്ചായത്തിൽ ഇന്ന് കർഷകർക്ക് ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. ഈ മേഖലയിൽ നല്ല ഉത്പാദന വര്ധയനവ് ഉണ്ടായിട്ടുണ്ട്. 80 ഹെക്ടറോളം സ്ഥലത്ത് വാഴ കൃഷിയും ഏതാണ്ട് അത്ര തന്നെ സ്ഥലത്ത് പച്ചക്കറിയും നിലവിലുണ്ട്. ഈ മേഖലയിൽ കർഷകർക്ക് കൂടുതൽ സഹായവും പ്രോത്സാഹനവും ആവശ്യമാണ്.

**കവുങ്ങ് കൃഷി :**

കവുങ്ങ് കൃഷി നമ്മുടെ പഞ്ചായത്തിൽ ഗണ്യമായി വർധിച്ചിട്ടുണ്ട്. ഒരുകാലത്ത് നാമമാത്രമായിരുന്ന കൃഷി ഇന്ന് പല കർഷ്യകരുടെയും പ്രധാന വരുമാന മാർഗമാണ്. മഹാളി രോഗമാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇതിനു മരുന്ന് തെളിക്കാനുള്ള സംവിധാനമൊരുക്കേണ്ടത് ആവശ്യമാണ്.

**കുരുമുളക് കൃഷി :**

കുരുമുളക് കൃഷിയിലും നല്ല വർധനവ് ഉണ്ടായിട്ടുണ്ട്. കവുങ്ങിൻ തോട്ടത്തിലും തെങ്ങിൻ തോട്ടത്തിലും പ്രധാന ഇടവിളയായി കുരുമുളക് കൃഷി ചെയ്യുന്നു. അപൂർവ്വം ചില കർഷകർ തനി വിളയായി ചെയ്തു വരുന്നുണ്ട്. കുരുമുളക് തോട്ടത്തിൽ മഞ്ഞളിപ്പ് രോഗം ഈയിടെയായി വ്യാപിക്കുന്നത് കാണുന്നുണ്ട്. വിലയിലുണ്ടാകുന്ന ഏറ്റകുറച്ചിലുകൾ കർഷകർക്ക് പ്രധാന വെല്ലുവിളികളാണ്.

അതുപോലെ തന്നെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, ചേന, മറ്റ് കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷിയിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷിയിലും ക്രമമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. റബ്ബർ കൃഷിയും ഇപ്പോൾ വ്യാപിച്ചു വരുന്നുണ്ട്. ഒരു കാലത്ത് വീട്ടാവശ്യത്തിന് മാത്രം കൃഷി ചെയ്തിരുന്ന കർഷകർ ഇന്ന് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു. ജില്ലയിലെ പല മേഖലകളിലേക്കും ചീര, വെള്ളരി, വെണ്ട, കക്കിരി, തുടങ്ങിയ വിളകളെല്ലാം വില്പനക്കായി കൊണ്ടുപോകുന്നുണ്ട്. റബ്ബർ കൃഷിയിൽ വർദ്ധനവ് ഉണ്ടാകുമ്പോൾ ഏതാണ്ട് ആനുപാതികമായി കശുമാവ് കൃഷിയിൽ കുറവ് വരുന്നുണ്ട്.

കൂടാതെ വാണിജ്യാടിസ്ഥാനത്തിലുള്ള കൂൺകൃഷി മത്സ്യകൃഷി, വിവിധങ്ങളായ കമ്പോസ്റ്റ് നിർമ്മാ ണ യൂണിറ്റുകൾ, മറ്റ് ജൈവ വള നിർമ്മാണ യൂണിറ്റുകൾ എന്നിവയും കഴിഞ്ഞ പദ്ധതി കാലയളവിൽ ഇവിടെ വികസിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് സാധിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി ഇവിടെ പ്രസ്താവ്യമാണ്.

തരിശ്രഹിത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കെത്തിക്കാൻ സാധിക്കണം. നിലവിൽ പദ്ധതികൾ ഉണ്ടെങ്കിലും ലക്ഷ്യപ്രാപ്തി നേടാൻ സാധിച്ചിട്ടില്ല. 2024-25 വാർഷിക പദ്ധതിയോടെ ലക്ഷ്യം കൈവരിക്കാൻ പദ്ധതി തയ്യാറാക്കുന്നു.

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026–27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022–23 ൽ കൈവരിച്ച നേട്ടം | 2023–24 കൈവരിച്ച നേട്ടം | 2024–25 കൈവരിച്ച നേട്ടം | 2025–26 കൈവരിച്ച നേട്ടം | 2026–27 കൈവരിച്ച നേട്ടം | 2026–27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|---|
| 4 | | പച്ചക്കറി | വിസ്തൃതിയിൽ വർധനവ് | 70Ha. | 150Ha. | 75Ha. | 80Ha. | 85Ha. | 90Ha. | 100Ha. | 1. കൃഷി ചെലവ് നൽകൽ 2. Etc പച്ചക്കറി വിത്ത് നൽകൽ. |
| 5. | | [illegible] കൃഷി | വിസ്തൃതി വർധനവ് | 3Ha. | 20Ha. | 10Ha. | 12Ha. | 15Ha. | 18Ha. | 20Ha. | ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നൽകുന്നു. |
| 6. | | തെങ്ങ് വാഴ | വിസ്തൃതി വർധനവ് | 20Ha. | 100Ha. | 40Ha. | 60Ha. | 75Ha. | 85Ha. | 100Ha. | ഗുണമേന്മയുള്ള നടീൽ വസ്തു നൽകുന്നു. [illegible] ത്തിന് സാമ്പത്തിക സഹായം നൽകുന്നു. |
| | | | | | | | | | | | |
| | | | | | | | | | | | |

സ്ഥലം:

തിയ്യതി:

ഒപ്പ്:

പേര്:

AGRICULTURAL OFFICER
KRISHIBHAVAN, AJANUR
P.O. MANIKOTH - 671316

കൺവീനർ

കൃഷി...വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ്: കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.

പരിപ്രേക്ഷ്യം നെല്ലുല്പാദനത്തിൽ വർദ്ധനവ്

സൂചിക നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)

2022–ലെ അവസ്ഥ 10 ഹെക്ടർ

പതിനാലാം പദ്ധതിയിലെ (2027 ലെ) ലക്ഷ്യം 30 ഹെക്ടർ

അജാനൂർ കൃഷി ഭവൻ • പി.ഒ. മാണിക്കോത്ത് •

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026-27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|---|
| 1 | കൃഷി | തേങ്ങയുടെ ഉൽപാദന വർദ്ധനവ് | തെങ്ങ് കൃഷിയുടെ വിസ്തൃതി ഉൽപാദനക്ഷമത വർദ്ധനവ് | 2010 Ha 50 തേങ്ങ ഒരു തെങ്ങ് | 70 മുതൽ 100 വരെ തേങ്ങ ഒരു തെങ്ങിൽ | 52 തേങ്ങ ഒരു തെങ്ങിൽ | 55 തേങ്ങ ഒരു തെങ്ങിൽ | 58 തേങ്ങ ഒരു തെങ്ങിൽ | | | 1. സുസ്ഥിര കൃഷി [illegible] 2. [illegible] Etc [illegible] സബ്സിഡി നൽകുന്നു. |
| 2. | | നെൽകൃഷി | നെല്ലുൽപാദനത്തിൽ വർദ്ധനവ് | 2600 kg/Ha | 3200 kg/Ha. | 2700 kg/Ha. | 2800 kg/Ha. | 2900 kg/Ha. | 3000 kg/Ha | 3200 kg/Ha | ഉൽപാദന [illegible] നെൽവിത്ത് നൽകുന്നു. [illegible] സബ്സിഡി നൽകുന്നു. |
| 3. | | ~~പച്ചക്കറി~~ കിഴങ്ങ് കൃഷി | വിസ്തൃതി [illegible] വർദ്ധിപ്പിക്കൽ | 12 Ha | 20 Ha. | 15 Ha. | 18 Ha | 22 Ha | 28 Ha. | 30 Ha. | കൃഷിച്ചെലവ് നൽകുന്നു. |

സ്ഥലം:

തിയ്യതി:

ഒപ്പ്:

പേര്:

കൺവീനർ AGRICULTURAL OFFICER
KRISHIBHAVAN, AJANUR
P.O. MANIKOTH - 671316
....വർക്കിംഗ് ഗ്രൂപ്പ്

അജാനൂർ കൃഷി ഭവൻ • പി.ഒ. മാണിക്കോത്ത് •

കുറിപ്പ്: കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.

പരിപ്രേക്ഷ്യം നെല്ലുല്പാദനത്തിൽ വർദ്ധനവ്

സൂചിക നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)

2022-ലെ അവസ്ഥ 10 ഹെക്ടർ

പതിനാലാം പദ്ധതിയിലെ (2027 ലെ) ലക്ഷ്യം 30 ഹെക്ടർ

# 3. മത്സ്യബന്ധനം

അജാനൂർ പഞ്ചായത്തിൽ കടലും കടൽത്തീരവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 1500 ഓളം പേർ ജീവിത വൃത്തി നടത്തിവരുന്നവരാണ്.ശുചിത്വസാഗരം സുന്ദരതീരം പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലൂടെ അജാനൂർ പഞ്ചായത്ത് പുരോഗതിയിലേക്ക കുതിക്കുന്ന അവസരത്തിൽ മത്സ്യത്തൊഴിലാളി വി ാഗക്കാർക്ക് വിദ്യാഭ്യാസപരമായ പുരോഗതിയും തൊഴിലവസരങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ട്മത്സ്യത്തൊഴിലാളി സമൂഹത്തെ ഉന്നതിയിലെത്തിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

**പാർപ്പിടം**

വേലിയേറ്റരേഖയിൽ താമസിക്കുന്ന മ്ത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലത്തേക്ക് താമസിക്കുന്ന എന്ന ദൗത്യം സർ്ക്കാർ നടത്തിവരുന്നുണ്ടെങ്കിലും പലപ്പോഴും മാറിതാമസിക്കുന്നതിൽ വിമുഖത കാണിക്കുന്നതായും കണ്ടുവരുന്നു.ആയതിനാൽ ഇവരെ ബോധവാൻമാരേക്കേണ്ടതുണ്ട്.

മത്സ്യക്കൃഷി

കാസറഗോഡ് ജില്ല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ഫിഷ് ഫാർമേർസ് ഡവലപ്പ്മെന്റ് മുഖേനയും പഞ്ചായത്ത് സു ിക്ഷ കേരളം മുഖേനയും ഗ്രാമപഞ്ചായത്തിനകത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും വിഷരഹിത മത്സ്യം ജനങ്ങളിൽ എത്തിക്കുന്നതനുമായി അർഹരായ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ച് പദ്ധതികൾ മുഖേനയും സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ഇതിന്റെ പ്രവർത്തനത്തിനായി പഞ്ചായത്ത് തലത്തിൽഒരു അക്വാകൾച്ചർ പ്രമോട്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.ഈ പ്രമോമട്ടർമാർ കർഷകർക്ക് യഥാസമയം ആവശ്യമായ നിർദ്ദേശങ്ങളുംസഹായങ്ങളും നൽകിക്കൊണ്ട് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു വരുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. കടലാക്രമണ ഭീഷണിയുള്ള കടൽത്തീരം ഭിത്തികെട്ടി സംരക്ഷിക്കുക
2. പൊതുവിതരണത്തിനാവശ്യമായ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുക
3. മത്സ്യത്തൊഴിലാളി മേഖലയിൽ ശുദ്ധജല വിതരണം നടത്താനുള്ള ഏർപ്പാട് ചെയ്യുക
4. മത്സ്യത്തൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ ഉപകരിക്കുന്ന സർച്ച് ലൈറ്റ് സംവിധാനം തീരദേശത്ത് ഒരുക്കുക
5. പഞ്ഞമാസങ്ങളിൽ സാമ്പത്തിക ക്ഷ്യകിറ്റ് നൽകുക
6. വാണിജ്യാടിസ്ഥാനത്തിൽ നടത്താൻ സാധ്യതയുള്ള ബയോഫ്ളോക്ക് ചെമ്മീൻകൃഷി പരിപോഷിപ്പിക്കുക
7. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം
8. ഫിഷ് ലാന്റിംഗ് സെന്റർ ത്വരിതപ്പെടുത്തുക
9. വിദേശ ട്രോളറുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക
10. മണ്ണെണ്ണ യഥേഷ്ഠം ല ിക്കാനുള്ള സംവിധാനം ഒരുക്കുക
11. മത്സ്യത്തൊഴിലാളികതൾക്ക് ആവശ്യമായ കക്കൂസ് സംവിധാനം ഏർപ്പെടുത്തുക
12. പുഴകളിൽ ചെമ്മീൻ വിത്ത് നിക്ഷേപിക്കുക

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026-27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## മത്സ്യമേഖല

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | മത്സ്യ ത്തൊഴി ലാളി വിക സനം ഫർണ്ണിച്ചർ | മത്സ്യത്തൊഴി ലാളികളുടെ മ ക്കളുടെ വിദ്യ ഭ്യാസ സൗകര്യം മെച്ചപ്പെടുത്തു ന്നതിന് | വിദ്യ ഭ്യാസ വിക സനം | വിദ്യ ഭ്യാസ സൗകര്യ ങ്ങൾ കുറവായി രുന്നു | ഫർണ്ണിച്ചർ നൽകുക വഴി പഠന സൗകര്യം മെച്ചപ്പെ ടുത്തൽ | - | - | 20 വിദ്യാർത്ഥി കൾക്ക് ഫർണ്ണിച്ചർ നൽകി | 20 വിദ്യാർത്ഥി കൾക്ക് ഫർണ്ണിച്ചർ നൽകി | പരമാവധി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരു ക്കൽ |
| 2 | മത്സ്യ ത്തൊഴി ലാളി വിക സനം ലാപ്ടോപ്പ് | മത്സ്യത്തൊഴി ലാളികളുടെ ഉന്നത വിദ്യ ഭ്യാസം നട ത്തുന്ന മക്ക ളുടെ സൗകര്യം മെച്ചപ്പെടുത്തു ന്നതിന് | വിദ്യ ഭ്യാസ വിക സനം | ഉന്നത വിദ്യ ഭ്യാസ സൗകര്യ ങ്ങൾ കുറവായി രുന്നു | കൂടുതൽ കുട്ടി കളെയും പഠന ത്തിൽ മുന്നോട്ട് നയി ക്കുന്നതിന് സാധിക്കുക | 5 വിദ്യാർത്ഥി കൾപ്പ് ലാപ്ടോപ്പ് നൽകി | 5 വിദ്യാർത്ഥി കൾപ്പ് ലാപ്ടോപ്പ് നൽകി | 13 വിദ്യാർത്ഥി കൾപ്പ് ലാപ്ടോപ്പ് നൽകി | 11 വിദ്യാർത്ഥി കൾപ്പ് ലാപ്ടോപ്പ് നൽകി | പരമാവധി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരു ക്കൽ |
| 3 | മത്സ്യ കൃഷി വിക സനം | മുറ്റത്തൊരു മീൻത്തോട്ടം മത്സ്യകൃഷി പ്രോത്സാ ഹനം | ഉൽപ്പാ ദന ക്ഷമത | ഈ രീതി യിലുള്ള കൃഷി കുറവായി രുന്നു | മത്സ്യ കൃഷി യും,മത്സ്യ സമ്പത്തും വർദ്ധിപ്പിക്കുക | - | - | 5 പേർക്ക് നൽകി | 2 പേർക്ക് നിലവിൽ നൽകി | പരമാവധി ആളുകളെ മത്സ്യകൃഷി രംഗ ത്തേക്ക് കൊണ്ടുവ രൽ. |
| 4 | കുടിവെള്ള ലഭ്യത ഉറപ്പ് വരു ത്തൽ | മത്സ്യത്തൊഴി ലാളി കുടുംബ ങ്ങൾക്ക് വാട്ടർടാങ്ക് | ഉയർന്ന ജീവിത നില വാരം | കുടി വെള്ള സൗകര്യ ങ്ങൾ കുറവായി രുന്നു | പരമാവധി കുടുംബ ങ്ങൾക്ക് കുടി വെള്ളം ലഭ്യമാ ക്കൽ | 8 കുടുംബ ങ്ങൾക്ക് വാട്ടർടാങ്ക് നൽകി | | | | കുടിവെള്ളത്തിന്റെ ആവശ്യകത ബോധ്യ പ്പെടുത്തി പദ്ധതി തയ്യാറാക്കൽ |
| | | | | | | | | | | |

# 4. മൃഗസംരക്ഷണവും ക്ഷീരവികസനവും

ക്ഷീരകർഷകർ പ്രത്യേകിച്ച് യുവതലമുറ മൃഗസംരക്ഷണ മേഖലയിൽ നിന്ന് പിന്നോക്കം പോകുന്നതായാണ് കാണുന്നത്. കൃഷി മുഖ്യ വരുമാനമെന്നത് ഇപ്പോൾ മാറിവരുന്നതിന്റെ ഭാഗം കൂടിയാണിത്. പാടം നികത്തൽ, നെൽകൃഷിയുടെ കുറവ്. പാലിന്റെ വിലക്കുറവ്, കാർഷികരംഗത്തെ യന്ത്രവൽക്കരണം ഒക്കെ കൊഴിഞ്ഞുപോക്കിനു കാരണമാകുന്നു. 2800 ഓളം പശുക്കളുണ്ടായിരുന്നത് ഇപ്പോൾ 1284 പശുക്കളും, 29 എരുമകളുമാണ് സെൻസസ് പ്രകാരമുള്ളത്. 11219 കോഴികളും 664 ആടുകളും ഉണ്ട്.

കാലിത്തീറ്റ വിലവർദ്ധനവ്, തീറ്റപുല്ല്, വൈക്കോൽ മുതലായവയുടെ ക്ഷാമം, ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കന്നുകാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു. ജൈവവളം മൃഗങ്ങളിൽ നിന്നും വളർത്തുപക്ഷികളിൽ നിന്നും ലഭിക്കുമെങ്കിലും വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള മനസ്സ് പുതുതലമുറയിൽ ഇല്ലാതായി.

## പ്രശ്നങ്ങൾ

മൃഗചികിത്സാ സൗകര്യം എല്ലായിടത്തും ഫലപ്രദമായി ലഭിക്കാനുള്ള സൗകര്യമില്ല. കന്നുകാലി വളർത്തലിനുള്ള സഹായം ലഭിക്കാനുള്ള പ്രയാസം 50% സബ്സിഡി ഉയർത്തണമെന്ന ആവശ്യം. കറവ പശു വളർത്തലിനുള്ള സഹായം നൽകിയിട്ടുണ്ടെങ്കിലും എണ്ണം വർദ്ധിച്ചതായി കാണുന്നില്ല. നിലവിലുള്ളതിനെ വിറ്റായിരിക്കാം പുതിയതിനെ വാങ്ങുന്നതെന്നാണ് നിഗമനം. മരുന്നു വാങ്ങൽ പദ്ധതി നടപ്പിലാക്കിയതിനു ശേഷം മരുന്നിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെ ഇല്ലാതായിട്ടുണ്ട്. ചികിത്സാ ചിലവ് കുറക്കാൻ സാധിക്കുന്നു. എങ്കിലും കൊളവയൽ പോലുള്ള വാർഡുകളിലുള്ളവർ വിഷമം അനുഭവിക്കുന്നു. ധാതുലവണ മിശ്രിത വിതരണ പദ്ധതിയുണ്ടെങ്കിലും കർഷകർ അപേക്ഷ നൽകുന്നത് കുറയുന്നു.

സാമൂഹിക സാമ്പത്തിക സർവ്വെപ്രകാരം പഞ്ചായത്തിലെ പ്രതിമാസ മുട്ട ഉൽപാദവനം 14,423 ആണ്. എന്നാൽ മുട്ടയുടെ ഉപഭോഗം പ്രതിമാസം 73,127 ആണ്. പാലിന്റെ പ്രതിമാസ ഉൽപ്പാദനം 16,610 ലിറ്റർ ആണ്. എന്നാൽ ഉപഭോഗം പ്രതിമാസം 52,332 ലിറ്റർ ആണ്. മൃഗസംരക്ഷണ ക്ഷീരോത്പാദന മേഖലയിൽ പഞ്ചായത്തിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

### ഗ്രാമസഭാ പ്രശ്നങ്ങൾ

ക്ഷീരവിപണനത്തിനു സൗകര്യപ്രദമായ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ എവിടേയും ഇല്ല. ആയതിനാൽ കന്നുകാലി വളർത്തലിലേക്ക് ആളുകൾ ആകൃഷ്ടരാകുന്നില്ല. തീറ്റപ്പുല്ല്, വൈക്കോൽ, കാലിത്തീറ്റ എന്നിവയുടെ ലഭ്യതക്കുറവ് കന്നുകാലി വളർത്തൽ ലാഭകരമല്ലാത്തതാക്കുന്നു. കോഴികൾക്ക് വ്യാപകമായ പകർച്ചവ്യാധി പിടിപെടുന്നു.

## പരിഹാരങ്ങൾ

ഒരു പാൽസഹകരണ സംഘം കൂടി ഉണ്ടായാൽ ശേഖരണം മെച്ചപ്പെടും. ദൂരപ്രദേശത്തുള്ളവർക്ക് ചിലവ് കുറയും. പാൽഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സംരംഭം തുടങ്ങുക. സബ്സെന്റർ മാവുങ്കാൽ പ്രദേശത്ത് സ്ഥാപിക്കുക. ധാതുലവണ മിശ്രിതം വിതരണം വന്ധ്യത പോലുള്ള പ്രവശ്നങ്ങൾ ഇല്ലാതാക്കുന്നു. അതുവഴി ആരോഗ്യമുള്ള പശുക്കളെയും. കന്നുകുട്ടിപരിപാലന പദ്ധതി പോലുള്ളവ തീറ്റ ചെലവ് എന്ന ഘടകത്തെ ഒരു പരിധിവരെ ഇല്ലാതാക്കുന്നു. ഈ വർഷം എല്ലാ കന്നുകുട്ടികൾക്കും തീറ്റ ലഭ്യമാക്കാൻ സാധിച്ചു എന്നത് എടുത്തുപറയേണ്ട നേട്ടമാണ്. സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയും ഒരുപരിധിവരെ ചിലവ് കുറക്കാൻ സാധിച്ചു. ബ്ലോക്ക് അടിസ്ഥാനത്തിൽ രാത്രികാല സേവനത്തിന് വെറ്ററിനറി സർജ്ജനെ നിയമിക്കുന്ന പദ്ധതി, ചികിത്സ കിട്ടാനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക. മുട്ട, ഇറച്ചി മുതലായ വിൽപ്പന ഔട്ട്ലെറ്റുകൾ തുടങ്ങുന്നതും ഈ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കും.

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026-27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## മൃഗസംരക്ഷണം

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | മരുന്നുകളുടെ വില വർദ്ധനവ് | മരുന്നുകൾ പരമാവധി ആശുപത്രി വഴി സൗജന്യമായി നൽകൽ | 1 | മരുന്ന് ലഭ്യത കുറവ് | മരുന്നുകൾ പരമാവധി ആശുപത്രി വഴി സൗജന്യമായി നൽകൽ | കൂടുതൽ പേർക്ക് മെഡിസിൻ നൽകി | കൂടുതൽ പേർക്ക് മെഡിസിൻ നൽകി | കൂടുതൽ പേർക്ക് മെഡിസിൻ നൽകി | കൂടുതൽ പേർക്ക് മെഡിസിൻ നൽകി | മരുന്നുകൾ പരമാവധി ആശുപത്രി വഴി സൗജന്യമായി നൽകൽ |
| 2 | കന്നുകാലികളുടെ വന്ധ്യത നിവാരണം | പോഷകാഹാരക്കുറവ് | 2 | വന്ധ്യത പരിഹരിക്കുക | ധാതുലവണം പരമാവധി നൽകൽ | കന്നുകാലികൾക്ക് ധാതുവലണം നൽകി | കന്നുകാലികൾക്ക് ധാതുവലണം നൽകി | കന്നുകാലികൾക്ക് ധാതുവലണം നൽകി | കന്നുകാലികൾക്ക് ധാതുവലണം നൽകി | പോഷകാഹാര കുറവ് പരിഹരിക്കുക. |
| 3 | മുട്ടക്കോഴി വളർത്തൽ | എണ്ണം കുറയുന്നു | 3 | എണ്ണം കുറയുന്നു | കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി നൽകൽ | കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി നൽകി | കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി നൽകി | കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി നൽകി | കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി നൽകി വരുന്നു | കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി നൽകൽ |

# 5. പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം മുതലായവ

ഒരു പഞ്ചായത്തിന്റെ സാമ്പത്തിക വികസന പ്രക്രിയയിൽ അനിവാര്യമായ ഒരു തന്ത്രമാണ് പ്രാദേശിക സാമ്പത്തിക വികസനം. സ്വയം പര്യാപ്തത ലക്ഷ്യമാക്കിയിട്ടുള്ള ആഭ്യന്തര വിഭവ വിനിയോഗത്തിലൂന്നിയ ഒരു വികസന പ്രക്രിയ നമുക്ക് അനിവാര്യമാണ്. ചെറുകിട വ്യവസായ രംഗത്ത് നമ്മുടെ ഗ്രാമ പഞ്ചായത്ത് നടത്തിയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കാർഷിക മേഖലയെ ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങളുണ്ടെങ്കിലും വളരെ വലിയ മത്സ്യസമ്പത്തുള്ള ഒരു പ്രദേശമാണ് നമ്മുടെത്. ഒട്ടനവധി വ്യവസായ സംരംഭങ്ങളും നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. എങ്കിലും വലിയ തോതിൽ തൊഴിൽ നൽകാനുള്ള വിധത്തിലുള്ള സംരഭങ്ങൾ വിരളിലെണ്ണവുന്ന മാത്രമാണുള്ളത്. ഈ സ്ഥിതി വിശേഷത്തിനു മാറ്റം വരുത്തി ജനങ്ങളുടെ സാമ്പത്തിക വളർച്ച ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന പുതിയ സംരംഭങ്ങൾ ഈ പഞ്ചായത്തിലുണ്ടാകേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ കാര്യക്ഷമമായ പ്രവർത്തനങ്ങളും ഇടപെടലുകളും 14 പഞ്ചവൽസരപദ്ധതിക്കലയളവിൽ ഏറ്റെടുക്കും .

25 കൊല്ലങ്ങൾക്ക് മുമ്പുള്ള സ്ഥിതി വിശേഷം പരിശോധിച്ചാൽ ഈ രംഗത്ത് ദോഷകരമായി ബാധിക്കുന്ന ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നു എന്ന് കാണാം. പരമ്പരാഗത വ്യവസായങ്ങളായ നെയ്ത്ത്, കൂട്ടമെടയൽ എന്നിവ നാമാവശേഷമായിക്കൊണ്ടിരുന്നു. ദിനേശ് ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘത്തിലെ തൊഴിലാളികൾ നേരിടുന്ന തൊഴിൽ ഭീഷണി ഗൾഫ് മേഖലയിൽ നിന്നുമുള്ള തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം, യന്ത്രവൽകൃത വ്യവസായം സൃഷ്ടിക്കുന്ന തൊഴിൽ തർക്കങ്ങൾ പരിസ്ഥിതി വിഷയങ്ങൾ സ്വകാര്യ ബീഡി മേഖലയിലെ തൊഴിൽ അസ്ഥിരതയും, തൊഴിൽ പ്രശ്നങ്ങളും, നിർമ്മാണ സാമഗ്രികളുടെ തുടർച്ചയായ വിലവർധനവ്, കൂലികൂടുതൽ, വ്യവസായ സംരഭകർക്ക് ലൈസൻസ്, ബാങ്ക് വായ്പ തുടങ്ങിയവ ലഭിക്കുന്നതിലുള്ള കാലതാമസവും നിരുൽസാഹപ്പെടുത്തുന്ന സാഹചര്യങ്ങളും ആരോഗ്യ രംഗത്തെ ചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ ഘടകങ്ങൾ സാമ്പത്തിക വികസനത്തിന് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരുന്നു.

ഇന്നത്തെ വളരെ ഗുണപ്രദമായ സാഹചര്യം പരിശോധിച്ചാൽ 25 മുമ്പുള്ള അവസ്ഥയിൽ നിന്നും വലിയതരത്തിലുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാം. എന്നാൽ എല്ലാ മേഖലകളിലും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നെയ്ത്ത്, കൂട്ടമെടയലുമൊക്കെ അപ്രത്യക്ഷമായിക്കഴിഞ്ഞു. എല്ലാ പരമ്പരാഗത വ്യവസായങ്ങളായ 1993 മുതൽ പ്രവർത്തിച്ചുവരുന്ന ദിനേശ് ബീഡി വ്യവസായ സഹകരണ സംഘത്തിൽ 36 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നു. വോൾട്ടേജ് ക്ഷാമം, പവർകട്ട് പോലെയുള്ള പ്രശ്നങ്ങൾ ഇപ്പോൾ നിലനിൽക്കുന്നില്ല ഗൾഫ് മേഖലയിൽ തൊഴിൽ നഷ്ടപെടുന്നവരുടെ പുനരധിവാസത്തിനായി പ്രവാസി ലോൺ പോലെയുള്ള പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ലൈസൻസ് അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ വ്യവസായവകുപ്പ് ഇന്റേണിനെ നിയമിച്ച് പുതിയ സംരംഭം ആരംഭിക്കുന്നവർക്ക് എല്ലാവിധ സഹായവും നൽകാൻ സാധിക്കുന്നു. സംരംഭകവർഷത്തിന്റെ ഭാഗമായി 100% നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചു. വിവിധ ബാങ്കുകളുടെ ബിസിനസ്സ് ലോണുകൾ ഇപ്പോൾ വളരെ വേഗത്തിൽ വ്യവസായികൾക്ക് ലഭ്യമാകുന്നുണ്ട്. ആരോഗ്യ രംഗത്ത് ഫലപ്രദമായ രീതിയിലുള്ള പുരോഗതി പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. തദ്ദേശിയരും അന്യദേശീയരുമായ ധാരാളം വിനോദ സഞ്ചാരികളുള്ളതിനാൽ ടൂറിസം മേഖലയിൽ കൂടുതൽ സംരഭങ്ങൾ തുടങ്ങാവുന്നതാണ് . പഞ്ചായത്തിന്റെ ടൂറിസം മേഖലക്കും സാമ്പത്തിക വികസനത്തിനും വൻ സാദ്ധ്യതകളാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്നത്.

25 കൊല്ലത്തിനിടയ്ക്ക് പഞ്ചായത്തിൽ നടന്നിട്ടുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഒരു രൂപരേഖ പരിശോധിച്ചാൽ താരതമ്യേന മെച്ചപ്പെട്ട ഒരു ചിത്രമാണ് കാണാനാകുക. നിലവിൽ പഞ്ചായത്തിൽ 28 ഫർണിച്ചർ മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 12 ഓയിൽ ഫ്ളവർ മില്ലുകളും 26 ബേക്കറി ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. 7 റെഡി മെയ്ഡ് ഷോപ്പുകൾ ഒരു കൈത്തറി വ്യവസായ കേന്ദ്രം എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ആനന്ദാശ്രമം ആസ്ഥാനമായി ഒരു മിൽമ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു ഇവിടെ ഇപ്പോൾ 62 പേരാണ് ജോലി ചെയ്യുന്നത് .

പ്രാദേശിക സാമ്പത്തിക വികസനത്തിൽ കുടുംബശ്രീ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. നിലവിൽ 190 ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ സംഘകൃഷി മേഖലയിൽ ശക്തമായ പ്രവർത്തനം നടത്തുന്നു കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന ചെറുകിട വ്യവസായ സംരഭങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

## പഞ്ചായത്ത് രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ

1. ഓട്ടോമൊബൈൽ റിലേറ്റഡ് വർക്ക്സ് - 7
2. ഡ്രൈവിംഗ് സ്കൂൾ - 1
3. വെൽനസ് സെന്റർ - 2
4. ട്രേഡ് യൂണിറ്റ് - 12
5. അതർ സർവ്വീസ് യൂണിറ്റ് - 12
6. സ്റ്റുഡിയോ - 1
7. ഹോട്ടൽ & കാറ്ററിംഗ് - 35
8. ടെക്സ്റ്റൈൽസ് - 5
9. ടൈലറിംഗ് - 4
10. സെവാ കേന്ദ്ര - 1
11. അതർ മാനുഫാക്ചറിംഗ് - 10
12. മില്ല് - 3
13. പായനിർമ്മാണം - 4
14. കാഷ്യു - 1

1. ടെയിലറിംഗ് - 37
2. ടെക്സ്റ്റയിൽസ് - 3
4. ബേക്കറി - 5
5. പോട്ട് യൂണിറ്റ് - 1
6. ഹെൽപ്പ് ഡെസ്ക് - 1
7. ഫാൻസി - 1
8. നേരിട്ടുള്ള മാർക്കെറ്റിംഗ് - 10
9. ഡിറ്റർജെൻറ് യൂണിറ്റ് - 3
10. സ്റ്റേഷണറി യൂണിറ്റ് - 5
11. പരമ്പരാഗത പായനിർമ്മാണം - 2
12. ഹെയർ ഓയിൽ യൂണിറ്റ് - 2
13. ഡ്രൈവിംഗ് സ്കൂൾ - 1
14. ഡിസ് ഇൻഫെക്ഷൻ യൂണിറ്റ് - 1
15. ഉണ്ണിയപ്പം നിർമ്മാണം - 2
16. അച്ചാർ നിർമ്മാണം യൂണിറ്റ് - 6
17. പാൽ ഉൽപ്പന്നങ്ങൾ - 1
18. ഡിജിറ്റൽ ഇൻഫോർ മേഷൻ ബോർഡ് - 1
19. ഹോട്ടൽ - 14
20. തട്ടുകട - 5
21. ഗോൾഡ് കവറിംഗ് യൂണിറ്റ് - 1
21. ന്യൂട്രിമിക്സ് - 1
22. സോപ്പ് നിർമ്മാണം - 3
23. ബ്യൂട്ടിപാർലർ - 2
24. എച്ച്.കെ.എസ്. - 6
25. ഷോപ്പ് - 14

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 5 വനിത വ്യവസായ സഹകരണ സംഘങ്ങൾപ്രവർത്തിക്കുന്നു.

1. ന്യൂട്രിമിക്സ് -1, 2. റൈസ് & ഫ്ലവർമിൽ - 3, 3. കശുവണ്ടി യൂണിറ്റ് 1.

വിവിധ മൈക്രോ സംരഭങ്ങൾക്കായി 394 അയൽക്കൂട്ട യൂണിറ്റുകൾ ലിങ്കേജ് വായ്പ്പ എടുത്തിട്ടുണ്ട്.

കാര്യക്ഷമമായ ഇടപെടൽ നടത്തുന്നു .

2021-22 വർഷത്തി പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഫ്ളവർസ് ടൈലറിംഗ് യൂണിറ്റ് എന്ന ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് നടപ്പാക്കിയ സുപ്രധാനമായൊരു ചുവടുവെയ്പ്പാണിത്. ഇതുവഴി പത്തോളം കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ നൽകാനായി വളരെ നല്ല നിലയിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത് .

ഈ സാമ്പത്തിക വർഷം പഞ്ചായത്തിൻറെ വികസന ഫണ്ടും തനതു ഫണ്ടും ഉപയോഗിച്ച് രണ്ടു പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് . അപ്പാരൽ പാർക്ക് കുന്നുപാറ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ റൈസ് & ഓയിൽ മിൽ എന്നീ പ്രൊജക്ടുകളാണ് ഈ വർഷം നടപ്പാക്കുന്നത്

2032 വർഷത്തോട് കൂടി വലിയ സാമ്പത്തിക പുരോഗതി നേടിയ ഒരു പ്രദേശമായി നമ്മുടെ പഞ്ചായത്ത് മാറണമെങ്കിൽ രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. വിനോദ സഞ്ചാരം സംബന്ധിച്ച വിവധ പദ്ധതികൾ രൂപികരിച്ച് നടപ്പാക്കുന്ന പക്ഷം അതിലൂടെ ലഭിക്കുന്ന വരുമാനം നാടിന്റെ വൻ പുരോഗതിക്കുവഴി തെളിയിക്കുമെന്നതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും ഇതുവഴി സ്ഥാപിക്കപ്പെടുന്ന വൻ പദ്ധതികൾ നാടിന്റെ മുഖച്ഛായ അടിമുടി മാറ്റുമെന്നതിൽ സംശയമില്ല ഇതിനാവശ്യമായ പദ്ധതികൾ പതിനാലാം പഞ്ചവത്സരകാലത്ത് രൂപികരിച്ച് നടപ്പക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ, ചെറുകിട വ്യവസായ മേഖലയിൽ വൻ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന പഞ്ചായത്താണ് അജാനൂർ. കൃഷി, മത്സബന്ധനം, ക്ഷീരമേഖല, ഹോസ്റ്റൽ മുതലായവ ഇതിൽപെടുന്നു. എങ്കിൽപോലും വലിയതോതിലുള്ള മുന്നേറ്റം ഈ മേഖലയിൽ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. മുകളിൽ പ്രസ്താപിച്ച മേഖലയിൽ പ്രത്യേകത പതിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉണ്ടാകേണ്ടതാണ്.

കുടുംബശ്രീ യൂണിറ്റുകളെ പരിപോഷിപ്പിക്കുകയും അതുപോലെ തന്നെ സ്വയംസഷായ സംഘങ്ങൾ പോലുള്ള സംഘങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള സബ്സിഡികൾ നൽകിയും ഈ മേഖലയിൽ ചെറിയ തോതിലുള്ള വളർച്ച ഉണ്ടാക്കുവാൻ സാധിക്കും. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതി നുള്ള വ്യവസ്ഥ ലഘൂകരിക്കുകയും അപേക്ഷിക്കുന്ന പരമാവധി ആളുകൾക്ക് ധനസഹായം നൽകുകയും ചെയ്യാൻ സാധിച്ചാൽ ഒരുപരിധിവരെ തൊഴിലില്ലായ്മ കുറച്ച് കൊണ്ടുവരാൻ സാധിക്കും. അതിലൂടെ സ്ത്രീകൾ കുടും ബനാഥയായിട്ടുള്ള കുടുംബങ്ങൾ സ്വയംപര്യാപ്തതയിലേക്ക് എത്തുകയും ചെയ്യുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുകയും അതിലൂടെ ചെറുകിട വ്യവസായ രംഗത്ത് മാതൃകാപരമായ പല പദ്ധതികളും ഇവിടെ ആരംഭിക്കും എന്ന് ഈ പഞ്ചവത്സര കാലത്ത് പ്രതീക്ഷിക്കുന്നു.

# പതിനാലാം പഞ്ചവൽസര പദ്ധതി

**2026-27 വാർഷിക പദ്ധതി**

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## പ്രാദേശിക സാമ്പത്തിക വികസനം

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | സംരംഭ കത്വ വിക സനം | പരമാവധി സംരംഭ ങ്ങൾക്ക് പ്രോത്സാഹനം | സാമ്പ ത്തിക വിക സനം | സംരംഭക യൂണിറ്റു കളുടെ കുറവ് | പരമാവധി സംരംഭങ്ങൾക്ക് പ്രോത്സാഹനം | | | | പാങ്ങ് -സ്വയം തൊഴിൽ സംരംഭം പദ്ധതി പ്രവർത്തന ങ്ങൾ നടന്നു വരുന്നു | പരമാവധി സംരംഭ ങ്ങൾക്ക് പ്രോത്സാ ഹിപ്പിക്കൽ |
| | | | | | | | | | | |
| | | | | | | | | | | |

# 6. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

ജനകീയാസൂത്രണ പദ്ധതികളുടെ ആരംഭം മുതൽ തന്നെ അടിസ്ഥാന വികസനത്തിനും ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്കും ഉതകുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. 9 പഞ്ചവത്സര പദ്ധതി മുതൽക്കുതന്നെ പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകും വിധത്തിലുള്ള വിവിധങ്ങളായ ചെറുതും വലുതുമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജനകീയാസൂത്രണം ആരംഭിച്ച 9 -ാം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടങ്ങിയ ഗ്രാമീണ പാർപ്പിട പദ്ധതിയിൽ വിവിധ പേരുകളിലും ഘടനയിലുമായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾചേർന്ന് കൊണ്ട് 13, 14 പഞ്ചവത്സസര പദ്ധതികളിൽ ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയും ഇതിന്റെ തുടർച്ച എന്നോണം നടന്നുവരുന്നു.

9-ാം പദ്ധതിക്കാലയളവിൽ ആരംഭിച്ച ഭവന നിർമ്മാണ പദ്ധതികൾ ഗ്രാമീണ മേഖലയിലെയും പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെയും ഭവന രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരംഭം കുറിച്ചു. എന്നാൽ പദ്ധതിയുടെ ഗുണ ഫലങ്ങൾ കാര്യമായതോതിൽ താഴെ തട്ടിൽ പ്രതിഫലിക്കാത്തതു പഠനവിഷയമാകുകയും തുടർപദ്ധതികളിലും വിവിധ ഉപപദ്ധതികളുമായി അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. ലൈഫ് മിഷൻ ഭവന പദ്ധതികൾ പാർപ്പിട മേഖലയിൽ നാഴിക കല്ലായിമാറി.

## അവസ്ഥാ വിശകലനം

1) ദാരിദ്ര്യ ലഘൂകരണ മേഖലയിൽ ശക്തമായ പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു പഞ്ചവത്സര പദ്ധതി ആരംഭിച്ച കാലയളവിൽ 476 ഭവന രഹിത കുടുംബങ്ങളാണ് ഗ്രാമ പഞ്ചായത്തിൽ ഉണ്ടായിരുന്നത് വിവിധ കണക്കെടുപ്പുകളിലൂടെ തുടർന്ന് 512 ഭവന രഹിതരെയും കണ്ടെത്തി. പഞ്ചായത്തിലെ കിഴക്കുവടക്കൻമേഖലയിൽ ഓടുമേഞ്ഞ പഴയ ഭവനങ്ങളും പടിഞ്ഞാറേ മേഖലയിൽ കോണ്ക്രീറ്റ് മേല്ക്കൂരയോട് കൂടിയ താരതമ്യേന വലിയ വിസ്തീർണത്തിലുള്ള ഭവനവുമാണ് കൂടുതൽ കണ്ടുവരുന്നത്. മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശത്ത് കാലപ്പഴക്കം കൂടിയ ഭവനങ്ങളു കാണുന്നു. ഗൾഫ് മേഖലയുടെ സ്വാധീനം മെച്ചപ്പെട്ട ഭവനം നിർമ്മിക്കുന്നതിൽ നിർണ്ണായക സ്ഥാനമുണ്ട്. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് മാറിയപ്പോൾ പാർപ്പിട മേഖലയിൽ വെല്ലുവിളി വർധിച്ചു. 2002-2007 കാലയളവിലെ 10-ാം പഞ്ചവത്സര കാലത്ത് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ചും വികസന ഫണ്ട് ഉപയോഗപ്പെടുത്തിയും വിവിധ പേരുകളുൽ ഭവന നിർമ്മാണ പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കി. ഭവന നിർമ്മാണം (വനിത) ഭവന നിർമ്മാണം, (വിധവ) അഗതി - ആശ്രയ പദ്ധതി ഭവന നിർമ്മാണം പൊതുവിഭാഗം, പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗം എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ ഉണ്ടായി. 10-ാം പദ്ധതി ആരംഭത്തിൽ 22% ഭവന രഹിതർക്ക് സുരക്ഷിത ഭവനം നൽകാൻ സാധിച്ചു. ഇന്ദിര ആവാസ് യോജന പദ്ധതി 2015-16 വരെ 88 ഭവനങ്ങൾ അനുവദിച്ചു. 2017-18 വർഷങ്ങളിൽ പി.എം.എ.വൈ.ഭവന പദ്ധതികൾ ആരംഭിച്ചു ലൈഫ് ഭവന പദ്ധതി ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണതിനായി പദ്ധതി വിഹിതവും തനത് ഫണ്ടും ഉൾപ്പെടെ 10 വീടുകൾ വാസയോഗ്യമാക്കാൻ സാധിച്ചു. ഭവന രഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും വെവ്വേറെ പട്ടികകൾ തയ്യാറാക്കിയാണ് ലൈഫ് ഭവന പദ്ധതികൾ നിർവ്വഹണം നടത്തിവരുന്നത്.

ഭവന രഹിതരായ കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 9-ാം പഞ്ചവല്സര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതികളിൽ കൂടുതൽ ഭവന നിർമ്മണ പദ്ധതികൾ നടപ്പിലാക്കി തുടങ്ങി ജനകീയാസൂത്രണ പദ്ധതികൾ ആരംഭിക്കുന്നതിനു മുമ്പുള്ള കാലഘട്ടങ്ങളിൽ ഭവന പുനരുദ്ധാരണം മേൽക്കൂര മാറ്റൽ, ഭവനം വാസയോഗ്യമാക്കൽ എന്നിങ്ങനെ പേരുകളിൽ ഭവനവുമായി ബന്ധപ്പെട്ട് കുറഞ്ഞ എണ്ണം ഉപഭോക്താക്കളെ ഉപയോഗപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. എന്നാൽ മേല്പ്പപറഞ്ഞ ഒമ്പതാം പഞ്ചവൽസര പദ്ധതി കാലയളവിൽ സർവേ കണക്കുകൾ സൂചിപ്പിക്കും വിധം കണ്ടെത്തിയ 476 ഭവന രഹിതരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടത്തി തുടങ്ങി. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ പുരോഗതി കൈവരിച്ചു.

പതിമൂന്നാം പദ്ധതിയുടെ മൂന്നാം വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കിയ ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഭവന രഹിതരായി കണ്ടെത്തിയവരിൽ 136 വീടുകളും ടി പഞ്ചവത്സര പദ്ധതിയുടെ അവസാന പാദത്തിൽ പി.എം.എ.വൈ.ജി. പദ്ധതിയിൽ 10 വീടകളും അനുവദിച്ചു. 13-ാം പദ്ധതികാലത്തിന്റെ അവസാന രണ്ടുവർഷങ്ങളിൽ ഭവനരഹിതരായ മുഴുവൻ പേരുടെയും പാർപ്പിട പ്രശ്നങ്ങൾഅഭിമുഖീകരിക്കാനുതകുന്ന വിധം ലൈഫ് 2020 സമ്പൂർണ്ണ ഭവന പദ്ധതി ആരംഭിച്ചു. ഇതിൽ 512 ഭവന രഹിതരു 226 ഭൂരഹിത ഭവന രഹിതരും ഉൾപ്പെടെ 738 പേർ ഉൾപ്പെട്ടിട്ടുണ്ട്. ആദ്യഘട്ടത്തിൽ പട്ടികജാതി പട്ടകവർഗ്ഗ മത്സ്യത്തൊഴിലാളി വിഭാഗവും അതിദരിദ്ര സർവേ (ഇ.പി.ഐ.പി) പ്രകാരം കണ്ടെത്തിയ ഭവന രഹിതരായവരെയും ആണ് പരിഗണിച്ചിട്ടുള്ളത്. തുടർന്ന് അർഹരായ പൊതുവിഭാഗത്തെയും ടി പദ്ധതിയുടെ ഭാഗമാക്കികൊണ്ട് ഭവനരഹിതരില്ലാത്ത കേരളമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## നടപ്പിലാക്കിയ വിവിധ പദ്ധതികൾ

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിലും പദ്ധതിക്കിടയിലുമായി വ്യതസ്ഥങ്ങളായ ഭവന പദ്ധതികൾ നടപ്പിലാക്കി. ഭവന നിർമ്മാണം പട്ടികജാതി/ പട്ടിക വർഗ്ഗം, ആശ്രയ ഭവന നിർമ്മാണം ഇ.എം.എസ്. ഭവന നിർമ്മാണം, സ്നേഹാലയം ഭവന പദ്ധതി, പി.എ.വൈ. ഭവന പദ്ധതി, ലക്ഷം വീട് പദ്ധതി, വിധവ/വനിതാ ഭവന നിർമ്മാണം, പൊതുവിഭാഗം എന്നിങ്ങനെയായി പതിമൂന്നാം പദ്ധതിയിൽ നിലനിക്കുമ്പോൾ 127 വീടുകളും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരള സർക്കാർ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതിയിൽ 136 വീടുകളും നടപ്പിലാക്കി. നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗം ഭവന നിർമ്മാണ പദ്ധതികളിൽ 9950887 രൂപയും ആശ്രയ പദ്ധതി 32 ലക്ഷം ഇ.എം.എസ്. പദ്ധതി 116 വീടുകൾക്ക് 17487500 രൂപ ഐ.എ.വൈ. ഭവനം 1680000 ഭവന നിർമ്മാണം വനിത/വിധവ 56 വീടുകൾക്ക് 10080000 വൈകല്യ സൗഹൃദ ഭവന പദ്ധതി (NPRPD) 9 ലക്ഷം പതിമൂന്നാം പഞ്ചവത്സര പദ്ധതി അവസാന വർഷം 2021-22 വരെ ലൈഫ് ഭവന പദ്ധതിക്കായി 10800000 രൂപയും ചെലവഴിച്ചു. 13-ാം പദ്ധതിയുടെ അവസാന വർഷമായ 2021-22ലും നടപ്പുപദ്ധതി ആദ്യപാദത്തിൽ (2022-23) ലൈഫ് പദ്ധതിക്കായി പദ്ധതി വിഹിതം 1440000 ഉൾപ്പെടെ നാളിതുവരെയായി 10880000 രൂപ പദ്ധതി വിഹിതമായി അനുവദിച്ചു.

## മുൻകാല പദ്ധതികളുടെ വിലയിരുത്തൽ

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ ഇ.എം.എസ്. ഭവന പദ്ധതിക്ക് ശേഷമുള്ള തുടർവർഷങ്ങളിൽ വലിയ രീതിയിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ലൈഫ് ഭവന പദ്ധതി വന്നതോട് കൂടി ഗ്രാമീണ മേഖലയിലെ പാർപ്പിട പ്രശ്നങ്ങൾ വലിയതോതിൽ പരിഹരിക്കാൻ സാധിച്ചു. ഇന്ദിര ആവാസ് യോജന പദ്ധതിയിലൂടെ 150 ഭവന നിർമ്മാണ സഹായം അനുവദിച്ചു. 2016-17 പി.എം.എ.വൈ. പദ്ധതിയിലൂടെ 2011ലെ സാമൂഹിക സാമ്പത്തിക സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കപ്പെട്ടു .കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നൽകുന്ന വീടുകളുടെ എണ്ണം കുറവായതിനാൽ പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് 200ൽ അധികം വീടുകൾ ഈ കാലയളവിൽ അനുവദിച്ചു. വർദ്ധിച്ച കൂലി നിരക്ക് അസംസ്കൃത സാധനങ്ങളുടെ തുല്യത കുറവ് അപര്യാപ്തമായ സാമ്പത്തിക സഹായം, ഗതാഗത സൗകര്യങ്ങളുടെ പോരായ്മ, എന്നീ പ്രശ്നങ്ങൾ പാർപ്പിട മേഖലയിൽ വെല്ലുവിളിയാണ്. ഭവന പുനരുദ്ധാരണം /വാസയോഗ്യമാക്കൽ എന്നിവ എല്ലാ പദ്ധതിക്കാലയളവിലും നടപ്പിലാക്കിയിട്ടുണ്ട്.

ശുചിത്വ മിഷൻ ധന സഹായത്തോടെ എല്ലാ വീടുകൾക്കും ശുചിമുറി നൽകിക്കൊണ്ട് ODF പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ വെളിയിട വിമുക്ത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണ മേഖലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുടുംബശ്രീ സംരഭങ്ങൾ NRLM, DDUGKYപദ്ധതികൾ, സ്വയം തൊഴിൽ സംരംഭ പദ്ധതികൾ കാർഷിക മേഖലയിൽ കുടുംബശ്രീ JLG രൂപീകരിച്ചുള്ള സംഘകൃഷി എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു

## വികസന മേഖലയുടെ അവസ്ഥാ വിശകലനം

ദാരിദ്ര്യ ലഘൂകരണ മേഖലയിൽ ശക്തമായ പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുത്ത നടപ്പിലാക്കുന്നു കുടുംബങ്ങളെ പൂർണ്ണമായും കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി കൊണ്ടു വരാൻ സാച്ചിട്ടുണ്ട്. സ്വന്തമായി സ്ഥലവും വീടുമില്ലാത്ത ധാരാളം കുടുംബങ്ങൾ വാടക ക്വാർട്ടേഴ്സുകളിൽ കഴിയുന്നുണ്ട്. തീരദേശ മേഖലയിൽ ചില കുടുംബങ്ങൾ കുടിലുകളിൽ കഴിയുന്നുണ്ട്. ക്യാൻസർ പോലുള്ള മാരക രോഗങ്ങളുടെ കടന്നു കയറ്റം കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയെ കാര്യമായി ബാധിക്കുന്നു.

ചുമർ ബലക്ഷയം മാറ്റി ഉറപ്പുള്ളതാക്കുക, മേൽക്കൂര നവീകരിക്കുക. ജനൽ, വാതിലുകൾ ഉറപ്പിക്കുക. തുടങ്ങിയ ലക്ഷ്യത്തോടെ എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിയിരുന്നു. ധനസഹായമായ 25000 ഉപയോഗിച്ച് വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 14-ാം പദ്ധതിയിൽ പൊതു വിഭാഗത്തിനുള്ള ധനസഹായം 75000 രൂപയായി വർദ്ധിപ്പിച്ചു. 146

ശുചിത്വ മിഷൻ സഹായത്തോടെ പഞ്ചായത്തിലെ ശുചിമുറികളില്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും മുറി നിർമ്മാണത്തിന് ധന സഹായം നൽകി പഞ്ചായത്തിനെ ഒ ഡി എഫ് ആയി പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ട്. ശുചിത്വവിടവുകൾ നികത്താൻ നടപടി സ്വീകരിച്ചതിലൂടെ 29 പേർക്ക് പുതിയ ശുചിമുറി നിർമ്മിക്കാൻ ധനസഹായം അനുവദിച്ചു.

ദാരിദ്ര്യ ലഘൂകരണ മേഖലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കുടുംബശ്രീ മിഷന്റെ വിവിധ സംരംഭങ്ങൾ, NRLM, DDUGKY പദ്ധതികൾ എന്നിവ ദരിദ്ര ജനവിഭാഗത്തിന്റെ അടിസ്ഥാന

ആവശ്യങ്ങൾ നേടുന്നതിന് നിർണ്ണായക പങ്കുവഹിച്ചു വരുന്നു. DDUGKY പദ്ധതിയിലൂടെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ പരിശീലനവും പരിശീലനം പൂർത്തീകരിച്ചവർക്ക് ജോലി, നേടികൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ വിവിധ സ്ഥാപനങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തതു വരുന്നു.

കാർഷിക മേഖലയിൽ ജെ.എൽ.ജി. (കുടുംബശ്രീ) രൂപീകരിച്ച് സംഘകൃഷി നടത്തി വരുന്നു. ജൈവ പച്ചക്കറി, ജൈവ നെൽ കൃഷി, തരിശുഭൂമി കൃഷി മുതലായവ എടുത്തു പറയേ നേട്ടങ്ങളാണ്.

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (ഇ.പി.ഐ.പി.) ഭവനനിർമ്മാണം/ഭവന പുനരുദ്ധാരണം

അജാനൂർ ഗ്രാമപഞ്ചായത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയവരിൽ 5 കുടുംബം ഭവന രഹിത വിഭാഗത്തിലും 5 കുടുംബം ഭൂരഹിത ഭവനരഹിത വിഭാഗത്തിലും ഉൾപ്പെട്ടിരുന്നു. ഭവനരഹിതരായവരിൽ 2 പേർക്ക് ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കി വീട് നിർമ്മിച്ചു. ഇതിനായി പ്രത്യേകമായ പദ്ധതി രൂപീകരിച്ചുകൊണ്ട് ധനസഹായം അനുവദിച്ചു. 1640000 രൂപയുടെ പദ്ധതിയാണ് തയ്യാറാക്കി നിർവ്വഹണം നടത്തിയത്. ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ടവരും ഭവനപുനരുദ്ധാരണം ആവശ്യപ്പെട്ട 3 പേർക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചു 225000 രൂപ പദ്ധതിവിഹിതം ചിലവഴിച്ചു. ഭൂരഹിത ഭവന രഹിതരായ അതിദരിദ്ര്യ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഗ്രാമപഞ്ചായത്ത് പ്രത്യേകമായി ശ്രദ്ധപതിപ്പിച്ചിരുന്നു. അതിദരിദ്ര വിഭാഗങ്ങൾക്കായി ഭവനം, ഭക്ഷണം, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പടെ ആവശ്യമായ എല്ലാ മഘലയിലും സമഗ്രമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

## പ്രശ്നങ്ങൾ

പാർപ്പിട മേഖലയിൽ വരുന്ന പ്രശ്നങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. മത്സ്യതൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങിൽ CRZ നിയമം ഉള്ളതിനാൽ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
2. പട്ടികജാതി  പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പരമ്പരാഗത ഭൂമി ലഭിക്കുന്നതിൽ വലിയ കുറവ് കുണുന്നു. ലഭ്യമായതവയിൽ തന്നെ സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾനിലനിൽക്കുന്നവയുമുണ്ട്.
3. നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വിലയും കൂലി ചെലവും.
4. ഭൂരഹിത ഭവന രഹിത വിഭാഗത്തിലെ അർഹരായവർക്ക് ഭൂമിലഭ്യമാകുന്നതിലുള്ള പ്രയാസം.
5. അതി ദരിദ്ര പട്ടികയിലെ ഏകാംഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം പുനരുദ്ധാരണം.

## പ്രശ്നത്തിനുള്ള കാരണങ്ങൾ - വെല്ലുവിളികൾ

എ) അജാനൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികളിൽ അനുവദിച്ച ചില വീടുകളുടെ നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലോ നിർമ്മാണം അനുവദിക്കാത്ത നിലയിലോ ഉണ്ട് നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വിലയും സാമ്പത്തിക ഞെരുക്കവും ഇത്തരം വീടുകളുടെ നിർമ്മാണത്തെ ബാധിച്ചിരിക്കുന്നു.

ബി) വാടക ക്വാർട്ടേഴ്സ്സുകളിലും പുറമ്പോക്കുകളിലും ധാരാളം കുടുംബങ്ങൾ താമസിച്ചു വരുന്നു  ഇവരുടെ പുനരധിവാസം വലിയ വെല്ലുവിളിയാണ്. പലർക്കും കുടുംബ സ്വത്ത് ലഭിക്കാനിടയില്ലാത്തവരാണ് ചിലർ മറു നാടുകളിൽ നിന്നും വന്നു താമസിക്കുന്നവരാണ്. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തതിനാൽ ഇവർ അസഹിഷ്ണുതയും അരക്ഷിത ബോധവും ഉള്ളവരാണ്. ഐ.എ.വൈ. ഇ.എം.എസ് ഭവന പദ്ധതികളുമായി വിവിധ വർഷങ്ങളിൽ പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് ഭവന പദ്ധതികൾ നടപ്പാക്കിയെങ്കിലും വീടില്ലാത്തവരുടെ എണ്ണം വളരയധികമാണ്. വർഷങ്ങളായി കൂട്ടു കുടുംബത്തിൽ താമസിക്കുന്നവരും പട്ടയ സ്ഥലം ലഭിച്ച വരും മറ്റുമായി അർഹരായ ഗുണഭോക്താക്കൾക്ക് വീട് നൽകുകയെന്ന വെല്ലുവിളി ഏറ്റെടുത്തു നടപ്പിലാക്കേണ്ടതുണ്ട്.

സി) വിവിധ പദ്ധതികളാലും സ്വന്തമായും നിർമ്മിച്ച ചില വീടുകൾ അറ്റകുറ്റ പണി നടത്തിയാൽ വാസയോഗ്യമാക്കുന്ന അവസ്ഥയിലുണ്ട്. ഇത്തരം വീടുകൾ പൊളിച്ച് പുതിയവ പണിയുന്നതിനേക്കാൾ നല്ലത് ഇവയെ പുനരുദ്ധാരണത്തിന് പരിഗണിക്കുന്നതാണ്. കോൺക്രീറ്റ് വീടുകൾ (ധന സഹായം കൊണ്ട് നിർമ്മിച്ചവ) ചോർച്ച തടയുന്നതിനും ജനലുകൾ വാതിലുകൾ നിർമ്മിക്കുന്നതിനും പ്ലാസ്റ്ററിംഗ് മുതലായ

കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതും പരിഗണിക്കാവുന്നതാണ്.

ഡി) അഗതികളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മുഴുവൻ അർഹരേയും കണ്ടെത്തി ആവശ്യാനുസരണമുള്ള പദ്ധതികൽ തയ്യാറാക്കും. കുടുംബശ്രീ വഴി ചെയ്യാവുന്ന ആഹാരം മരുന്നു വിതരണം പോലുള്ള കാര്യങ്ങൾ. വീടാവശ്യമുള്ളവർക്ക് വീട് നന്നാക്കിയെടുക്കാവുന്ന വീടുകൾക്ക് അറ്റകുറ്റപ്പണികൾ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തൽ, വൈദ്യുതീകരണം മുതലായ കാര്യങ്ങൾ ചെയ്തുകൊടുക്കുക.

ഇ) മത്സ്യ തൊഴിലാളി മേഖലയിൽ ഒരു പാട് വെല്ലുവിളികൾ ഉണ്ട്. വീട് നിർമ്മാണത്തിന് അംഗീകാരം ലഭിക്കാത്തതിനാൽ ഈ മേഖലയിലുള്ളവരെ ഭവന നിർമ്മാണ പദ്ധതികൾക്ക് പരിഗണിക്കാൻ സാധിക്കുന്നില്ല. ശുചിത്വവുമായി ബന്ധപ്പെട്ട ബോധവത്ക്കരണം, മദ്യം മയക്കുമരുന്ന് ബോധവൽക്കരണം, സമ്പാദ്യശീലം വളർത്തുന്നതിനുള്ള ബോധവത്ക്കരണം തുടങ്ങിയവ

## സാധ്യതകൾ

മേൽപറഞ്ഞ എല്ലാ പ്രശ്നങ്ങൾക്കും സർക്കാർ ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈഫ് മിഷൻ വഴി നടപ്പിലാക്കാൻ സാധിക്കുന്ന കാര്യങ്ങളാണ്.

ഭവനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഭൂരഹിതരുടെ പ്രശ്നങ്ങളും പരിഹരിച്ച് ഈ മേഖലിലെ വെല്ലുവിളികൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

## വികസന പരിപ്രേക്ഷ്യം

2030 ഓടു കൂടി അജാനൂർ ഗ്രാമ പഞ്ചായത്തിലെ ദരിദ്രരായ മുഴുവൻ ഭൂരഹിതർക്കും. ഭൂരഹിത ഭവന രഹിതർക്കും വീടു നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. ഒപ്പം പുനരുദ്ധാരണ പ്രവൃത്തികളിലൂടെ വാസയോഗ്യമാക്കാവുന്ന വീടുകൾ വാസയോഗ്യമാക്കി പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു. CRZ മേഖലയിൽ ഇളവു ലഭിക്കുന്നതിനു അനുസരിച്ച് മത്സ്യതൊഴിലാളികളുടെ പാർപ്പിട പ്രശനങ്ങളും പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ എസ് സി, എസ് ടി പിന്നോക്ക ദരിദ്ര കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും പദ്ധതിയുടെ ഗുണം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. കുടുംബശ്രീ വഴി സംരംഭകത്വ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനങ്ങളും ലക്ഷ്യമാക്കുന്നു.

### പ്രോജക്ട് ആശയങ്ങൾ

1 മുഴുവൻ എസ് സി, എസ് ടി മൈനോറിറ്റി പൊതുവിഭാഗം ഭൂരഹിതർക്കും സ്ഥലം കണ്ടെത്തി നൽകുക.

2 ഇത്തരം സ്ഥലത്ത് ആവശ്യമെങ്കിൽ ഫ്ളാറ്റ് നിർമ്മിക്കുകയോ, ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം ഭവന നിർമ്മാണത്തിന് ധന സഹായം നൽകുകയോ ചെയ്യുക.

3 ഭവന രഹിതരായ ദരിദ്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം

4 ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള ധനസഹായം നൽകുക

5 NRLM പദ്ധതിയിൽ തൊഴിൽ സംരംഭങ്ങൾക്കായി താഴെ പറയുന്നു. നിർദ്ദേശങ്ങൾനടപ്പിലാക്കാവുന്നതാണ്.

6 തുണി സഞ്ചി നിർമ്മാണ യൂണിറ്റ്

7 പപ്പടം കറിപൗഡർ അരിപ്പൊടി യൂണിറ്റ്.

8 തയ്യൽ തൊഴിലാളികളെ ഉൾപ്പെടുത്തി വസ്തു ഗ്രാമ പദ്ധതി

9 ക്ഷീര ഗ്രാമം പദ്ധതി (പശു വളർത്തൽ പദ്ധതി എല്ലാ കുടുംബത്തിനും)

10 ആട്, കോഴി വളർത്തൽ പദ്ധതി

11 പരമ്പരാഗത തൊഴിലുകളായ പായ കൂട്ട് നെയ്ത്ത് പ്രോത്സാഹിപ്പിക്കൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം

# പതിനാലാം പഞ്ചവൽസര പദ്ധതി

**2026-27 വാർഷിക പദ്ധതി**

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## ദാരിദ്യ ലഘൂകരണം

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി | ഡി പി ആർ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കൽ | ദാരിദ്ര ലഘൂകരണം | 300 ഭവന രഹിത കുടുംബങ്ങൾ | സർക്കാർ ഫണ്ട്,പഞ്ചായത്ത് തലത്തിൽ കണ്ടെത്താൻ സാധിക്കുന്ന തനത് ഫണ്ട്, ഹഡ്കോ ലോൺ മുതലായ സാമ്പത്തിക സ്രോതസുകൾ വിനിയോഗിച്ച് കൊണ്ടുള്ള ലക്ഷ്യ പൂർത്തീകരണം | 210 ഭവന രഹിത കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | 55 ഭവനങ്ങൾ പൂർത്തീകരിച്ചു. 60 ഭവന രഹിത കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | 145 ഭവനങ്ങൾ പൂർത്തീകരിച്ചു. 18 ഭവന രഹിത കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | 56 ഭവനങ്ങൾ നിലവിൽപൂർത്തീകരിച്ചു. 12 ഭവന രഹിത കുടുംബങ്ങൾ കൂടി എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | ഡി പി ആർ ൽ ഉൾപ്പെട്ട ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണത്തിനായുള്ള തുക അനുവദിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കൽ. |

# ലൈഫ്മിഷൻ ഭവന പദ്ധതി

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ 2020 പദ്ധതിയിലൂടെ അപേക്ഷ നൽകാൻ സാധിച്ചു. ഭൂരഹിത ഭവനരഹിതരായ മുഴുവൻ പേർക്കും ലൈഫ് മിഷൻ 2020 പദ്ധതി അർഹതാ പരിശോധനക്ക് ശേഷം അന്തിമപട്ടികയിൽ ഉൾപ്പെടാൻ സാധിച്ചു. ഇപ്രകാരം ഭവനരഹിതരായ 514 പേരും ഭൂരഹിത ഭവനരഹിതരായ 224 പേരും പദ്ധതികളുടെ അന്തിമപട്ടികയിൽ ഇടം നേടി. പൊതുവിഭാഗത്തിൽ 489 പേരും പട്ടികജാതി 17, പട്ടികവർഗ്ഗം 18 എന്നിങ്ങനെയാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഭൂരഹിത ഭവനരഹിത വിഭാഗത്തിൽ പൊതുവിഭാഗം 218, പട്ടികജാതി 5, പട്ടികവർഗ്ഗം 1 ഉൾപ്പട്ടെ 224 പേർ പട്ടികയിൽ ഉണ്ട്. ഭൂമിയുള്ള ഭവനരഹിതരും പൊതുവിഭാഗത്തിൽ 36 പേർക്കും പട്ടികജാതി 10, പട്ടികവർഗ്ഗം 9 ഉൾപ്പടെ 55 പേർക്ക് ലൈഫ് മിഷൻ 2020 പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചു. 2023-24 വാർഷിക പദ്ധതിയിൽ പദ്ധതി വിഹിതമായി പൊതുവിഭാഗത്തിൽ നാളിതുവരെ 2880000 രൂപയും പട്ടികജാതി വിഭാഗത്തിൽ 2420000 രൂപയും പട്ടികവർഗ്ഗത്തിൽ 5055000 രൂപയും ഉൾപ്പടെ 1038500 രൂപ ധനസഹായം നൽകിയിട്ടുണ്ട്. നാളിതുവരെയായി 55 വീടുകൾ പൂർത്തീകരിക്കുകയും പുതുതായി പൊതുവിഭാഗം 25 ഗുണഭോക്താക്കൾക്ക് കൂടി കരാർ വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# പതിനാലാം പഞ്ചവൽസര പദ്ധതി

**2026–27 വാർഷിക പദ്ധതി**

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## ദാരിദ്യ ലഘൂകരണം

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022–23 ൽ കൈവരിച്ച നേട്ടം | 2023–24 കൈവരിച്ച നേട്ടം | 2024–25 കൈവരിച്ച നേട്ടം | 2025–26 കൈവരിച്ച നേട്ടം | 2026–27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി | ഡി പി ആർ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കൽ | ദാരിദ്ര ലഘൂകരണം | 300 ഭവന രഹിത കുടുംബങ്ങൾ | സർക്കാർ ഫണ്ട്,പഞ്ചായത്ത് തലത്തിൽ കണ്ടെത്താൻ സാധിക്കുന്ന തനത് ഫണ്ട്, ഹഡ്കോ ലോൺ മുതലായ സാമ്പത്തിക സ്രോതസുകൾ വിനിയോഗിച്ച് കൊണ്ടുള്ള ലക്ഷ്യ പൂർത്തീകരണം | 210 ഭവന രഹിത കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | 55 ഭവനങ്ങൾ പൂർത്തീകരിച്ചു. 60 ഭവന രഹിത കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | 145 ഭവനങ്ങൾ പൂർത്തീകരിച്ചു. 18 ഭവന രഹിത കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | 56 ഭവനങ്ങൾ നിലവിൽപൂർത്തീകരിച്ചു. 12 ഭവന രഹിത കുടുംബങ്ങൾ കൂടി എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | ഡി പി ആർ ൽ ഉൾപ്പെട്ട ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണത്തിനായുള്ള തുക അനുവദിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കൽ. |

# 7. സാമൂഹ്യനീതി,
# (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)

## നടപ്പിലാക്കിയ വിവിധ പദ്ധതികൾ

### 1. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

കാസറഗോഡ് ജില്ലയിലെ ഏറ്റവും കൂടുതൽ എന്റോസൾഫൻ അതിജീവിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് അജാനൂർ ഗ്രാമ പഞ്ചായത്ത്. വിവിധ സ്ഥാപനങ്ങളിലായി പഠനം നടത്തുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും ശാരിരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് അനുവദിച്ച് നല്കിയിട്ടുണ്ട്. സ്കൂളി പോകുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കരുതലായി 178ൽ പരം വരുന്ന ഭിന്നശേഷി കുട്ടികൾക്ക് പഞ്ചായത്ത് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

### 2. ഭിന്നശേഷിക്കാർക്ക് ത്രീ വീലർ സ്കൂട്ടർ നൽകൽ

പഞ്ചായത്തിലെ അർഹരായിട്ടുള്ള രണ്ടു ഭിന്നശേഷി ആളുകൾക്ക് ത്രീ വീലർ സ്കൂട്ടർ വാങ്ങി നല്കിയിട്ടുണ്ട്.

### 3. ജാഗ്രത സമിതി പ്രവർത്തനങ്ങൾ

പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട സ്ത്രീകളും കുട്ടികളും അടങ്ങുന്ന Varnarable ആയിട്ടുള്ള വിഭാഗങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തുവാനും പരിഹരിക്കുവാനും പഞ്ചായത്ത് ജാഗ്രത സമിതിയും അതിനു താഴെ വാർഡ്തല ജാഗ്രത സമിതിയും പ്രവര്ത്തിച്ചുവരുന്നു. പഞ്ചായത്ത് തല ജാഗ്രത സമിതി അംഗങ്ങൾക്കും വാർഡ് തല ചെയർമാൻമാർക്കും കൺവീനർമാർക്കും ബോധൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും വിദഗ്ധർ ക്ലാസ് നയിക്കുകയും ചെയ്തു .

### 4. സായം പ്രഭ

പഞ്ചായത്തിലെ വയോജനങ്ങൾക്ക് വര്ധക്ക്യകാലത്തെ ബുദ്ധിമുട്ടുകൾ അഡ്രസ്സ് ചെയ്യുവാനും. വയോജനങ്ങൾക്ക് ഒത്തുകൂടുവാനും പഞ്ചായത്തിൽ സായം പ്രഭ ഹോമും പകൽ വീടും ഉണ്ട്. ഇവിടങ്ങളിൽ ഒരു കെയർ ഗിവറിന്റെ സേവനം പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. നിലവിൽ കെയർഗിവർ രണ്ടിടങ്ങളിലായി സേവനം നല്കിരവരുന്നു.

### 5. വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ

അജാനൂർ ഗ്രാമപഞ്ചായത്തിൽ വരുന്ന നിർധനരായ വയോജനങ്ങൾക്ക് ഹിയറിംഗ് എയ്ഡ്, വാക്കർ, വീൽചെയർ, കട്ടിൽ, വയോജനസംഗമം പരിപാടി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

### 6. ഭിന്നശേഷി കലാകായിക മേള

കാസർഗോഡ് ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ഭിന്ന ശേഷിക്കാർ ഉൾപ്പെടുന്ന പഞ്ചായത്തുകളി ലൊന്നാണ് അജാനൂർ ഗ്രാമപഞ്ചായത്ത്. ഭിന്നശേഷി ആളുകളുടെ പൊതു ഇടങ്ങളിൽ ഭിന്നശേഷി ആളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും അവരിലെ കലാമൂല്യങ്ങളെ പ്രദർശിപ്പിക്കാനും 2025-26 പദ്ധതിയിൽ ഭിന്നശേഷി കലാമേള ആവിഷ്കരിച്ച് നടപ്പിലാക്കി. ഇത്തരത്തിലുള്ള മേളകൾ സംഘടിപ്പിക്കുന്നത് വഴി ഭിന്നശേഷി ആളുകളുടെയും അവർ ഉൾപ്പെടുന്ന കുടുംബാംഗങ്ങളുടെയും ഒത്തുകൂടലിനും മാനസികോല്ലാസത്തിനും വഴി ഒരുക്കുകയും ഭിന്നശേഷി ആളുകളിലെ സോഷ്യൽ സ്റ്റിഗ്മ ഒരു പരിധിവരെ അകറ്റാനും സാധിക്കും.

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026-27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

# സാമൂഹ്യ നീതി

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്ന തിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | പോഷകാഹാരം | പ്രീ സ്ക്കൂൾ വിദ്യാർത്ഥികളശ്ക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കൽ | സാമൂഹ്യനീതി | നിലവിൽ ഉണ്ടായിരുന്ന സർക്കാർ മാർഗ്ഗ രേഖ പ്രകാരമുള്ള പോഷകാഹാര വിതരണം | പരിഷ്ക്കരിച്ച ഭക്ഷ്യ മെനുമാർഗ്ഗ രേഖ പ്രകാരമുള്ള പോഷകസമ്പൂഷ്ടമായ ആഹാര പദാർത്ഥങ്ങൾ നൽകൽ | പ്രീ സ്ക്കൂൾ വിദ്യാർത്ഥികളശ്ക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കി | പ്രീ സ്ക്കൂൾ വിദ്യാർത്ഥികളശ്ക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കി | പ്രീ സ്ക്കൂൾ വിദ്യാർത്ഥികളശ്ക്കും, ഗർഭിണി കൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ട മായ ഭക്ഷണം ലഭ്യമാക്കി | പ്രീ സ്ക്കൂൾ വിദ്യാർത്ഥികളശ്ക്കും, ഗർഭിണി കൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പുതുക്കിയ ഭക്ഷ്യ മെനു പ്രകാരം പോഷക സമ്പൂഷ്ട മായ ഭക്ഷണം ലഭ്യമാക്കി വരുന്നു | പ്രീ സ്ക്കൂൾ വിദ്യാർത്ഥികളശ്ക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പുതുക്കിയ ഭക്ഷ്യ മെനു പ്രകാരം പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കൽ |
| 2 | സ്കോളർഷിപ്പ് | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | സാമൂഹ്യ നീതി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകൽ | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകൽ |
| | | | | | | | | | വരുന്നു | |
| 3 | ഭിന്നശേഷി കലാമേള | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ | ഭിന്നശേഷി ക്ഷേമം | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ |
| 4 | ജാഗ്രതസമിതി ശക്തിപ്പെടുത്തൽ | നിയമാവബോധം നൽകൽ, കായിക പരിശീലനം | സ്ത്രീ സുരക്ഷ | ഈ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അപര്യാപ്തത | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | നിയമാവബോധം നൽകൽ, കായിക പരിശീലനം |

# 8. ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

**അങ്കണവാടി പോഷകാഹാരം**

അങ്കണവാടികളിൽ കൂടി നാടിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ട്കൊണ്ട് ഏറ്റവു കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമായ ആറുവയസ്സുവരെയുള്ള കുട്ടികൾ മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് പോഷകാഹാര വിതരണം നടപ്പിലാക്കിവരുന്നു. കേരള സർക്കാർ "പോഷക ബാല്യം" പദ്ധതി അവതരിപ്പിച്ച് 3-6 വയസ്സുവരെയുള്ള കുട്ടിക്ക് പാൽ, മുട്ട വിതരണം തുടങ്ങുന്നതിനു മുൻപേ തന്നെ അജാനൂർ പഞ്ചായത്ത് പോഷകാഹാര പദ്ധതിയിൽ ഉൾപ്പെപടുത്തി, ആഴ്ചയിൽ രണ്ട് ദിവസം പാൽ, രണ്ട് ദിവസം മുട്ട, രണ്ട് ദിവസം പഴം (നേന്ത്രക്കായ), എന്നിവ നൽകിവരുന്നു. പോഷകബാല്യം പദ്ധതി വന്നതിനു ശേഷം മുട്ട, പാൽ എന്നിവയെ പദ്ധതിയിൽ ഉൾപ്പെടുത്തിയും പഴം, പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തിയും നടത്തിവരുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട അരി, ചെറുപയർ, ഗോതമ്പ്, ഉഴുന്ന്, എണ്ണ, ശർക്കര, ചെറുപരിപ്പ് എന്നിവ പ്രീ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. ഗോതമ്പ്, എണ്ണ, ഉഴുന്ന് എന്നിവ ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും നൽകിവരുന്നു. പ്രസ്തുത പദ്ധതി 2025-26 വർഷത്തിലും തുടരുന്നു.

അങ്കൺവാടി കുട്ടികളുടെ പുതുക്കിയ മാതൃകാ ഭക്ഷണമെനു പ്രകാരം പഞ്ചായത്ത് പരിധിയിലെ മുഴുവൻ അങ്കൺവാടികളിലും ഭക്ഷ്യവിഭവങ്ങൾ നൽകിവരുന്നു. പാൽപിടി, കൊഴുക്കട്ട, ഇലയട, ചോറ്, ചെറുപയർ കറി, ഇലക്കറി, ധാന്യങ്ങൾ, പരിപ്പ് പായസം, ന്യൂട്രിലഡു, മുട്ടബിരിയാണി, മുട്ടപുലാവ്, ഫ്രൂട്ട് കപ്പ്, റാഗി അട, കടല മിഠായി, പയർകഞ്ഞി, വെജ് തിഴങ്ങ് കൂട്ടുകറി, സോയ കടല ഡ്രൈഫ്രൈ, ഇഡലി സാമ്പാർ, പുട്ട് ഗ്രീൻപീസ് കറി, മുളപ്പിച്ച പയർ, ചീര തോരൻ, സാമ്പാർ, മുട്ട ഓംലറ്റ്, അവൽശർക്കര പഴം മിക്സ്, അവിയൽ, വെജിറ്റബിൾ പുലാവ്, ഗോതമ്പ് നുറുക്ക് പുലാവ്, ധാന്യ പായസം മുതലായവ ഭക്ഷ്യമെനുവിൽ ഉൾപ്പെടുത്തി നൽകിവരുന്നു.

**ജാഗ്രതാ സമിതി**

പഞ്ചായത്തിന്റെ പരിധിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങൾ അഡ്രസ് ചെയ്യുവാനും പ്രധാനമായും വൾണറബിലിറ്റി വിഭാഗത്തിൽപെടുത്താവുന്ന സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ പ്രശ്നങ്ങൾ മുഖ്യധാരയിൽ കൊണ്ടുവരുവാനും അവരുടെ പ്രശ്നങ്ങൾ സ്വകാര്യത സൂക്ഷിച്ചുകൊണ്ട് തന്നെ ചർച്ച ചെയ്യപ്പെടുവാനും ആയതിന് പരിഹാരം കണ്ടെത്തുവാനും നിലവിൽ പ്രശ്നപരിഹാരമായില്ലെങ്കിൽ തുടർ സേവനത്തിനും ആവശ്യമായ കർമ്മസമിതിയുടെ നല്ല രീതിയിലുള്ള നടത്തിപ്പിന് ട്രെയിനിംഗ് അത്യാവശ്യമാണ്. അതിലേക്കായി പഞ്ചായത്തിലെ 24 വാർഡുകളിലേക്കായി ബോധവൽക്കണ ക്ലാസ്സിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**അംഗൻവാടികൾക്ക് ബേബി ബെഞ്ച്**

അജാനൂർ ഗ്രാമ പഞ്ചായത്തിലെ 38 അംഗൻവാടികളിലും പഠനസൗകര്യം ഒരുക്കുന്നതിനായി രൂപീകരിച്ച പദ്ധതി.

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026-27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

# സാമൂഹ്യ നീതി

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്ന തിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | പോഷകാഹാരം | പ്രീ സ്കൂൾ വിദ്യാർത്ഥികളർക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കൽ | സാമൂഹ്യനീതി | നിലവിൽ ഉണ്ടായിരുന്ന സർക്കാർ മാർഗ്ഗ രേഖ പ്രകാരമുള്ള പോഷകാഹാര വിതരണം | പരിഷ്ക്കരിച്ച ഭക്ഷ്യ മെനുമാർഗ്ഗ രേഖ പ്രകാരമുള്ള പോഷകസമ്പൂഷ്ടമായ ആഹാര പദാർത്ഥങ്ങൾ നൽകൽ | പ്രീ സ്കൂൾ വിദ്യാർത്ഥികളർക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കി | പ്രീ സ്കൂൾ വിദ്യാർത്ഥികളർക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കി | പ്രീ സ്കൂൾ വിദ്യാർത്ഥികളൾക്കും, ഗർഭിണി കൾക്കും, മൂലയൂട്ടുന്ന അമ്മ മാർക്കും പോഷക സമ്പൂഷ്ട മായ ഭക്ഷണം ലഭ്യമാക്കി | പ്രീ സ്കൂൾ വിദ്യാർത്ഥികളൾക്കും, ഗർഭിണി കൾക്കും, മൂലയൂട്ടുന്ന അമ്മ മാർക്കും പുതുക്കിയ ഭക്ഷ്യ മെനു പ്രകാരം പോഷക സമ്പൂഷ്ട മായ ഭക്ഷണം ലഭ്യമാക്കി വരുന്നു | പ്രീ സ്കൂൾ വിദ്യാർത്ഥികളർക്കും,ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും പുതുക്കിയ ഭക്ഷ്യ മെനു പ്രകാരം പോഷക സമ്പൂഷ്ടമായ ഭക്ഷണം ലഭ്യമാക്കൽ |
| 2 | സ്കോളർഷിപ്പ് | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | സാമൂഹ്യ നീതി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകൽ | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർ ഷിപ്പ് നൽകി | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർ ഷിപ്പ് നൽകി വരുന്നു | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകൽ |
| 3 | ഭിന്നശേഷി കലാമേള | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ | ഭിന്നശേഷി ക്ഷേമം | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാമേള നടത്തി | ഭിന്നശേഷിക്കാരുടെ കലാഭിരുചികൾ അവതരിപ്പിക്കൽ |
| 4 | ജാഗ്രതസമിതി ശക്തിപ്പെടുത്തൽ | നിയമാവബോധം നൽകൽ, കായിക പരിശീലനം | സ്ത്രീ സുരക്ഷ | ഈ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അപര്യാപ്തത | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | ജാഗ്രതസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | നിയമാവബോധം നൽകൽ, കായിക പരിശീലനം |

# 9. പട്ടികജാതി- പട്ടികവർഗ്ഗ വികസനം

പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയുടെ 25 വർഷം മുമ്പത്തെ സ്ഥിതി പരിശോധിച്ചാൽ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 2.92% പട്ടികജാതി വിഭാഗമായിരുന്നു. 1991-ലെ സെൻസസ്സ് പ്രകാരം 1241 പട്ടികജാതി വിഭാഗക്കാരുണ്ടായിരുന്നു. 654 പേർ സ്ത്രീകളായിരുന്നു. പട്ടികജാതി വിഭാഗക്കാർ പഞ്ചായത്തിലെ വെള്ളന്തട്ട, തണ്ണോട്ട്, ചോതാട്, പാടിക്കാനം, പാണത്തോട്, കാരക്കുഴി, മൂലക്കണ്ടം, മഞ്ഞംപൊതി, മേലടുക്കം, വെള്ളിക്കോത്ത് എന്നീ കോളനികളിലായിരുന്നു കേന്ദ്രീകരിച്ചിരുന്നത്.

25 വർഷങ്ങൾക്കു ശേഷം ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ പഞ്ചായത്തിൽ ആകെ 436 പട്ടികജാതി കുടുംബങ്ങളുണ്ട്. ആകെ പട്ടികജാതി ജനസംഖ്യ 1325 ആണ്. ഇതിൽ 639 പേർ പുരുഷന്മാരും 686 പേർ സ്ത്രീകളുമാണ്. ഇവർ പഞ്ചായത്തിലെ മൂലക്കണ്ടം, കാരക്കുഴി , പുതിയകണ്ടം ലക്ഷം വീട് കോളനി, സെറ്റിൽമെന്റ് സ്കീം, കാരക്കുണ്ട്, രാംനഗർ, മേലടുക്കം എന്നീ കോളനികളിലായി താമസിച്ചുവരുന്നു.

ആകെ പട്ടികവർഗ്ഗ കുടുംബങ്ങൾ 130 ആണ്. ആകെ ജനസംഖ്യ 494 ആണ്. ഇതിൽ241 പേർ പുരുഷന്മാരും 253 പേർ സ്ത്രീകളുമാണ്. ഇവർ പഞ്ചായത്തിലെ വെള്ളന്തട്ട, കാരക്കുഴി, പാണംതോട് , മൂലക്കണ്ടം, മേലടുക്കം എന്നീ കോളനികളിലായി കേന്ദ്രീകരിച്ചിരിക്കുന്നു.

25 വർഷങ്ങൾക്ക് മുമ്പത്തെ വിദ്യാഭ്യാസ നിലവാരം പരിശോധിച്ചാൽതന്നെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ വളരെ പിന്നോക്കമായിരുന്നതായി കാണാം. കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് രക്ഷിതാക്കൾക്ക് വേണ്ടത്ര താല്പര്യം കാട്ടിയിരുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പാതിവഴിയിൽ പഠനം നിർത്തേണ്ടി വന്നിട്ടുള്ള അവസ്ഥയും പലർക്കുമുണ്ടായി. 1996-97 അധ്യയന വർഷത്തിൽ പഞ്ചായത്തിൽ ആകെ 290 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ടിരുന്ന വിദ്യാർഥികൾ തുടർന്ന് പഠിക്കാൻ തയ്യാറായിരുന്നില്ല. അവർ പലരും തൊഴിൽ തേടി നിർമ്മാണ മേഖലയിലേക്ക് വഴിമാറിപ്പോയിരുന്നു. ഈ സമുദായത്തിലെ വിദ്യാർത്ഥികൾ ഉപരി പഠനത്തിനു പോയിരുന്നത് മറ്റ് വിദ്യാർത്ഥികളെ അപേക്ഷിച്ച് കുറവായിരുന്നു.

25 വർഷങ്ങൾക്ക് ശേഷമുള്ള ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുള്ളതായി കാണാം. പട്ടികജാതി വിഭാഗത്തിൽ നിന്നും എസ്.എസ്.എൽ.സി. പാസ്സായവരുടെ സംഖ്യ 748 ആണ്. പട്ടികജാതി വിഭാഗത്തിൽ നിന്നും ബിരുദം നേടിയവർ 164 ആണ് . 25 പേർ ബിരുദാനന്തര ബിരുദധാരികൾ ആണ്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകൾ നേടിയവരുടെ എണ്ണം 136 ആണ്. വിദ്യാഭ്യാസം ഉപേക്ഷിച്ചു പോകുന്നവർ ആരും തന്നെ ഇപ്പോൾ ഇല്ല എന്ന് പറയാം. ഒരു വിപ്ലവ കരമായ മാറ്റം തന്നെ വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.

സാമൂഹ്യ സാംസ്കാരിക നിലയിലും നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അയിത്തം തുടങ്ങിയ അനാചാരങ്ങൾ ഇവിടെ നിന്നും തുടച്ചുമാറ്റപ്പെട്ടിരിക്കുന്നു. 25കൊല്ലങ്ങൾക്കം മുമ്പ് സാംസ്കാരിക രംഗത്ത് പുരുഷന്മാരേക്കാൾ തീരെ പിന്നിലായിരുന്ന സ്ത്രീകൾ ഇന്നത്തെ കാലഘട്ടത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിരിക്കുന്നു .

25 കൊല്ലങ്ങൾക്ക് മുമ്പുണ്ടായിരുന്ന ചില പരമ്പരാഗത ആചാരങ്ങൾ അപ്രത്യക്ഷമായിട്ടുണ്ട്. പാളതൊപ്പി നിർമ്മാണം, ചെരിപ്പ് നിർമ്മാണം, കുമ്മായ നിർമ്മാണം തുടങ്ങിയ ചില പരമ്പരാഗത തൊഴിലുകൾ ഇപ്പോൾ ഏതാണ്ട് അപ്രത്യക്ഷമായിട്ടുണ്ട്. കൂട്ടമെടയാൽ, പായനെയ്ത്ത്, തുടങ്ങിയവ ഇപ്പോഴും നിലനില്ക്കു ന്നുണ്ട്. കാവുകളിലും ക്ഷേത്രങ്ങളിലും മറ്റും കെട്ടിയാടുന്ന തെയ്യവും ശ്രദ്ധേയമാണ്. കുരുത്തോല കൊണ്ടും മറ്റ് ചെലവുകുറഞ്ഞ വസ്തുക്കൾ കൊണ്ടും മനോഹരങ്ങളായ ആടയാഭരണങ്ങളും ചമയങ്ങളും ഇവർ ഉണ്ടാക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ സമ്പന്നമായ കരവിരുതും അനുഷ്ഠാനകലകളും സംരക്ഷിക്കുന്നതിനും പുനരാവിഷ്കരിക്കുന്നതിനും കുറച്ചുകൂടി ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഭൂരിപക്ഷവും കൂലിപ്പണി ചെയ്ത് ജീവിക്കുന്നവരാണ്. പരമ്പരാഗത തൊഴിലുകളുടെ തകർച്ചയോടെ ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റുമേഖലയെ ആശ്രയിക്കാൻ നിർബന്ധിതരായി. ഇപ്രകാരം മറ്റുമേഖലയിലേക്ക് തിരയുന്നവരിൽ ഭൂരിപക്ഷവും കൂലിപ്പണി, മറ്റ് നിർമ്മാണ മേഖലകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജോലി നല്കുന്നതിനു ശ്രമം നടത്തിയിട്ടുണ്ടെങ്കിലും ഇവരിൽ പലരും തൊഴിലെടുക്കുന്നതിനു വിസമ്മതിക്കുന്നു. പട്ടികജാതി വിഭാഗത്തിൽ 170 പേർക്ക് ജോബ് കാർഡുകൾ നല്കിയിട്ടുണ്ടെങ്കിലും 2021 - 22സാമ്പത്തിക

വർഷം 92 പേരാണ് തൊഴിലിനു ഹാജരായിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽ 107 പേർക്ക് ജോബ് കാർഡുകൾ നൽകിയിട്ടുണ്ട്. ജോലിക്ക് ഹാജരാകുന്നവർ 74 പേരാണ്.

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരായ ബഹു ഭൂരിപക്ഷം പേർക്കും വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖേന വീടുകൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ കുടുംബങ്ങളേയും ചെറ്റക്കുടിലുകളിൽ നിന്നും മോചിപ്പിച്ചിട്ടുണ്ട് . ഭൂമിയും വീടും ഇല്ലാത്ത തികച്ചും അർഹരായവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലവും വീടും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

ആരോഗ്യ പരിപാലന രംഗത്തും വൻ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. 25 കൊല്ലങ്ങൾക്ക് മുമ്പ് പല പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ആരോഗ്യ പ്രശ്നങ്ങൾ നിലനിന്നിരുന്നു. പല കുടുംബങ്ങളും ശുചിത്വത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നില്ല. അന്നത്തെ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം വന്നു കഴിഞ്ഞിട്ടുണ്ട് . പൂർണ്ണമായി പരിഹരിച്ചിട്ടില്ലെങ്കിലും വലിയൊരു പരിധിവരെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഭാഗമായി എല്ലാ പട്ടികജാതി പട്ടിഗവർഗ്ഗ ഭവനങ്ങളിലും കക്കൂസുകൾ നല്കിയിട്ടുണ്ട്. ആരോഗ്യ സാമൂഹ്യ പ്രവർത്തികളുടെ നിരന്തരം സമ്പർക്കവും ബോധവൽക്കരണവും പട്ടികജാതി പട്ടികവര്ഗ്ഗല ജനവിഭാഗങ്ങൾക്കിടയിൽ നടന്നുവരുന്നുണ്ട്.

25 വർഷം മുമ്പ് പട്ടികജാതി പട്ടികവർഗ്ഗ മേഖല നേരിട്ട മുഖ്യ പ്രശ്നങ്ങൾ താഴെ പറയുന്നവയായിരുന്നു .

1) കാർഷിക മേഖലയിൽ തൊഴിലവസരം കുറയുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
2) എല്ലാവർക്കും സ്വന്തമായി വീടില്ല. ഉള്ളവീടുകൾ പഴക്കം ചെന്നതും തീർത്തും ആവസയോഗ്യമാല്ലത്തതുമാണ്.
3) വീടും ചുറ്റുപാടും ശുചിത്വമില്ലത്തതാണ്. അടുത്തടുത്ത് സ്ഥിതിചെയ്യുന്ന വീടുകൾ ശുചിത്വമില്ലയ്മയ്ക്ക് ആക്കം കൂട്ടുന്നു .
4) കോളനികളിലെല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല .
5) ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല. നിർധന കുടുംബങ്ങളെ ചികിത്സിക്കുന്നതിനും മറ്റും വേണ്ടത്ര ഊന്നൽ കൊടുക്കുന്നില്ല.
6) നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് വേണ്ടതായ ധനസഹായം നകുന്നതിന് പ്രാധാന്യം കാണിക്കുന്നില്ല.
7) ഐ.ആർ.ഡി. പി. പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല .
8) പട്ടികജാതി ക്ഷേമ കോർപനറേഷൻ സ്വയം തൊഴിലിനുവേണ്ടി നല്കുന്ന വായ്പകൾ ലക്ഷ്യം തേടുന്നില്ല.
9) നിലവിലുള്ള വകുപ്പുകളുടെ ക്ഷേമപ്രവർത്തനങ്ങളെ പറ്റി വേണ്ടത്ര ബോധവാന്മാരല്ല.
10) കാരക്കുഴി, മൂലക്കണ്ടം, പള്ളത്തുങ്കാൽ, വെള്ളന്തട്ട, തണ്ണോട്ട്, കുന്നുമങ്ങാനം, ചോനാട്ട്, പാടിക്കാനം, പാണന്തോട് എന്നി കോളനികളിൽ കുടിവെള്ള ക്ഷാമമുണ്ട്.
11) മൂലക്കണ്ടം, കാരക്കുഴി, പാണന്തോട് എന്നി കോളനികളിൽ കുടിവെള്ള ക്ഷാമമുണ്ട്.
12) പാണന്തോട്, വെള്ളന്തട്ട, കാരക്കുഴി എന്നി കോളനികളിൽ ഗതാഗത സൗകര്യമില്ല.
13) കാരക്കുഴി, മൂലക്കണ്ടം പള്ളത്തുങ്കൽ, വെള്ളന്തട്ട, തണ്ണോട്ട്, കുന്നുമങ്ങാനം, ചോനാട്ട്, പാടിക്കാനം, പാണന്തോട് എന്നീ കോളനികളിൽ കക്കൂസ് സൗകര്യമില്ല.

25 വർഷങ്ങൾക്ക് ശേഷം നിലവിലെ സ്ഥിതി എന്തെന്ന് പരിശോധിക്കാം .

കാർഷിക മേഖലയുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ഈ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയിൽ പട്ടികജാതി പട്ടികവഗ്ഗക്കാർക്കുള്ള തൊഴിലവസരങ്ങൾ ഇന്നും കുറവ് തന്നെയാണ്. ഇത് പരിഹരിക്കുന്നതിനായി ദീർഘ വീക്ഷണമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

പാർപ്പിട മേഖലയിൽ 25 വർഷക്കാലത്തിനിടയ്ക്ക് വൻ മുന്നേറ്റം സാദ്ധ്യമായിട്ടുണ്ട്. ചെറ്റക്കുടിലുകളിൽ നിന്നും പൂർണമായും മോചനം സാദ്ധ്യമായിട്ടുണ്ട്. ഈ രംഗത്ത് തികച്ചും തൃപ്തികരമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ഭൂമിയും പാർപ്പിടവും ഇല്ലാത്തവരും അർഹതയുള്ളതുമായവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയും പാർപ്പിടവും നല്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ നടപ്പാക്കി വരുന്നുണ്ട്.

ശുചിത്വ രംഗത്ത് കഴിഞ്ഞ 25 വർഷടത്തിനിടെ വലിയ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെങ്ങും നിലനില്ക്കുന്നില്ല . കുടിവെള്ള പ്രശ്നം വലിയൊരളവുവരെ പരിഹരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ട്. ODF പദ്ധതിയിലുൾപ്പെടുത്തി എല്ലാ പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങൾക്കും കക്കൂസുകൾ നല്കിുയിട്ടുണ്ട്. ആരോഗ്യ സാമൂഹ്യ പ്രവർത്തകരുടെ നിരന്തര സമ്പർക്കവും ബോധവല്ക്കരണവും നടക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്ന പദ്ധതി എല്ലാ സാമ്പത്തിക വർഷവും നടപ്പാക്കി വരുന്നുണ്ട്. പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധന സഹായവുമായി 75000/- രൂപയും പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹധനസഹായവുമായി 100000/- രൂപയുമാണ് നല്കുന്നത്. ഈ സാമ്പത്തിക വർഷം പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം എന്ന പദ്ധതിക്ക് 400000 രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

ഐ.ആർ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളന്തട്ട, കാരക്കുഴി, പാണംതോട്, എന്നീ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ സമുദായങ്ങൾക്ക് വേണ്ടി കമ്മ്യുണിറ്റി ഹാളുകൾ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രോഗ്രാം നടപ്പാക്കുന്നില്ല.

പട്ടികജാതി ക്ഷേമ കോർപ്പറേഷനുകൾ വഴി സ്വയം തൊഴിലിനായി നല്കുന്ന വായ്പകൾക്ക് ഉദ്യോഗസ്ഥ ജാമ്യം ആവശ്യപ്പെടുന്നുണ്ട് . ആയതിനാൽ ഇത്തരം വായ്പ്പകൾക്ക് വേണ്ടി അപേക്ഷിക്കുന്നവർക്ക് ഭൂരിഭാഗം പേർക്കും വായ്പകൾ ലഭ്യമാകാതെ പോകുന്നു. ഈ വിഷയത്തിൽ സർക്കാർ തലത്തിലുള്ള തീരുമാനം ആവശ്യമാണ്.

കോളനികളിലെ കുടിവെള്ള ക്ഷാമം വലിയതോതിൽ പരിഹരിച്ചിട്ടുണ്ട്. കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതി കാരക്കുഴി, മൂലക്കണ്ടം വെള്ളന്തട്ട, പാണംതോട്, തുടങ്ങിയ കോളനികളിൽ നടപ്പാക്കിയിട്ടുണ്ട്. മൂലക്കണ്ടം കാരക്കുഴി പാണംതോട് കോളനികളിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്. വെള്ളന്തട്ട, കാരക്കുഴി, പാണംതോട് കോളനികളിലെ ഗതാഗത സൗകര്യമില്ലായ്മയും പരിഹരിച്ചിട്ടുണ്ട്. 25കൊല്ലങ്ങൾക്കിടയ്ക്ക് ഈ കോളനികളിൽ നല്ല റോഡുകൾ നിർമ്മിക്കുകയും മറ്റ് ഗതാഗത സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ശുചിത്വ പ്രശ്നങ്ങൾക്ക് ഇക്കഴിഞ്ഞ 25 കൊല്ലങ്ങൾക്കകം വലിയതോതിൽ പരിഹാരമായിടുണ്ട്. ഒ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങൾക്കും കക്കൂസ് നലികിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പട്ടികജാതി വിഭാഗങ്ങൾക്കായി 7 പ്രോജക്ടുകളും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി 6 പ്രോജക്റ്റുകളുമാണ് പഞ്ചായത്തിൽ നടപ്പാക്കുന്നത്. ഇവയിൽ വിവാഹ ധന സഹായം, വയോജനങ്ങൾക്ക് കട്ടിൽ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, ഭവന നിർമ്മാണ പദ്ധതി, ഭവന പുനരുദ്ധാരണം, വിദ്യാർഥികൾക്ക് പഠനോപകരണങ്ങളും ഫർണിച്ചറുകളും എന്നീ പദ്ധതികൾ പട്ടികജാതി മേഖലയിലും വിവാഹ ധനസഹായം, വയോജനങ്ങൾക്ക് കട്ടിൽ, എസ് ടി കമ്മ്യുണിറ്റി ഹാളുകൾക്ക് സ്മാർട്ട് ടി വി നൽകൽ, ഭവന പുനരുദ്ധാരണം, ലൈഫ് ഭവന പദ്ധതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ പട്ടിക വർഗ്ഗ മേഖലയിലും ഉൾപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനം എന്ന ദീർഘകാല ലക്ഷ്യം മുൻനിർത്തി നാം ഇനിയും വളരെയേറെ സഞ്ചരിക്കേണ്ടിയിരിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പ്രശ്നം പൂർണ തോതിൽ ഇനിയും പരിഹരിച്ചു കഴിഞ്ഞിട്ടില്ല. എല്ലാ കോളനികളിലും കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്ത ചുരുക്കം കുടുംബങ്ങളെങ്കിലും അവശേഷിക്കുന്നു. ഈ സമുദായങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും പരമ്പരാഗതമായ ആചാരങ്ങളെയും പാരമ്പര്യ തൊഴിലുളെയും സംരക്ഷിക്കുന്നതിനും ബോധപൂർവ്വമായ ശ്രമങ്ങൾ ആവശ്യമാണ്. ഈ സമുദായത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന കാര്യത്തിലും വിദ്യാഭ്യാസം നേടിയവരുടെ ഉപരി പഠന കാര്യങ്ങളിലും കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകണം. എല്ലാ കോളനികളിലും അംഗണവാടികൾ സ്ഥാപിക്കുന്നതിനുള്ള ഒരു ശ്രമമുണ്ടാക്കണം. സ്വയം തൊഴിൽ ചെയ്യുന്നതിന് തയ്യാറായി അതിനു വേണ്ടി ശ്രമിക്കുന്ന യുവതി യുവാക്കൾക്ക് പ്രോത്സാഹനം നല്കുന്ന തരത്തിൽ നടപടി ക്രമങ്ങളിലും മാറ്റമുണ്ടാകണം . അവർക്ക് ഇതിനായുള്ള വായ്പകളും മറ്റും ലഭ്യമാക്കുന്നതിനു അനുകൂലമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുണ്ടാകണം .

ഈ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്കവശ്യമായ നവീനവും ഭാവനാത്മകവുമായ പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനസമൂഹമായിരുന്നു പട്ടികജാതി പട്ടികവർഗ്ഗ സമൂഹം. തലമുറകളായി അവശത അനുഭവിച്ച ഈ ജനവിഭാഗങ്ങള്ക്ക് വേണ്ടി മാത്രമായി പുരോഗമാനത്മഗമായ പ്രത്യേകം പദ്ധതികൾ രൂപികരിക്കാൻ സാധിച്ചിട്ടുള്ളത് ജനകീയാസൂത്രണത്തിന്റെ കേളികൊട്ടുയർന്ന 1996 ശേഷം മാത്രമാണ് എന്ന വസ്തുത ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ പദ്ധതികളുടെ ഭാഗമായി അംഗണവാടികൾ സജീവമായതോടെ കോളനികളിൽ കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യ നിലവാരം മെച്ചപ്പെട്ടു .

ബാലമരണങ്ങൾ സാരമായി കുറഞ്ഞു. ഇത്തരം പദ്ധതികളുടെ ഭാഗമായി പഠന മുറികൾ ആരംഭിക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി കുട്ടികളുടെ പഠന നിലവാരം മെച്ചമായി.

പാർപ്പിട രംഗത്ത് വലിയ മുന്നേറ്റം തന്നെ സൃഷ്ടിക്കുവാൻ ജനകീയാസൂത്രണത്തിനു കഴിഞ്ഞു. സ്വന്തമായി ഭൂമിയും വീടും സാർവത്രികമായി. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെല്ലാം തന്നെ മികച്ച റോഡുകളും ഗതാഗത സൗകര്യങ്ങളും ഉണ്ടായി. ആശുപത്രികളും സ്കൂളുകളും സൗകര്യപ്രദമായി എത്തിച്ചേരുവാൻ കഴിയുന്ന തരത്തിൽ സൗകര്യങ്ങൾ വർദ്ധിച്ചു.

ബാങ്ക് അക്കൗണ്ടിംഗ് മേഖലയിലേക്കും ഇന്നത്തെ തലമുറ കടന്നു വന്നിട്ടുണ്ട്. ബാങ്ക് അകൗണ്ടിംഗ് മേഖല പരിചിതമായിക്കഴിഞ്ഞു. ഈ സമുദായത്തിലെ യുവ തലമുറ ഡിജിറ്റൽ ബാങ്കിംഗ് ഇടപാടുകളുടെ രംഗത്തേക്കും മെച്ചപ്പെട്ട രീതിയിൽ കടന്നു വന്നിട്ടുണ്ടെന്ന വസ്തുത എടുത്തു പറയേണ്ടതാണ്.

## മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

1. ലൈഫ് മിഷൻ 2020 പാർപ്പിട പദ്ധതി പട്ടികജാതി പട്ടികവർഗ്ഗം.
2. ഭവന പുനരുദ്ധാരണം പട്ടികജാതി പട്ടികവർഗ്ഗം.
3. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണം.
4. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയൽ സ്കോളർഷിപ്പ് പദ്ധതി.
5. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം പദ്ധതി.
6. അതിദരിദ്ര പട്ടികയിലെ ഗുണഭോക്താക്കൾക്കുള്ള ഭവന പുനരുദ്ധാരണം പദ്ധതി.
7. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വാട്ടർടാങ്ക് വിതരണം പദ്ധതി.
8. എസ്.സി. കമ്മ്യൂണിറ്റി ഹാൾ, സൗരോർജ്ജ പാനൽ സ്ഥാപിക്കൽ പദ്ധതി.

# 10. ആരോഗ്യം

## അജാനൂർ ഗ്രാമ പഞ്ചായത്ത് കുടുംബാരാഗ്യ കേന്ദ്രം ആനന്ദാശ്രമം, അജാനൂർ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളത്തിലെ ആരോഗ്യരംഗം മാതൃകയാകുന്ന തരത്തിൽ മികവ് പുലർത്തുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ആരോഗ്യരംഗത്തെ കേരളത്തിന്റെ പ്രവർത്തനത്തെ ലോകാരോഗ്യ സംഘടന തന്നെ അംഗീകരിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളിൽ പലതും നിലനിർത്തിയെങ്കിലും അടുത്തകാലത്തായി നിർമ്മാർജ്ജനം ചെയ്യാത്ത പല രോഗങ്ങളുടെ തിരിച്ചുവരവും പുതിയ രോഗങ്ങളുടെ കടന്നുവരവും കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രതിസന്ധി സൃഷ്ടിക്കുന്നു. ആരോഗ്യമുള്ള ജനത മികച്ച സമ്പദ്ഘടനയുടെ സൂചകമാണ്. ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ഏതൊരു വികസന പരിപാടിയും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. അജാനൂർ ഗ്രാമ പഞ്ചായത്തിനെ മികച്ച ആരോഗ്യമുള്ള ജനതയായി നിലനിർത്തുന്നതിന് വിവധങ്ങളായ പദ്ധതികളാണ് പഞ്ചായത്ത് നടപ്പിലാക്കിവരുന്നത്. പകർച്ചവ്യാധി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ, സമഗ്ര വിദ്യാലയ ആരോഗ്യ പദ്ധതികൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, രോഗപ്രതിരോധ കുത്തിവെപ്പ് പ്രവർത്തനങ്ങൾ, അതിഥിതൊഴിലാളികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ ആരോഗ്യഗ്രാമം പദ്ധതിയിലൂടെ ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

കേരളത്തിന്റെ ആരോഗ്യരംഗം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയായി നിൽക്കുമ്പോഴും പകർച്ചവ്യാധികളുടെ പുനരാവിർഭാവത്തോതൊപ്പം പകർച്ചേതര വ്യാധികളുടെ ഭീമമായ വളർച്ചയും വ്യാപനവും ആരോഗ്യരംഗത്ത് പ്രധാന ഭീഷണിയായി നിലനിൽക്കുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതകുറവ്, അശാസ്ത്രീയ ഖരദ്രവക മാലിന്യ പരിപാലനം, ആരോഗ്യപരമല്ലാത്ത ഭക്ഷണരീതിയും ജീവിതശൈലിയും വ്യായാമകുറവ് പൊതുഇടങ്ങളിലെ ശുചിത്വമില്ലായ്മ, ലഹരിവസ്തുക്കളുടെ ഉപയോഗം, മരുന്നുകളുടെ ദുരുപയോഗം, വ്യാജ ചികിത്സക്കാരുടെ ഇടപെടൽ, ചികിത്സാരംഗത്ത് വർദ്ധിച്ചുവരുന്ന ചെലവുകൾ തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ ഇതിന് കാരണമാകുന്നു. ഇതിന് പുറമെ പ്രായമായവർ അനുഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങളും മാനസികാരോഗ്യ പ്രശ്നങ്ങളും റോഡപകടങ്ങളും നാം അഭിമുഖീകരിക്കുന്നുണ്ട്. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമവും പ്രാമാണികവും ആവുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ മേഖലയിലയിലെ ഇടപെടൽ പ്രശ്ന പരിഹാരത്തിന് 2030ൽ ഐക്യരാഷ്ട്രസഭ നിർവ്വചിച്ച വികസന ലക്ഷ്യങ്ങൾ നേടാവും പഞ്ചായത്ത് വികസന സൂചകങ്ങൾ ഉയർത്തിക്കൊണ്ടുവരുവാനും 15-ാം പഞ്ചവൽസര പദ്ധതിയിലൂടെ നമുക്ക് സാധിക്കണം.

അജാനൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആതുരസേവന മേഘലയിൽ രണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അജാനൂർ ഗ്രാമപഞ്ചയത്തിലെ 11 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശം ആനന്ദാശ്രമം കുടുംബാരോഗ്യ കേന്ദ്രത്തിലും 12 വാർഡുകൾ അജാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിവും പ്രവർത്തനമേഘലയായി വരുന്നു. ഈ പ്രദേശങ്ങളിൽ 10 ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി പൊതുജനാരോഗ്യ കുടുംബക്ഷേമ മാതൃ ശിശു ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്തുവരുന്നു.

## കുടുംബാരോഗ്യകേന്ദ്രം ആനന്ദാശ്രമം

1942ൽ ആനന്ദാശ്രം ധർമ്മാശുപത്രി എന്ന പേരിൽ ആരംഭം കുറിച്ച ഈ സ്ഥാപനം വിവിധ പദ്ധതികളുടെയും നിലവിൽ സർക്കാരിന്റെ ആർദ്രം പദ്ധതിയുടെയും ഭാഗമായി കുടുംബാരോഗ്യകേന്ദ്രം എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു. കുടുംബാരോഗ്യകേന്ദ്രം എന്ന നിലയിലേക്ക് ഉയർത്തപ്പെട്ടപ്പോൾ ഡോ: ഉൾപ്പടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം കൂടി മെച്ചപ്പെടുത്തിയാൽ സംസ്ഥാനത്ത് മികച്ച ആരോഗ്യസ്ഥാപനങ്ങളുടെ പട്ടികയിൽ ഇടംപിടിക്കാൻ സാധിക്കും. എൻഡോസൾഫാൻ പാക്കേജിന്റെ ഒരു നിലകെട്ടിടത്തിലാണ് നിലവിൽ ഒ.പി., ഓഫീസ് പ്രവർത്തിക്കുന്നത്. മെയിൻ സെന്റർ പൊതുജനാരോഗ്യ വിഭാഗം കാലപ്പഴക്കം വന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പുതിയ ഒരു കെട്ടിടം പൂർത്തിയായി വരുന്നു. ആർദ്രം പദ്ധതിയുടെ തുടർച്ചയായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ആധുനിക സൗകര്യങ്ങളോട്കൂടി ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തി തുടർ വികസന നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. കുട്ടികൾക്കുള്ള വിനോദപാർക്ക്, പൊതുജനങ്ങൾക്കായി ലൈബ്രറി, സസ്യഔഷധ തോട്ടം, പോഷകസമൃദ്ധമായ ഫല തോട്ടം, കൃഷി തോട്ടം, പാർക്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കണം.

# കുടുംബാരോഗ്യകേന്ദ്രം അജാനൂർ

1973ൽ ഗവൺമെന്റ് ഫിഷറീസ് ഡിസ്പെൻസറിയായി ആരംഭിച്ചു. സ്ഥാപനം 2010ൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രമായി പുനർനാമകരണം ചെയ്യപ്പെട്ടു. 2015ൽ എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം അനുവദിക്കുകയും 2021ൽ ആർദ്രം പദ്ധതിയിലൂട കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഡയാലിലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഭൗതികസാഹചര്യങ്ങൾമെച്ചപ്പെട്ടെങ്കിലും ആശുപത്രി ജീവനക്കാരുടെയും പൊതുജനാരോഗ്യവിഭാഗം ജീവനക്കാരുടെയും കുറവ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. കുട്ടികൾക്കുള്ള വിനോദപാർക്ക്, പൊതുജനങ്ങൾക്കായി ലൈബ്രറി, സസ്യഔഷധ തോട്ടം, ഫലവൃക്ഷ തോട്ടം, പാർക്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കണം.

## വിശകലനം

### ആരോഗ്യഗ്രാമം പദ്ധതി കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്ന പഞ്ചായത്ത്

1. പകർച്ചവ്യാധി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ജീവിതശൈലി നിയന്ത്രണ ബോധവൽക്കരണ ക്ലാസുകൾ, ജീവിത ശൈലി രോഗ നിർണ്ണയ പരിശോധനകൾ എന്നിവ സംഘടിപ്പിക്കുന്നു.
2. മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി രോഗപ്രതിരോധ കുത്തിവെപ്പ് ക്യാമ്പുകൾ നടത്തിവരുന്നു.
3. അതിഥി തൊഴിലാളികളുടെ ആരോഗ്യപരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുന്നു.
4. കുടിവെള്ള പരിശോധനയും ശുചീകരണവും നടത്തിവരുന്നു.
5. ആന്റി മൈക്രോബിയൽ റസിഡൻസിനെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, പോസ്റ്ററുകൾ എന്നിവ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നു.
6. ക്ഷയരോഗം, കുഷ്ഠരോഗം എന്നിവ നേരത്തെ കണ്ടെത്തി ചികിത്സ നൽകുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. സന്നദ്ധസംഘടനകളുടെ സഹായത്തോടെ കിറ്റ് വിതരണം നടത്തുന്നു.
7. സമഗ്ര വിദ്യാലയ ആരോഗ്യ പരിപാടി വിദ്യാർത്ഥിരൾക്ക് നൽകി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ സാധിക്കുന്നു.

## വിഷൻ

1. ആനന്ദാശ്രം കുടുംബാരോഗ്യ കേന്ദ്രത്തിലെ പൊതുജനാരോഗ്യ വിഭാഗത്തിന് പുതിയ കെട്ടിടം നിർമ്മിക്കുക.
2. പഞ്ചായത്തിലെ 10 ജനകീയാരോഗ്യകേന്ദ്രത്തിനും ലാപ്ടോപ്പ് അനുവദിക്കുക.

# പതിനാലാം പഞ്ചവൽസര പദ്ധതി

**2026-27 വാർഷിക പദ്ധതി**

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## ആരോഗ്യം

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്ന തിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | സാന്ത്വന പരിചരണം | കിടപ്പ് രോഗികൾക്കും, വയോജനങ്ങൾക്കും സമഗ്രമായ സാന്ത്വന പരിചരണം ലഭ്യമാക്കൽ | ആരോഗ്യ സരംക്ഷണം | പരിമിതമായ മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പാലിയേറ്റീവ് പരിചരണം | സമഗ്രമയ പലിയേറ്റീവ് ഗ്രിഡ് സംവിധാനം നിലവിൽ വരുത്തി പഞ്ചായത്ത് പരിധിയിലെ സർക്കാർ, സർക്കാരേതര മേഖലകളിലെ പാലിയേറ്റീവ് സംവിധാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരണം | കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് ചികിത്സ നൽകി | കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് ചികിത്സ നൽകി | കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് ചികിത്സ നൽകി | കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് ചികിത്സ നൽകി വരുന്നു | സമഗ്രമയ പലിയേറ്റീവ് ഗ്രിഡ് സംവിധാനം നിലവിൽ വരുത്തി പഞ്ചായത്ത് പരിധിയിലെ സർക്കാർ, സർക്കാരേതര മേഖലകളിലെ പാലിയേറ്റീവ് സംവിധാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരണം |
| 2 | ആർത്തവ പരിചരണം | ചിലവ് കുറഞ്ഞതും, പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ ആർത്തവ പരിചരണ സംവിധാനമായ | ആരോഗ്യ സരംക്ഷണം | - | | | | | | സ്ത്രീകൾക്ക് അവൈർനസ് ക്ലാസുകൾ സംഘടിപ്പിക്കൽ |
| | | മെൻസ്ട്രൽ കപ്പിന് സ്ത്രീകൾക്കിടയിൽ അവബോധം സൃഷ്ടിക്കൽ | | | | | | | | |
| 3 | മരുന്ന് ലഭ്യത | പാവപ്പെട്ട രോഗികൾക്ക് ചികിത്സകാകവശ്യമായ മുഴുവൻ മരുന്നുകളും സൗജന്യമായി നൽകൽ | ആരോഗ്യ സംരംക്ഷണം | ഭാഗിമകമായ മരുന്ന് വിതരണം | മുഴുവൻ രോഗികൾക്ക് ചികിത്സകാകവശ്യമായ മുഴുവൻ മരുന്നുകളും സൗജന്യമായി നൽകൽ | 25 ലക്ഷം രൂപയുടെ മരുന്ന് വാങ്ങി | 30 ലക്ഷം രൂപയുടെ മരുന്ന് വാങ്ങി | 43 ലക്ഷം രൂപയുടെ മരുന്ന് വാങ്ങി | 43 ലക്ഷം രൂപയുടെ മരുന്ന് വാങ്ങി | മുഴുവൻ രോഗികൾക്ക് ചികിത്സകാകവശ്യമായ മുഴുവൻ മരുന്നുകളും സൗജന്യമായി നൽകൽ |
| | | | | | | | | | | |

# 11. കുടിവെള്ളം ശുചിത്വം

പഞ്ചായത്തിലെ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കൽ. സുന്ദര ഗ്രാമം ശുചിത്വഗ്രാമം പദ്ധതി നടപ്പിലാക്കൽ, നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മാലിന്യ സംസ്ക്കരണം കാര്യക്ഷമമാക്കുക. കുടുതൽ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കൽ, വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുക. കിണറുകൾ തോടുകൾ എന്നിവ വൃത്തിയാക്കി കുടിവെള്ളം ഉപയോഗയോഗ്യമാക്കൽ, എല്ലാ വീടുകളിലും മഴവെള്ള കൊയ്ത്ത് കിണർ റീചാർജ്ജിംഗ് നടപ്പിലാക്കൽ. മാലിന്യസംസ്ക്കരണത്തിന് മാലിന്യ പ്ലാന്റിൽ കുടുതൽ സൗകര്യമൊരുക്കൽ.

അജാനൂർ ഗ്രാമ പഞ്ചായത്തിലേയും, നമ്മുടെ ജില്ലയിലെയും പൊതു സ്ഥിതി അനുസരിച്ച് കുടിവെള്ള പ്രശ്നം സങ്കീർണ്ണമാണ്. കഴിഞ്ഞ പദ്ധതി കാലയളവിൽ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞുവെങ്കിലും പൂർണ്ണമായും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് മുൻകൈയെടുത്ത് വിവിധ പദ്ധതികൾ പല ഭാഗങ്ങളിലായി പഞ്ചായത്ത് ഓൺ ഫണ്ട്, എം പി -എം എൽ എ, ഡിസ്ട്രിക്ട് പഞ്ചായത്ത് ഓഫ് ഫണ്ട് എന്നീ ഫണ്ട് ഉപയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്. വേനലിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുമ്പോൾ ഇനിയും ഇത്തരം പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ പുനരുദ്ധരാണ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്. 2028 ആകുമ്പോഴേക്കും എല്ലാ വീടുകളിലും കുടിവെള്ളം എന്ന പദ്ധതി ഭാഗമായി കുടി വെള്ളം എത്തിക്കുന്ന വർക്ക് നടന്ന്കൊണ്ടിരിക്കുന്നു. മാലിന്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കെണ്ടതുണ്ട്. നിലവിൽ മാലിന്യ സംസ്ക്കരണം നടത്തുന്നതിന് മാലിന്യ പ്ലാന്റ് നടത്തിവരുന്നുണ്ട്. മാലിന്യം പ്ലാന്റിൽ എത്തിക്കുന്നതിനാവശ്യമായ വാഹന സൗകര്യം ഒരുക്കേണ്ടതുണ്ട്. വീടുകളിലെ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങുന്നതാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം നൽകൽ, സുരക്ഷാ ഉപ കരണങ്ങൾ നൽകൽ, എന്നിവക്കായും പദ്ധതികൾ നടപ്പിലാക്കി. കൂടാതെ മാലിന്യ സംസ്കരണം കൃത്യതയോ ടെയും ചിട്ടയായും നടപ്പിലാക്കുന്നതിനായി 'ക്ലീൻ ഊര് അജാനൂർ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വീടുക ളിൽ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി മുഴുവൻ വീടുകളിലും തുണിസഞ്ചി വിതരണം നടത്തി. 13285 ഗാർഹിക ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതിയിൽ സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവയും നിർമ്മിച്ചുവരുന്നു. വ്യക്തിഗത ഗാർഹിക ശൗചാ ലയങ്ങൾ, സ്കൂളുകളിലും സ്ഥാപനങ്ങളിലും മാലിന്യസംസ്കരണ ഉപാധികൾ എന്നിവയും നടപ്പിലാക്കി. അല ക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നതിന് ചന്തകളിലും, കവലകളിലും നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പ് സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുണ്ട്.

# 12. വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വിദ്വാൻ പി. കേളുനായരുടെയും എ.സി കണ്ണൻനായരുടെയും, നേതൃത്വത്തിൽ 1926 മെയ് 22ന് അജാനൂർ പഞ്ചായത്തിലെ വെള്ളിക്കോത്ത് ആരംഭിച്ച ദേശീയ വിദ്യാലയമായ വിജ്ഞാന ദായിനി സംസ്കൃത പാഠശാലയാണ് ഈ ഗ്രാമപഞ്ചായത്തിലെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം. സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷ്, കർണ്ണാടക എന്നീ ഭാഷകളും കൈത്തൊഴിലും പഠിപ്പിരുന്ന പ്രസ്തുത സ്ഥാപനം അന്നത്തെ ഗ്രാമീണ സർവ്വകലാശാല തന്നെയായിരുന്നു. ജനങ്ങളിൽ ദേശീയ ബോധ വളർത്താനും ഗ്രാമീണ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ അന്തസത്ത പ്രായോഗികമാക്കുന്നതിനും വേണ്ടി പ്രചാരണം നടത്തുക എന്നത് വിജ്ഞാനദായിനി ദേശീയ സ്കൂൾ പ്രധാന ദൗത്യമായി ഏറ്റെടുത്തിരുന്നു. അതിനുള്ള മാധ്യമമായി നടനും നാടകകൃത്തും കവിയും ഗായകനും അധ്യാപകനുമായ കേളുനായർ ദേശീയ സ്കൂൾ നാടകവേദിയും ആരംഭിച്ചു. അയിത്തത്തിനും, അനാചാരങ്ങൾക്കും എതിലെ പ്രതികരിക്കുന്ന പാക്കനാർ ചരിതം, കൈതൊഴിലിന്റെ മഹത്വം വിളിച്ചോതുന്ന കബീർദാസ് ചരിതം തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. ഒരുകാലത് ഹോസ്ദുർഗ് താലൂക്കിലെ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനുള ഏക സൗകര്യമായി വളരെക്കാലം പ്രവർത്തിച്ച ഈ വിദ്യാലയം ഇന്ന് മഹാകവി പി.സ്മാരക ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാലയമായി ഉർന്നുവന്നിരിക്കയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ശാന്തിതേടി വിവിധ ജാതിമതസ്ഥർ എത്തുന്ന ആനന്ദാശ്രമത്തിന്റെ സ്ഥാപകനും പ്രശസ്ത പണ്ഡിതനും എഴുത്തുകാരനുമായിരുന്ന സ്വാമി രാംദാസ് 1946ൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ ഹരിജനങ്ങൾക്ക് വേണ്ടി ആരംഭിച്ച ശ്രീകൃഷ്ണ വിദ്യാലയം ഇന്ന ആ മഹത് വ്യക്തിയുടെ സ്മാരകമായി നിലകൊള്ളുന്നു. സ്വാമി രാംദാസ് സ്മാരക ഗവൺമെന്റ് ഹരിജൻ വെൽഫേർ ഹൈസ്കൂൾ. അജാനൂർ പഞ്ചായത്തിൽ എൽ.പി. വിഭാഗത്തിൽ 6 ഗവ: സ്കൂളുകളു ഒരു എയ്ഡഡ് സ്കൂളുമാണ് ഉള്ളത്. യു പി. വിഭാഗത്തിൽ 4 ഗവൺമെന്റ് യു.പി. സ്കൂളും ഹൈസ്കൂളുകൾ, ഹയർക്കെണ്ടറി വിഭാഗത്തിൽ 3 ഗവ: ഹയർസെക്കണ്ടറി സ്കൂളും, ഒരു എയ്ഡ് ഹയർസെക്കണ്ടറി സ്കൂളുമാണ് ഉള്ളത്. അൺ എയ്ഡഡ് മേഖലയിൽ 2 സ്കൂളുകളും ഉണ്ട്.

## സ്കൂളുകൾ:

### ഗവ: എൽ.പി. സ്കൂൾ:

1. ജി.എൽ.പി.എസ്. കല്ലിങ്കാൽ
2. ജി.എൽ.പി.എസ്. മഡിയൻ
3. ജി.എൽ.പി.എസ്. മുക്കൂട്
4. ജി.എൽ.പി.എസ്. ചിത്താരി സൗത്ത്
5. ജി.എൽ.പി.എസ്. അജാനൂർ
6. ജി.എൽ.പി.എസ്. മുച്ചിലോട്ട്.

### എയ്ഡഡ് എൽ.പി. സ്കൂൾ:

7. എ.എൽ.പി.എസ്. മുട്ടുന്തല

### ഗവ: യു.പി.സ്കൂൾ :

8. ജി.എഫ്.യു.പി.എസ്. മാണിക്കോത്ത്
9. ജി.എഫ്.യു.പി.എസ്. അജാനൂർ
10. ജി.എഫ്.യു.പി.എസ്. വേലേശ്വരം
11. ജി.എഫ്.യു.പി.എസ്. പുതിയകണ്ടം

### എയ്ഡഡ് യു.പി.സ്കൂൾ

12. എച്ച്.ഐ.എ.യു.പി.സ്കൂൾ ചിത്താരി

### ഗവ: എച്ച്.എസ്./എച്ച്.എസ്.എസ്.

13. എം.പി.എസ്. ജി.വി.എച്ച്.എസ്.എസ്. ബെള്ളിക്കോത്ത്
14. ജി.എച്ച്.എസ്.എസ്. രാവണേശ്വരം
15. ജി.എച്ച്.എസ്.എസ്. രാംനഗർ

## ഐയ്ഡഡ് എച്ച്.എസ്./എച്ച്.എസ്.എസ്.

16. എച്ച്.എസ്./എച്ച്.എസ്.എസ്.
ഇഖ്ബാൽ എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ.

## അൺഎയ്ഡഡ്

17. ക്രസന്റ് ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്.
18. ചിത്താരി ജമാ അത്ത് ഹൈസ്കൂൾ

അജാനൂർ പഞ്ചായത്ത് ആസൂത്രണ പദ്ധതിയിലൂടെ ഭൗതികവും, അക്കാദമികവുമായ വികസന പ്രവർത്തനങ്ങൾ ഓരോ സ്കൂളിലും നടന്നു. ഹൈസ്കൂൾ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെടുകയും എല്ലാ വിദ്യാലയങ്ങൾക്കും ഭൗതികമായ സൗകര്യങ്ങൾ, കെട്ടിടം, അടുക്കള, അസംബ്ലി ഹാൾ, പ്ലേ ഗ്രൗണ്ട്, ഫർണിച്ചർ, സ്മാർട്ട് ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ പഠന സൗകര്യമൊരുക്കൽ തുടങ്ങി എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യ വികസനമൊരുക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 25 വർഷത്തിനുള്ളിൽ സ്കൂളുകളുടെ തന്നെ മുഖച്ഛായ മാറ്റിയെടുക്കുവാനും വിദ്യാലയ വികസന സമിതി ഓരോ സ്കൂളിലും രൂപീകരിച്ചുകൊണ്ട് അടിസ്ഥാന വികസനത്തിനും അക്കാദമിക പ്രവർത്തനങ്ങൾക്ക് വേണ്ടി സൗകര്യമൊരുക്കുകയും പഞ്ചായത്ത് മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്.

ഏറ്റവും പ്രധാനമായും കെട്ടിട സൗകര്യമില്ലാതിരുന്ന സ്ഥലസൗകര്യമില്ലാത്തതിനാൽ പ്രയാസമനുഭവിച്ചിരുന്ന ജി.എഫ്.യു.പി.എസ്. അജാനൂർ, ജി.എഫ്.യു.പി.എസ്. മാണിക്കോത്ത്, ജി.എം.എൽ.പി. അജാനൂർ സ്കൂളുകൾക്ക് ആവശ്യമായ സ്ഥലസൗകര്യമൊരുക്കികൊടുത്ത് ഇന്ന് ഏറ്റവും മികച്ച ക്ലാസ്സ് സൗകര്യത്തോടെ പ്രവർത്തിക്കാൻ അവസരമൊരുക്കിയത് പഞ്ചായത്ത് ഭരണ സമിതിയുടെ മികവാർന്ന പ്രവർത്തനങ്ങൾ തന്നെയാണ. വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്കൂളുകൾ ഇന്ന് സ്വന്തമായി സ്ഥലവും കെട്ടിട സൗകര്യവും ഉണ്ടാക്കിക്കൊടുത്ത് ആസൂത്രണ പദ്ധതികളിലൂടെ നടത്തിയ വികസന പ്രവർത്തികൾ കൊണ്ട മാത്രമാണ്.

അതുപോലെ എയിഡഡ് സ്കൂളായിരുന്ന വേലേശ്വരം സ്കൂളിനെ ഗവ: സ്കൂളാക്കി മാറ്റുന്നതിനും അവിടെ കെട്ടിടം മറ്റ് കാര്യങ്ങൾ ഒരുക്കിക്കൊടുത്ത് വികസനത്തിന്റെ പാതയൊരുക്കിക്കൊടുത്തും ആസൂത്രണ പദ്ധതികളിലൂടെ നടപ്പിലാക്കിയ പ്രവർത്തികൾ ഒന്നുകൊണ്ട്മാത്രമാണ്.

ഹൈസ്കൂളായിരുന്ന സ്കൂളുകൾ ഹയർസെക്കണ്ടറി ആയപ്പോൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുനും ആസൂത്രണ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. വിദ്യാലയ വികസനത്തോടൊപ്പം കായിക കലാ സാംസ്കാരിക മേഖലയിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പി. കുഞ്ഞിരാമൻ നായരുടെയും വിദ്വാൻ പി. കേളുനായരുടെയും ചരിത്ര സ്മരണകളിരമ്പുന്ന വെള്ളിക്കോത്ത് സ്കൂൾ പരിസരത്ത് സ്വാതന്ത്ര്യ സ്മൃതിമണ്ഡപം സ്ഥാപിക്കാനും ചരിത്രസ്മാരകങ്ങളെ സംരക്ഷിക്കാനും, വേണ്ടതായ പ്രവർത്തികൾ പഞ്ചായത്ത് സമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. വിജ്ഞാനദായിനി സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം നടന്നുവരുന്നു. നാടക ക്യാമ്പുകളും കലാസാഹിത്യ ക്യാമ്പുകളും സംഗീത ശില്പശാലകളും എന്നുവേണ്ട കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുതിയ തലമുറക്ക് പരിശീലനം നൽകാനും പഞ്ചായത്ത് ആസൂത്രണ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ട്. സീറോ ഡ്രോപ്പ് ഔട്ട് പദ്ധതികളിലൂടെ എസ്.സി./ എസ്.ടി. വിഭാഗം കുട്ടികൾക്കായി പഠനത്തിനാവശ്യമായ പഠന സാമഗ്രികൾ ഓരോ വർഷവും നൽകി. പിന്നോക്ക വിഭാഗങ്ങളെ മുന്നോട്ടെത്തിക്കാനുള്ള തീവ്ര ശ്രമങ്ങളും പഞ്ചായത്ത് വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

പെൺകുട്ടികൾക്കും, കുടുംബശ്രീ പ്രവർത്തകർക്കും സ്വയം സംരംഭത്തിനും സ്വയം പ്രതിരോധത്തിനും ഉതകുന്നതിനാവശ്യമായ പരിശീലനങ്ങൾ നടത്തിവരുന്നു. എല്ലാ സ്കൂളുകൾക്കു ആവശ്യമായ ഫർണിച്ചർ സൗകര്യം, ഉച്ചഭക്ഷണത്തിനാവശ്യമായ പാത്രങ്ങൾ, സ്മാർട്ട് ക്ലാസ്സ് മുറികൾക്കാവശ്യമായ ലാപ്ടോപ്പ്, കമ്പ്യൂട്ടർ സൗകര്യം, പ്രിന്റർ തുടങ്ങി എല്ലാവിധ വികസന പ്രവർത്തനങ്ങളും പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി നടന്നിവരുന്നു. എല്ലാവിദ്യാലയങ്ങളിലും അറ്റകുറ്റപണികൾ പെയിന്റിംഗ്, ടൈൽസ് പാകൽ, ശുചിത്വസൗകരമൊരുക്കൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

കായിക മേഖലയിൽ യുവജനപങ്കാളിത്തത്തോടെ പരിശീലന പരിപാടികൾ നടത്തിവരുന്നു. രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. സ്കൂളുകളോട് ചേർന്ന് കായികവിദ്യാഭ്യാസം മികവുറ്റതാക്കാൻ പരിശീലനങ്ങളും, കായിക ഉപകരണങ്ങ നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. മാവുങ്കാൽ ആനന്ദാശ്രമത്തിനടുത്ത് ഏറ്റവും മികച്ച രീതിയിൽ കായികപ്രോത്സാഹന ത്തിനായി സ്റ്റേഡിയംനിർമ്മിക്കാനും ആസൂത്രണ പദ്ധതികളിലൂടെകഴിഞ്ഞിട്ടുണ്ട്. സ്കൂളുകൾക്ക് ചുറ്റുമതിൽ, കിണർ ശുദ്ധീകരണം, മഴവെള്ള സംഭരണി, തുടങ്ങിയവക്കാവശ്യമായ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ക്ലബ്ബുകൾ, വായനാശകൾ എന്നിവക്ക് പത്രവും ആനുകാലികങ്ങളും വിതരണം ചെയ്തുവരുന്നു. സാക്ഷരതാ

രംഗത്ത് ഏറ്റവും മികച്ച പ്രവർത്തനമാണ് 25വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിഞ്ഞത്. തുടർ സാക്ഷരതാ പദ്ധതിയിലൂടെ നാലാംക്ലാസ്സ്, ഏഴാം ക്ലാസ്സ്, പത്താംക്ലാസ്സ് തുല്യതാ ക്ലാസ്സുകൾക്കാവശ്യമായ തുക പദ്ധതിയിലുൾപ്പെടുത്തി മാതൃകാപരമായ പ്രവർത്തനമാണ് നടപ്പിലാക്കിവരുന്നത്. ഇപ്പോൾ +1, +2 തുല്യതാ പഠിതാക്കൾക്ക് ആവശ്യമായ തുകയും പ്രൊജക്ടിൽ ഉൾപ്പെടുത്തി എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം പഞ്ചായത്ത് നടപ്പിലാക്കിവരുന്നു.

ഇ-സാക്ഷരതാ രംഗത്തും മികവുറ്റ പ്രവർത്തനങ്ങൾ നൽകി, കമ്പ്യൂട്ടർ, സാക്ഷരത ഏറ്റവും മികച്ച രീതിയിൽ നടത്തുവാൻ ആസൂത്രണ പദ്ധതിയിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## 2012 മുതൽ 2025 വരെ നടപ്പിലാക്കിയ പ്രധാന നടപടികൾ

2012-13 വർഷത്തെത പദ്ധതിയിൽ സ്കൂളുകൾക്ക് ഇലക്ട്രിസിറ്റി, ടെലഫോൺ ചാർജ്ജ്, എസ്.ടി.കുട്ടികൾക്ക്, സ്കൂളുകളക്ക് പത്രം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണം നൽകൽ, പത്താംതരം തുല്യതാ പരീക്ഷാ ഫീസ് അടക്കൽ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക പഠനവീട് തുടങ്ങിയ പ്രൊജക്ടുകൾ നടപ്പിലാക്കി. ആകെ 2945327 രൂപയുടെ പദ്ധതികൾ നടപ്പിലാക്കി.

2013-14 വർഷം എസ്.എസ്.എ. വിഹിതം സ്കൂളുകൾക്ക് ലൈബ്രറി, സ്കൂളുകൾക്ക് പത്രം, ഇലക്ട്രിസിറ്റി, കമ്പ്യൂട്ടൽ, പ്രിന്റർ, ടെലിഫോൺ ചാർജ്ജ്, സ്കൂളുകൾക്ക് ഫർണിച്ചർ, പത്താംതരം തുല്യതാ പരീക്ഷാ ഫീസ്, പട്ടികജാതി പട്ടികവർഗ്ഗം വിദ്യാർത്ഥികൾക്ക് പഠനവീട്, കുട്ടികളുട ചലച്ചിത്രോത്സവം, നാടക ക്യാമ്പ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി 24855664 രൂപയുടെ പദ്ധതി നിർവ്വഹണം നടത്തി.

2014-15 വർഷത്തിൽ അതുല്യം സമ്പൂർണ്ണ പ്രാഥമിക വികസന പദ്ധതി ഇ-സാക്ഷരത എസ്.സി./ എസ.ടി. കുട്ടികൾക്ക് പഠനോപകരണം, എസ്.എസ്.എ. വിഹിതം, കമ്പ്യൂട്ടർ റിപ്പേറിംഗ് പത്താംതരം തുല്യതാ പരീക്ഷാഫീസ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി. 2296443 രൂപയുടെ പദ്ധതി നിർവഹണം നടത്തി. 2015-16 വർഷം കമ്പ്യൂട്ടർ അറ്റകുറ്റണി, അതുല്യം സമ്പൂർണ്ണ സാക്ഷരതാ പദ്ധതി എം.ആർ കുട്ടികൾക്ക് പഠനോപകരണം, സ്കൂളുകൾക്ക് കായികോപകരണം, പ്രാഥമിക ശുശ്രൂഷാ കിറ്റ്, എസ്.എസ്.എ. വിഹിതം, പത്താംതരം തുല്യതാ വിവിധ പദ്ധതികൾ നടപ്പിലാക്കി.

2016-17 വർഷം അതുല്യം സമ്പൂർണ പ്രാഥമിക വികസന പദ്ധതി ഇ-സാക്ഷരതാ, എസ്.സി., എസ്.ടി. കുട്ടികൾക്ക് പഠനോപകരണം എസ് എസ് എ വിഹിതം പത്താംതരം പരീക്ഷാഫീസ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി. 2174236 രൂപയുടെ പദ്ധതി നിർവഹണം നടത്തി.

2017-18 വർഷം 11 ഓളം പ്രൊജക്ടുകൾ നടപ്പിലാക്കി. എസ്.സി., എസ്.ടി. സാക്ഷരതാ സ്കൂളുകൾക്ക് ഗ്യാസ് കണക്ഷൻ, ലാബ് ഉപകരണം, സ്കൂളുകൾക്ക് പാത്രം, സി.സി.ഡി. പ്രൊജക്ടർ, തുടങ്ങിയ വിവിധ പദ്ധതിക 4412197 രൂപ ചെലവഴിച്ചു.

2018-19, 14 പദ്ധതികൾ നടപ്പിലാക്കി. ഭാഷാപഠന പദ്ധതി, സാക്ഷരതാ തുല്യത പഠനം, തൈക്കോണ്ടോ പരിശീലനം, സ്റ്റുഡന്റ് കേഡറ്റ് പദ്ധതി, മൈക്ക് സെറ്റ്, വേസ്റ്റ് ബിൻ നൽകൽ, സ്കൂളുകൾക്ക് ഫർണിച്ചർ, സ്കൂളുകളക്ക് പത്രം, എസ്.എസ്.എ. വിഹിതം തുടങ്ങിയ വിവിധ പദ്ധതികൾക്കായി 52008 രൂപ ചെലവഴിച്ചു.

2019-20 വർഷം 12 പ്രൊജക്ടുകൾ നടപ്പിലാക്കി. എസ്.എസ്.എ. വിഹിം, സ്കൂളുകൾക്ക് പത്രം, ഭാഷാപഠന പദ്ധതി, സാക്ഷരതാ തുല്യത, എസ്.സി./ എസ്.ടി. ഫർണിച്ചർ സ്കൂളുകൾക്ക് ഫർണിച്ചർ, കായികോപകരണം തുടങ്ങി വിവിധ പദ്ധതികൾക്കായി 4010100രൂപ ചെലവഴിച്ചു.

2020-21 വർഷം 16 പ്രൊജക്ടുകൾ നടപ്പിലാക്കി എസ്.സി./ എസ്.ടി. കുട്ടികൾക്ക് പഠനോകരണം, സാക്ഷരതാ തുല്യതാ പഠനം, എസ്.എസ്.കെ. വിഹിതം സ്കൂളുകൾക്ക് പത്രം, അംഗീകൃത വായനാശാലകൾക്ക് പത്രം, ഫർണിച്ചർ വാങ്ങൽ, പ്രിന്റർ, ഭാഷാപഠന പദ്ധതി തുടങ്ങി വിവിധ പ്രൊജക്ടുകൾക്ക് 4750075 രൂപ ചെലവഴിച്ചു.

2021-22 വർഷം 11 പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. എസ്.എസ്.കെ. വിഹിതം, സ്കൂളുകൾക്ക്ഫർണിച്ചർ, സീറോഡ്രോപ്പ് ഔട്ട് കുട്ടികൾക്കുളള പഠനോപകരണം ഭാഷാ പഠന പദ്ധതി, സാക്ഷരതാ തുല്യത, സ്കൂളുകൾക്ക് കായികോപകരണം, പുതികണ്ടം സ്കൂളിന് പ്രിന്റർ നൽകൽ. പെൺകുട്ടികൾക്ക് യോഗ, ആയോധനകലാപരിശീലനം തുടങ്ങിയവയാണ് പ്രൊജക്ടുകൾ. ആകെ. 5377000 രൂപയുടെ പ്രൊജക്ടാണ്.

- എല്ലാ വിദ്യാലയങ്ങളിലും പ്രാദേശിക ചരിത്ര മ്യൂസിയം
- വിദ്യാലയങ്ങളിലെ കറന്റ് ഫോൺ ചാർജ്ജ് അടക്കൽ
- എല്ലാ സ്കൂളിലും വായനോദ്യനങ്ങൾ
- എല്ലാ വിദ്യാലയങ്ങളിലും ഫർണിച്ചർ
- ഉച്ചഭാക്ഷനതിനവശ്യമായ പാത്രങ്ങൾ
- എല്ലാ വിദ്യാലയങ്ങളിലും റേഡിയോ സ്റേഷൻ

- കലാ-കായിക പരിശീലനം
- SC/ST പഠന സഹായക പദ്ധതി
- പഞ്ചായത്തിലെ എല്ലാ സ്കൂൾ കുട്ടികള്ക്കും ആരോഗ്യ ഇന്ഷുടറന്സ് പദ്ധതി
- YOUTH IS WEALTH പരിപാടി യുവജനങ്ങൾക്കാവശ്യമായ ആരോഗ്യ സുരക്ഷാ തൊഴിൽ പരിശീലന പരിപാടി
- സ്നേഹ ഭവന പദ്ധതി
- എല്ലാ വിദ്യാലയങ്ങളിലും ലാബ് ലൈബ്രറി വിപുലീകരണം
- എല്ലാ സ്കൂളിനും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള LED TV
- എല്ലാ സ്കൂളിനും ഇംഗ്ലീഷ് പരിപോഷണ പരിപാടി
- എല്ലാ സ്കൂളിലും കമ്പ്യൂട്ടർ പരിപോഷണ പരിപാടി
- ഭിന്ന ശേഷി കുട്ടികൾക്ക് ആരോഗ്യ ഇന്ഷുറൻസ് പഠന സഹായക പദ്ധതി
- PLUS TWO കഴിഞ്ഞ പെൺകുട്ടികൾക്ക് ഓപ്പൺ സർവ്വകലാശാല ബിരുദ പഠനം
- പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ.
- സ്കൂളുകൾ, സ്മാർട്ട് ക്ലാസ് റൂം പദ്ധതി.
- പ്രൈമറി വിഭാഗത്തിന് ഫർണ്ണിച്ചർ.
- ഫ്രീസർ ഉള്ള വാട്ടർ പ്യൂരിഫയർ.
- ലാബ്സൗകര്യം.
- സാക്ഷരത തുല്ല്യത.
- അച്ഛീ ഹിന്ദി, ഈസി ഇംഗ്ലീഷ്.
- പത്രം, മാസിക നൽകൽ.
- സ്പോർട്സ് കിറ്റ്.
- എസ്.എസ്.കെ. വിഹിതം നൽകൽ.
- സ്കൂളുകൾക്ക് ജൈവ വൈവിദ്യ പാർക്ക്.
- ഗണിതം മധുരം.
- പ്രതിഭ ക്യാമ്പ്.
- ഡിജിറ്റൽ സാക്ഷരത.

# പതിനാലാം പഞ്ചവൽസര പദ്ധതി

**2026-27 വാർഷിക പദ്ധതി**

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## വിദ്യഭ്യാസം

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | സർവ്വ ശിക്ഷ കേരളം | ശാസ്ത്രീയ ബോധന മാർഗ്ഗങ്ങളിലൂടെ മെച്ചപ്പെട്ട വിദ്യഭ്യാസം പ്രദാനം ചെയ്യൽ | | ഐ ടി അധിഷ്ഠിത വിദ്യഭ്യാസത്തിന് മുഴുവൻ കുട്ടികൾക്കും ഉള്ള സൗകര്യങ്ങളുടെ അപര്യാപ്തത | എ ഐ/ റോബോട്ടിക് ഐ ടി മേഖലയിലെ വിദ്യാഭ്യാസത്തിനുള്ള അത്യാധുനിക ക്ലാസ് മുറി സംവിധാനങ്ങൾ സൃഷ്ടിക്കൽ | 8 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി | 8 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി | 10 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി | 10 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു | ശാസ്ത്രീയ ബോധന മാർഗ്ഗങ്ങളിലൂടെ മെച്ചപ്പെട്ട വിദ്യഭ്യാസം പ്രദാനം ചെയ്യൽ |
| 2 | പഠനത്തിന് സ്കോളർഷിപ്പ് | പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് ആവശ്യമായ സാമ്പത്തിക സഹായം പ്രദാനം | | പ്രത്യേക ഘടക പദ്ധതി വിഹിതത്തിലെ കുറവ് | പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനത്തിന് ആവശ്യമായ സാമ്പത്തിക സഹായം | 3 ലക്ഷം രൂപ വിതരണം ചെയ്തു | 4 ലക്ഷം രൂപ വിതരണം ചെയ്തു | 5 ലക്ഷം രൂപ വിതരണം ചെയ്തു | 5 ലക്ഷം രൂപ വിതരണം ചെയ്തു | മുഴുവൻ സ്കൂളുകളിൽ നിന്നുംപട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഡാറ്റാ കലക്ഷൻ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ചെയ്യൽ | | | പ്രദാനം ചെയ്യൽ | | | | |
| 3 | അടിസ്ഥാന സൗകര്യങ്ങൾ | മേഖലയിലെ ആവശ്യകത കണ്ടെത്തി ഘട്ടം ഘട്ട മായി അടി സ്ഥാന സൗക ര്യങ്ങളായ ഫർണ്ണിച്ചർ,ക മ്പ്യൂട്ടർ,പ്രൊജ ക്ടർ,ലാ പ്ടോപ്പ്,വെബ് ക്യാമറ മുത ലായവ ലഭ്യ മാക്കൽ | | അടി സ്ഥാന സൗകര്യ ങ്ങളുടെ അപര്യാ പ്തത | അടിസ്ഥാന സൗകര്യങ്ങ ളുടെ പൂർണ്ണത | 12 ലക്ഷം രൂപ ചിലവ ഴിച്ചു | 13 ലക്ഷം രൂപ ചിലവ ഴിച്ചു | 12 ലക്ഷം രൂപ ചിലവ ഴിച്ചു | 16 ലക്ഷം രൂപയുടെ പദ്ധതി നട പ്പിലാക്കി വരുന്നു | വികസന ഫണ്ട്,മെ യിന്റസ് ഗ്രാന്റ്, ലഭ്യ മായ തനത് ഫണ്ട് മുതലായവയിലൂടെ ഈ രംഗത്തെ വിടവ് നികത്തൽ. |

# 13. പൊതുമരാമത്ത് - വൈദ്യുതിയും ഊർജവും ഉൾപ്പെടെ

അജാനൂർ ഗ്രാമപഞ്ചായത്ത് പടിഞ്ഞാറ് അറബിക്കടൽ, പള്ളിക്കര, പുല്ലൂർ- പെരിയ, തെക്ക് കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങൾ പങ്കിടുന്ന അജാനൂർ ഗ്രാമപഞ്ചായത്ത് 27.83 ച.കി.മി. ഭൂവിസ്തൃതികൊണ്ട് ശ്രദ്ധേയമാണ്. കിലോമീറ്ററുകളോളം നീണ്ടു നിൽക്കുന്ന കടൽത്തീരം, അതിനോടനുബന്ധിച്ച് ചിത്താരിപ്പുഴയുടെ തീരം. സാംസ്ക്കാരിക വിദ്യാഭ്യാസ കാർഷികം എന്നിവ എടുത്തു പറയേണ്ട സവിശേഷതകളാണ്. വിദ്വാൻ പി. കേളുനായർ, മഹാകവി പി കുഞ്ഞിരാമൻ നായർ, സ്വാതന്ത്ര്യസമരസേനാനി കെ. മാധവൻ എന്നീ മഹദ് വ്യക്തികൾ ജന്മംകൊണ്ട നാടാണ്. വികസനപരമായി ഏറെ മുന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് അജാനൂർ. മാവുങ്കാൽ, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി അതിർത്തി മുതൽ പള്ളിക്കര ഗ്രാമപഞ്ചായത്ത് അതിർത്തിവരെ നീണ്ടുനിൽക്കുന്ന ടൗൺഷിപ്പ് അജാനൂർ പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്. നികുതിയിനത്തിൽ ഏറെ ഗുണകരമാകുന്ന കാര്യമാണ്. പശ്ചാതലമേഖലയിലെ മുന്നേറ്റം വളരെ വലുതാണ്. ഇരുപത്തിയഞ്ച് വർഷത്തിനപ്പുറം തിരിഞ്ഞുനോക്കുമ്പോൾ അജാനൂർ പഞ്ചായത്ത് പശ്ചാത്തലമേഖലയിൽ കൈവരിച്ച നേട്ടം സ്തുത്യർഹമാണ്.

പടിഞ്ഞാറ് സംസ്ഥാന പാത, തീരദേശ മേഖലാ റോഡ്, കിഴക്ക് എൻ.എച്ച്. 46 ഹൈവേ കൂടി കടന്നുപോകുന്ന റോഡുകളാണ്. ഏറിയ ശതമാനം റോഡുകളും ഗ്രാമ പ്രദേശങ്ങളിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. അജാനൂർ ഗ്രാമപഞ്ചായത്തിന്റെ ഇതുവരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ സാധിച്ചിട്ടുണ്ട്. നാടിന്റെ സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുന്നതിൽ പശ്ചാത്തല മേഖല മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. ഈ മേഖലയിലെ മുഴുവൻ ആവശ്യങ്ങളും ഘട്ടം ഘട്ടമായി മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തിലെ ആകെ ടാർ ചെയ്ത റോഡുകൾ 145 കി.മി.റും, മറ്റ് റോഡുകൾ 125 കി.മി.റും ആണ്. കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. ജല അതോറിറ്റി, ജൽജീവൻ മിഷൻ എന്നീ പദ്ധതികളും കുടിവെള്ളത്തിന്റെ കാര്യത്തിൽ ഫലപ്രാപ്തി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതുപപോലെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. സുനാമി ഫണ്ടുകൾ ഉപയോഗിച്ച് 4 പുതിയ അംഗൻവാടികളും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 33 അംഗൻവാടികൾക്കും പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള അംഗൻവാടികൾക്ക് അറ്റകുറ്റ പണി നടത്തി മെച്ചപ്പെടുത്തുവാനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചുകൊണ്ട് ചാമുണ്ഡിക്കുന്ന് അംഗൺവാടിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ കൂടുതൽ ഗതാഗതമുള്ള റോഡുകൾ മിക്കതും ടാർ ചെയ്ത് ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. അജാനൂർ പഞ്ചായത്തിലെ പ്രധാന ടൂറിസം കേന്ദ്രമായി വികസിപ്പിക്കുവാനുള്ള സാധ്യതകൾ കണ്ടത്തേതുണ്ട്. പടിഞ്ഞാറ് കിലോമീറ്ററുകളോളം നീണ്ടുകിടക്കുന്ന തീരപ്രദേശം, ചിത്താരി പുഴയുടെ ഉൾഭാഗങ്ങൾ, കടൽ-നദി സംഗമ കേന്ദ്രങ്ങൾ ടൂറിസം മേഖലയ്ക്ക് ഉതകുന്ന പ്രദേശങ്ങളാണ്. 2021-22 വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയ്ക്കായി 25156989 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ 30502885 രൂപ വകയിരുത്തുകയും 26748349 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷത്തിൽ 45947993 രൂപ വകയിരുത്തുകയും 15020294 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷങ്ങളിൽ 118996464 രൂപയുടെ വികന പ്രവർത്തനങ്ങൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2025-26 വർഷത്തിൽ ഇതുവരെ 57236907 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ബാക്കി പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. വരും കാലങ്ങളിൽ എല്ലാ വികസന പ്രവർത്തനങ്ങളും ഊന്നൽ നൽകി പഞ്ചായത്തിന്റെ മുഖച്ഛായതന്നെ മാറ്റാനുള്ള ശ്രമങ്ങൾ നടത്തണം.

# പതിനാലാം പഞ്ചവൽസര പദ്ധതി

**2026-27 വാർഷിക പദ്ധതി**

വികസന പരിപ്രേക്ഷ്യം/ ലക്ഷ്യങ്ങൾ

## പൊതുമരാമത്ത്

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന കാഴ്ചപ്പാട് | സൂചിക | 2022ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിഷ്ചയിച്ചത് | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 കൈവരിച്ച നേട്ടം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| 1 | ഗതാഗത സംവിധാനങ്ങൾ,വിദ്യഭ്യാസം, ആരോഗ്യം മുതലായ മേഖലകളിലെ നിർമ്മാണം,മെയിന്റനൻസ്, | വികസന ആവശ്യങ്ങളുടെ മുൻഗണന നിശ്ചയിച്ച് ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നത് | | ഈ രംഗത്തെ സംവിധാനങ്ങളുടെ പരിമിതി | വികസന ആവശ്യങ്ങളുടെ മുൻഗണന നിശ്ചയിച്ച് ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ സ്ഷ്ടിക്കൽ | 4.26 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി | 1.6 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി | 4.05 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി | 10.85 കോടി രൂപയുടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. | വികസന ആവശ്യങ്ങളുടെ മുൻഗണന നിശ്ചയിച്ച് പരമാവധി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ |

# 14. ജൈവവൈവിദ്ധ്യ മാനേജ്മെന്റ് ,കാലാവസ്ഥ വ്യതിയാനം പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

## പരിസ്ഥിതിയുടെ അവസ്ഥാ വിശകലനം

കാസറഗോഡ് ജില്ലയുടെ കാഞ്ഞങ്ങാട് ബ്ലോക്കിൽപ്പെട്ട 27.83 ച.കി.മി വിസ്തൃതിയുള്ള ഒരു തീരദേശ പഞ്ചായത്താണ് അജാനൂർ ഗ്രാമ പഞ്ചായത്ത്.പൊതുവിൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെരിവുള്ള ഭൂപ്രകൃതിയാണ്.30 മീറ്റർ വരെ ഉയരമുള്ള ചെങ്കൽ കുന്നുകളും ചെങ്കൽ പരപ്പുകളും താഴ്‌വരകളും തീരദേശ സമതലങ്ങളും കടലോരവും ചിത്താരിപ്പുഴയുടെ പതന മുഖത്തോടുള്ള ചിത്താരിക്കയലും, പുഴയിലേക്ക് നീരൊഴുക്കുന്ന 35 ഓളം തോടുകളും ,കൈതോടുകളും ഉൾപ്പെടുന്നതാണ് ഈ പ്രദേശം .കേരളത്തിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന താലൂക്കുകളിൽ ഒന്നായ ഹോസ്ദുർഗ്ഗ് ഭാഗമായതിനാൽ കേരള ശരാശരിയേക്കാൾ മഴ ലഭിക്കുന്നു. (ഏതാണ്ട് 3500 മി.മി.) എങ്കിലും 35 ശതമാനത്തോളം വരുന്ന താരതമ്യേന വൃക്ഷ നിബിഡമല്ലാത്തതും ജലാഗിരണ ശേഷി കുറഞ്ഞതുമായ ചെങ്കൽ മേഖലയിൽ നിന്നും വെള്ളം വളരെ പെട്ടന്ന് ഒലിച്ചിറങ്ങുന്നതിനാൽ ഡിസംബർ കഴിയുന്നതോടെ ഈ മേഖലയിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു . തീര പ്രദേശത്തു ധാരാളം ജലാശയങ്ങൾ (കുളങ്ങൾ, അരുവികൾ, പള്ളങ്ങൾ) ഉള്ളതിനാൽ ജല ലഭ്യത കൂടുതലാണെങ്കിലും ഗുണനിലവാരം കുറവായി കാണുന്നു. ഉപരിതല മണ്ണിന്റെ ഘടനയനുസരിച്ച ചെങ്കൽ കുന്നുകളിലും പരപ്പുകളിലും കാണപ്പെടുന്ന ചരൽ കലർന്ന ചുവന്ന മണ്ണ് ഫല പുഷ്ടി വളരെ കുറഞ്ഞതാന് . ഇതിന്റെ ഒരു മെച്ചപ്പെട്ട വകഭേദമായ ചരൽ കുറഞ്ഞതും ജൈവാംശം കൂടിയതുമായ വെട്ടുകൽ മണ്ണ് ഇരുമ്പിന്റെ അംശം കൂടിയ അമ്ല ഗുണമുള്ള മണ്ണാണ് ആവശ്യമായ അളവിൽ കുമ്മായവും പൊട്ടാസ്യം, ബോറോൺ എന്നി മൂലകങ്ങളടങ്ങിയ വളപ്രയോഗത്തിലൂടെ ഫലപുഷ്ടി മെച്ചപ്പെടുത്താം. നദികളുടെയും തോടുകളുടെയും പ്രവർത്തനഫലമായുണ്ടാകുന്ന എക്കൽ മണ്ണ് ഫലഭൂയിഷ്ഠമാണ്. നെൽ വയലുകളിൽ കാണുന്ന മണ്ണ് ഈ വിഭാഗത്തിൽപ്പെടുന്നു. ഇതിന്റെ ജലസംഭരണ ശേഷിയും കൂടുതലാണ് തീരപ്രദേശത്ത് കടലിനോടടുത്ത പ്രദേശത്തു കാണുന്ന മണൽ മണ്ണ് ഫലഭൂഷ്ടിയും ജലാഗിരണ ശേഷിയും കുറഞ്ഞ മണ്ണാണ് .

കാസറഗോഡ് ജില്ലയിലെ കാലാവസ്ഥയാണ് വലിയ ഏറ്റകുറച്ചിൽ ഇല്ലാതെ ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നു. 2011 മുതൽ 2017 വരെയുള്ള കാലഘട്ടത്തിൽ ശരാശരി 3200 മീറ്ററിൽ താഴെയാണ് വാർഷിക മഴയെങ്കിലും 2018 നു ശേഷം മഴ കൂടിയിട്ടുണ്ട്. രണ്ടാം പ്രളയം അനുഭവപ്പെട്ട 2019 ൽ 4051 മില്ലി മീറ്റർ മഴയാണ് ജില്ലയിൽ ലഭിച്ചത് ഇതിനോടടുത്ത മഴ ഈ പഞ്ചായത്തിലും ലഭ്യമായിട്ടുണ്ട്. എങ്കിലും ഭൂഗർഭ ജലത്തിന്റെ അളവിൽ നേരിയ മെച്ചപ്പെടൽ മാത്രമേ ഉണ്ടായിട്ടുള്ളുവെന്നു ഭൂഗർഭ ജല വകുപ്പിന്റെ നിരീക്ഷണ കിണറുകളിലെ ജലനിരപ്പ് സൂചിപ്പിക്കുന്നു.

പഞ്ചായത്തിൽ വനങ്ങൾ ഇല്ല. പുറമ്പോക്ക് പ്രദേശങ്ങൾ കുറഞ്ഞതും ജനസംഖ്യയിലുണ്ടായ വർധനവും കാരണം മനുഷ്യന് നേരിയ ഉപയോഗ്യമല്ലാത്ത സസ്യജാതികളുടെ ശോഷണത്തിനു കാരണമായിട്ടുണ്ട്. ഇവയിൽ ചിലതെങ്കിലും പുഴകളുടെയും തൊടുകളുടെയും തീര സംരക്ഷണ സസ്യങ്ങളായ് നിലനിൽക്കുന്നു. എന്നാൽ കല്ല് കെട്ടിയുള്ള തീര സംരക്ഷണം ഇവയും നാമാവശേഷമാവുന്നതിനു കാരണമായിട്ടുണ്ട്.

## ആവാസ വ്യവസ്ഥകളുടെ അവസ്ഥാ വിശകലനം

പരിസ്ഥിതിയിൽ വന്ന മാറ്റങ്ങൾ മനസിലാക്കാനും സംരക്ഷണ പ്രവർത്തനങ്ങൾ തിരിച്ചറിയാനും വിവിധ ആവാസ വ്യവസ്ഥകളാണ് തിരിക്കുന്നത് സൗകര്യ പ്രദമായിരിക്കും .ഇവ പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ ആവാസ വ്യവസ്ഥകളാണ്. പ്രകൃതി ദത്ത ആവാസ വ്യവസ്ഥകളാകട്ടെ വർധിച്ച തോതിലുള്ള വികസനത്തിന് വേണ്ടിയുള്ള ഇടപെടൽ മൂലം നാശോൻമുഖമാണ്. പ്രധാനമായും അഞ്ച് ആവാസ വ്യവസ്ഥകളായി പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ തരാം തിരിക്കാം. (പുരയിടങ്ങളെ ഒഴിവാക്കിക്കൊണ്ട്)

1. ചെങ്കൽ ആവാസ വ്യവസ്ഥ (ചെങ്കൽ കുന്നുകളും ചെങ്കൽ പരപ്പുകളും )
2. സമതല നെൽവയലുകൾ
3. തീരദേശ വയലുകളും മണൽ തിട്ടകളും
4. തണ്ണീർ തടങ്ങൾ
5. കടൽത്തീരം

**1. ചെങ്കൽ ആവാസവ്യവസ്ഥ :** സമുദ്ര നിരപ്പിൽ നിന്നും 20 മുതൽ 30 മീറ്റർ വരെ ഉയരത്തിൽ ചെങ്കൽ ക്വാറികളും ഇടയ്ക്കിടെ ചരൽ കലർന്ന ചുവന്ന മണ്ണും കാണപ്പെടുന്ന ഈ ഭൂവിഭാഗം ആകെ വിസ്തൃതിയുടെ

35 ശതമാനം വരും . പാടിക്കാനം, നാട്ടങ്കല്ല് ,കുളിയൻമരം, രാവണേശ്വരം, തണ്ണോട്ട് , പാണംത്തോട്, വേലാശ്വരം വെള്ളന്തട്ട, രാമഗിരി, രാംനഗർ, മാവുങ്കാൽ, നെല്ലിത്തറ, മൂലക്കണ്ടം, കാരക്കുഴി , ബെള്ളിക്കോത്ത്, മഡിയൻ എന്നി പ്രദേശങ്ങൾ ഈ മേഖലയിൽ പെടുന്നു . ചെങ്കല്ലിനു നല്ല ജലാഗിരണ ശേഷിയുണ്ടെങ്കിലും സസ്യാവരണമില്ലെങ്കിൽ മഴ പെയ്യുമ്പോൾ ചെരിഞ്ഞ പ്രദേശത്തിലൂടെ ഒഴുകിപ്പോകും. ചിത്താരി പുഴയടക്കം ജില്ലയിലെ 9 ചെറു നദികൾ ചെങ്കൽ കുന്നുകളിൽ നിന്ന് ഉറവിടുന്നവയാണെന്ന വസ്തുത കുന്നുകൾ ജല സംഭരണികളാണെന്ന കാര്യം അടിവരയിട്ടു പറയുന്നു. ചെങ്കല്ലിന്റെ അമിത ചൂഷണവും മണ്ണിനു വേണ്ടിയുള്ള കുന്നിടിക്കലും കാരണം ചെങ്കൽ കുന്നുകൾ നാശത്തിന്റെ വക്കിലാണ്. 90 കൾക്ക് മുൻപ് കൈകൊണ്ട് കൊത്തിയെടുക്കുകയായിരുന്നു പതിവ്. ചെങ്കൽ എടുത്ത ശേഷം കപ്പണ ഭാഗികമായോ പൂർണമായോ മൂടി പുരയിടങ്ങളാക്കുകയാണ് പതിവ്. അങ്ങിനെ ചെയ്യുമ്പോൾ നേരത്തേയുണ്ടായതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ ജല സംരക്ഷണം നടക്കുന്നു .മണ്ണും ജൈവവൈവിധ്യവും മെച്ചപ്പെടുന്നു. എന്നാൽ യന്ത്ര വൽക്കരണം വന്നതിനു ശേഷം വിസ്തൃതമായ പ്രദേശം 30-40 അടി ആഴത്തിൽ ഖനനം ചെയ്ത ശേഷം ഉപേക്ഷിക്കുകയാണ് ചെയ്യുന്നത് . ഇത് മൂലം സമീപ പ്രദേശത്തെ ഭൂഗർഭജല വിതാനം താഴുന്നു. വസ്തുതാനേഷണ യാത്രയിൽ 2,4,8 വാർഡുകളിൽ ഏറെ ഉപേക്ഷിക്കപ്പെട്ട ചെങ്കൽപ്പണകൾ കാണാൻ കഴിഞ്ഞു. സംരക്ഷണ വേലിയില്ലാത്തതിനാലും പഞ്ചായത്ത് റോഡിനു തൊട്ടടുത്ത സ്ഥിതിചെയ്യുന്നതിനാലും വാഹനങ്ങളും മനുഷ്യരും കന്നുകാലികളും അപകടത്തിൽ പെടാൻ സാദ്ധ്യത വളരെയേറെയാണ് . രണ്ട് ക്വാറികൾ മാലിന്യ നിക്ഷേപം തള്ളാനുള്ള ഇടമായി ഉപയോഗിക്കുന്നു. ഇവിടം ദുർഗന്ധപൂരിതമാണ്. ഒട്ടേറെ തനത് സസ്യജാലങ്ങൾ ചെങ്കൽ പ്രദേശത്തുണ്ട്. കണ്ണൂർ -കാസറഗോഡ് ജില്ലകളിലെ ചെങ്കൽ പ്രദേശത്തു നിന്നും മുപ്പതോളം പുതിയ സസ്യ ഇനങ്ങൾ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. എന്നത് ഈ ആവാസ വ്യവസ്ഥയുടെ പാരിസ്ഥിതി പ്രാധാന്യം അടിവരയിട്ടു പറയുന്നു.

**2. നെൽവയലുകൾ :** അതിവേഗം അപ്രത്യക്ഷമാകുന്ന ഒരു മനുഷ്യ നിർമ്മിതി ആവാസവ്യവസ്ഥയാണ് നെൽവയലുകൾ. കേരളമൊട്ടാകെയുള്ള ഈ പ്രവണത അജാനൂർ പഞ്ചായത്തിലും ശക്തമാണ്.2008 ലെ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം വന്നിട്ടും ഈ നിയമത്തിലെ പഴുതുകളും പിന്നീട് വന്ന ഭേദഗതികളും മൂലം നികത്തൽ തുടരുന്നു.നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് കൂടുതലും നടത്തുന്നതെങ്കിലും സ്ഥലത്തിന്റെ വിപണിമൂല്യം വർധിക്കുമെന്ന പ്രതീക്ഷയിൽ അനധികൃതമായും നികത്തുന്നുണ്ട് .മറ്റു വിളകളെ അപേക്ഷിച്ചു വരുമാനം കുറവായതിനാൽ പഴയ തലമുറ നെൽകൃഷി ഉപേക്ഷിക്കുന്നതും പുതിയ തലമുറ ഈ മേഖലയിലേക്ക് കടന്നു വരാത്തതും ഗൗരവമേറിയ പ്രശ്നമാണ് .

ഒട്ടേറെ പാരിസ്ഥിത ധർമ്മങ്ങൾ നിർഹിക്കുന്നതിനാൽ നെൽവയലുകൾ സംരക്ഷിക്കേത് അത്യാവശ്യമാണ് . മഴക്കാലത്തു അധികജലം ഉൾക്കൊള്ളുന്നത് വഴി വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുന്നു. നാലഞ്ച് മാസം വെള്ളം കെട്ടി നിൽക്കുമ്പോൾ വളരെയധികം ജലം മണ്ണിലേക്ക് കനിഞ്ഞിറങ്ങി ഭൂഗർഭജല വിതാനം ഉയരുന്നു. ആയതിനാൽ നെൽ വയലുകളുടെ നാശം ജലക്ഷാമത്തിനു കാരണമാകുന്നു. മത്സ്യങ്ങൾ, തവളകൾ തുമ്പികൾ ജലപക്ഷികൾ എന്നിവയുടെ പ്രജനന കേന്ദ്രങ്ങളാണ് വയലുകൾ. മിക്ക നെൽ വയലുകളും രണ്ട് മൂന്നു വിളകളാണ് പച്ചക്കറി, പയർ വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തിരുന്നു. ഇന്ന് അത് വളരെ കുറഞ്ഞതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കീടനാശിനികളിൽ കുളിപ്പിച്ച കൊണ്ടുവന്ന വിഷമയമായ പച്ചക്കറി തിന്നാൽ നാം നിർബന്ധിതരാകുന്നു .ഒരു പ്രദേശത്തിന്റെ താപനില ക്രമീകരിക്കുന്നതിലും നെൽ വയലിന് പങ്കുണ്ട്. ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ (വികസന റിപ്പോർട്ട് 1997) നെൽകൃഷി വില വിസ്തൃതി ഹെക്ടറും മൊത്തം നെൽവയൽ വിസ്തൃതി ആയിരുന്നത് 2021 ൽ ഹെക്ടറും ആയി കുറഞ്ഞിരിക്കുകയാണ് കാലാവസ്ഥ മാറ്റം കാരണം മഴയുടെ വിതരണത്തിൽ വന്ന മാറ്റം മൂലം ഒന്നാം വിളകൃഷി ശ്രമകരവും നഷ്ടസാധ്യതയുള്ള തുമായി കാണുന്നു . വെള്ളപ്പൊക്കം മൂലം തരിശിടൽ പ്രവണത കൂടുന്നു .ഇത് മറികടക്കേണ്ടതുണ്ട്.

**3. തീരദേശ നെൽവയലുകളും മണൽത്തിട്ടകളും :** റെയിലിന് പടിഞ്ഞാർഭാഗത്തുള്ള അജാനൂർ കടപ്പുറം കൊത്തിക്കാൽ, ചിത്താരി കടപ്പുറം, കൊളവയൽ, മുട്ടുന്തല, കല്ലിങ്കൽ, കാറ്റാടി, ഇട്ടമ്മൽ, മട്ടുമ്മൽ, മല്ലികമാട് എന്നീ സ്ഥലങ്ങളിൽ ഒരു കാലത്ത് വലിയ മണൽത്തിട്ടകളും അവക്കിടയിൽ നെല്ലും പച്ചക്കറികളും പുകയിലയും കൃഷി ചെയ്തിരുന്നു .പുകയില കൃഷി ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായി. മണൽത്തിട്ടകൾ കൃഷിയിടങ്ങളിലേക്ക് വെട്ടി നിരത്തുകയും വയൽ പ്രദേശങ്ങളിൽ സമീപ പ്രദേശങ്ങളിലെ ചെങ്കൽ കുന്നുകൾ ഇടിച്ചു കൊണ്ടു വരുന്ന ചുകന്നതും കളിമണ്ണ് കലർന്നതുമായ മണ്ണിട്ട് നികത്തി കെട്ടിട നിർമ്മാണ വ്യാപകമായി നടന്നു വരുന്നു . ഇത് ഈ പ്രദേശങ്ങളിലെ ജല ഗുണ നിലവാരം മോശമാകാൻ കാരണമായിട്ടുണ്ട്. നെൽവയലുകളിൽ മതിൽ കെട്ടി നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്ന പ്രവണതയും ശക്തമാണ്. ഇത് മഴക്കാലത്തു

വെള്ളപ്പൊക്കത്തിനും മാസങ്ങൾ നീണ്ടുനിൽക്കുന്ന വെള്ളക്കെട്ടിനും കാരണമാകുന്നു. കൊതുകുകൾ പെരുകുന്നത് മൂലം കൊതുക് ജന്യ രോഗങ്ങൾ വർധിക്കുന്നു. വെള്ളക്കെട്ടിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവമാലിന്യങ്ങളും കുന്നുകൂടി സ്ഥിതി സങ്കീർണമാക്കുന്നു .

**3. തണ്ണീർതടങ്ങൾ:** കടലൊഴികെ 6 മീറ്റർ കുറവ് ആഴമുള്ള ജലാശയങ്ങളെല്ലാം തണ്ണീർതടങ്ങളാണ്. ഇവ വർഷം മുഴുവൻ നിലക്കുന്നതോ വേനലിൽ വറ്റുന്നതോ ഒഴുകുന്നതോ ഒഴുകാത്തതോ ആകാം. അജാനൂർ പഞ്ചായത്തിന്റെ സാഹചര്യത്തിൽ ചിത്താരിപുഴയുടെ കടലിനോടടുത്ത ഭാഗമായ ചിത്താരിക്കായൽ, കായലിലും പുഴയുടെ പ്രധാന കൈവഴിയായ പുല്ലൂർ തോടിലും (ഇതിനു മണ്ണട്ട, കൊടവലം, മീങ്ങോത്ത്, കുമ്പള തുടങ്ങിയ സ്ഥലങ്ങളിൽ അതാത് പ്രദേശത്തിന്റെ പേരാണ്) വന്നു ചേരുന്ന കൈത്തോടു പ്രകൃതിദത്ത കുളങ്ങളും അരുവികൾ, പള്ളങ്ങൾ എന്നിവ ഉൾപ്പെടുന്നു. വളരെയധികം പരിസ്ഥിതി പ്രാധ്യാന്യമുള്ള ആവാസവ്യവ സ്ഥയാണ് തണ്ണീർത്തടങ്ങൾ. വെള്ളപ്പൊക്ക നിയന്ത്രണ, ഭൂഗർഭ ജല പോഷണം, ജൈവ മാലിന്യ സംസ്കരണം എന്നീ പാരിസ്ഥിക സേവനങ്ങൾ നൽകുന്നതിന് പുറമേ ജലപക്ഷികളുടെയും മത്സ്യങ്ങളുടെ (ചെമ്മീൻ, ഞണ്ട്, ആമകൾ അടക്കം) ചെറുസസ്തനികളുടെ ആവാസം സവിശേഷമായ സസ്യവൈവിധ്യം എന്നിവയാൽ പ്രാധാന്യമർഹിക്കുന്നു.

വേനൽക്കാല നീരൊഴുക്ക് കുറയുന്നത് പ്ലാസ്റ്റിക് ജൈവ മാലിന്യങ്ങൾ നിറയുന്നത്, ജൈവ വൈവിധ്യ ശോഷണം, കയ്യേറ്റം എന്നിവയാണ് ചിത്താരിപുഴയുടെ പ്രധാന പ്രശ്നം. പ്രധാന കൈവഴിയായ പുല്ലൂർ തോടും കൈത്തോടുകളും വേനലിൽ പൂർണ്ണമായും വറ്റുന്നതിനാൽ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം തള്ളിക്കയറുന്നു .ചെങ്കൽ കുന്നുകളുടെ നാശം ,നെലനയലുകൾ ഇല്ലാതാക്കുന്നത് തോടുകൾ നികത്തുന്നതും കൈയെറുന്നതും അമിത ജല ചൂഷണം ഇവ വേനല്ക്കാല നീരോഴുക്കിനെ ശോഷിപ്പിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ നിർമ്മിച്ച തടയണകൾ സ്ഥിതിഗതികൾ അല്പം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട് .എങ്കിലും അറ്റകുറ്റപണികളുടെ അഭാവവും പലകകൾ നഷ്ടപ്പെടുന്നതും പ്രശ്നമാണ്. ചിത്താരി റെഗുലെറ്റർ കം ബ്രിഡ്ജ് പ്രവർത്തനക്ഷമമല്ല. ഓറവുങ്കര VCB യുടെ പലകകൾ നഷ്ടപ്പെട്ട നിലയിലാണ്. (ഉപ്പുവെള്ളക്കയറ്റം തടയുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശം) VI വാർഡിലെ കൂലോത്ത് വളപ്പ് അണക്കെട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പക്ഷെ അതിൽ നിന്നും കനാൽ വഴി വയലിലേക്ക് വെള്ളമൊഴുകുന്ന പൈപ്പുകൾ (റോഡിനു കുറുകേയുള്ളവ )പത്ത്സ്ഥലങ്ങളിൽ ബ്ലോക്കായിട്ടുള്ളത് കാണാൻ കഴിഞ്ഞു.

കരിങ്കൽ കൊണ്ടുള്ള പാർശ്വഭിത്തി നിർമ്മാണം പുഴയോര ജൈവ വൈവിധ്യത്തിന് ഹാനികരമായിട്ടുണ്ട് . കൈതപോലുള്ള പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉണ്ടാകാൻ പ്രയോജനപ്പെടുന്ന ചെടികൾ കുറഞ്ഞു . പൂമ്പാറ്റകൾക്കും, തേനിച്ചകൾക്കും, നീല ശലഭങ്ങൾ, പക്ഷികൾ, ചെറു സസ്തനികൾ എന്നിവയ്ക്ക് ആശ്രയമായ സ്വാഭാവിക തീര സംരക്ഷണ സസ്യങ്ങൾ ഇല്ലാതാവുകയാണ്. ഇത് മൂലം മത്സ്യസമ്പത്തും കുറയുന്നു. ഓര് ജലമുള്ള സ്ഥലങ്ങളിൽ കണ്ടൽക്കാടുകളുണ്ട്. ഉപ്പട്ടി, കണ്ണംബോട്ടി, പൂക്കണ്ടൽ, റൈസോഫോറ, ബ്രുഹേറിയ എന്നീ ഇനങ്ങളെ തിരിച്ചറിയാൻ കഴിഞ്ഞു.

തീരപ്രദേശത്തെ സവിശേഷമായ ജലാശയങ്ങളാണ് ആവികൾ ആവികളെ സൂചിപ്പിക്കുന്ന സ്ഥലനാമങ്ങൾ (ആവിക്കര, മുറിയനവി, കല്ലൂരാവി) ഇവയുടെ പ്രാധാന്യം മുമ്പ്കാലത്ത് ജനം തിരിച്ചറിഞ്ഞതിന്റെ തെളിവാണ് വെള്ളപ്പൊക്ക നിയന്ത്രണം, ജലസംരക്ഷണം ഉപ്പുവെള്ളക്കയറ്റം തടയൽ ചെറുജലജീവികൾക്ക് ആവാസം എന്നി പാരിസ്ഥിതിക ധർമ്മങ്ങൾ ആവികൾക്കുണ്ട്. ആവികൾ ചെങ്കൽ മണ്ണിട്ട് വ്യാപകമായി നികത്തപ്പെടുന്നു ് മതിൽ കെട്ടി നീരൊഴുക്ക് തസ്സപ്പെടുത്തിയും ആവികളെ നശിപ്പിക്കുന്നു .

**4. കടൽത്തീരം:** കിലോമീറ്റർ കടല്ത്തീരം അജാനൂർ പഞ്ചായത്തിന്റെ ഭാഗമായുണ്ട്. അജാനൂർ കടപ്പുറം, കൊത്തിക്കാൽ, ചിത്താരി കടപ്പുറം ഇവയാണ് തീരപ്രദേശങ്ങൾ. അജാനൂർ കടപ്പുറത്ത് മഴക്കാലത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാകാറുണ്ട് .കൊത്തിക്കാലിൽ വച്ചാണ് ചിത്താരി പുഴ അറബിക്കടലിൽ ചേരുന്നത്. അഴിമുഖതിന്റെ സ്ഥാനമാറ്റം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നിർദ്ദിഷ്ട മത്സ്യബന്ധന തുറമുഖം കൊത്തിക്കലാണ്. ആഗോള താപനം മൂലം കടൽനിരപ്പുയരുന്നതും ന്യൂനമർദ്ദത്തോടനുബന്ധിച്ചുള്ള ചുഴലിക്കാറ്റുകളും തീരശോഷനതിന്റെയും ഉപ്പു വെള്ളക്കയറ്റത്തിന്റെയും ഗതിവേഗം വര്ധിനച്ചിട്ടുണ്ട്. തീരസംരക്ഷണത്തിന് കരിങ്കൽ ഭിത്തിയാണ് നിലവിലുള്ള രീതി. എന്നാൽ ഇത് കടൽ തീരത്തിന്റെ നാശത്തിനു കാരണമാവുന്നതിനാൽ കടലാമകൾ പോലെ തീരത്തെ പൂഴിമണ്ണിൽ മുട്ടയിട്ട് വംശ വർധനവ് നടത്തുന്ന ജീവജാലങ്ങൾ ഭീഷണിയായിട്ടുണ്ട്. വലിയ വലിപ്പമുള്ള കരിങ്കല്ലിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ട്. മാത്രമല്ല കരിങ്കൽ ഭിത്തി തകർന്നത്കൊണ്ടുള്ള കടലാക്രമണവും സാധാരണമാണ് .ആയതിനാൽ ജൈവ, തിരകളെ ഗതി തിരിച്ചു വിടുവനുള്ള സംവിധാനം തുടങ്ങി പരിസ്ഥിതി സൗഹൃദരീതികൾ പരീക്ഷിക്കേണ്ടതുണ്ട്.

**5. ജല മലിനീകരണം :** കാസറഗോഡ് ജില്ലയിൽ രാസവ്യവസായ മൂലമുള്ള ജല മലിനീകരണമില്ല. ജൈവ മാലിന്യം ജല സ്രോതസ്സുകളിൽ കലരുന്നതും അശാസ്ത്രീയമായ കക്കൂസ് ടാങ്ക് നിർമ്മാണവും മൂലം മനുഷ്യ മലത്തിൽ കാണുന്ന കോളിഫാം ബാക്ടീരിയകൾ കുടിവെള്ളത്തിൽ കടക്കുന്നതും തീരപ്രദേശത്ത് ഉപ്പുവെള്ളക്കയറ്റവുമാണ് ജല മലിനീകരണത്തിന് കാരണം .വീടുകളിൽ നിന്നും നഗരപ്രദേശങ്ങളിൽ നിന്നുമുള്ള ദ്രവ മാലിന്യങ്ങൾ നേരിട്ട് തോടുകളിലും പുഴകളിലും എത്തുന്നു . കൃഷിക്ക് വേണ്ടിയുള്ള വളം കീടനാശിനി പ്രയോഗവും ജല മലിനീകരണത്തിന് കാരണമാവുന്നു. ജല വകുപ്പ് നടത്തിയ പഠനത്തിൽ ചിത്താരി പുഴയിലെ പുല്ലൂർ പാലത്തിനടുത്തു നിന്ന് എടുത്ത സാമ്പിളിൽ കോളിഫേം ബാക്ടീരിയയുടെ അളവ് നിശ്ചിത പരിധിക്കു മേലെയാണെന്നു കാണിക്കുന്നു. കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിൽ വരുന്ന വെള്ളയിത്തോടിലെ ജലം ചെരിച്ചൽ പാലത്തിന് താഴെ വച്ച് പുല്ലൂർ തോടിൽ ചേരുന്നു . 2021 ആഗസ്റ്റിൽ നടത്തിയ നിരീക്ഷണത്തിൽ വെള്ളയിതോടിൽ നിന്ന് വരുന്ന ജലം ഇരു തവിട്ടു നിറത്തിൽ കാണപ്പെടുന്നു. ഇത്തരം പ്രശ്നങ്ങൾ പഠിക്കാൻ ചിത്താരിപ്പുഴയുടെ വിവിധ പ്രദേശങ്ങളിൽ നിന്നെടുത്ത ജല ഗുണനിലവാര പരിശോധനക്ക് വിധേയമാക്കി .മലിനീകരണത്തിന്റെ തോത് നിശ്ചയിച്ചു പരിഹാരം കാണേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ ഗുണ നിലവാര പരിശോധന വിഭാഗം നടത്തിയ പരിശോധനയിൽ ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന തുറന്ന കിണറുകളിൽ 80 ശതമാനത്തിലും കോളി ഫോം ബാക്ടീരിയയുടെ സാന്നിധ്യം കാണിക്കുന്നു. ജില്ലയുടെ പല മേഖലകളിലും കുഴൽ കിണറുകളിൽ ഇരുമ്പിന്റെ അംശം വളരെ കൂടുതലാണ് . ജില്ലയിലെ കാസറഗോഡ് കാഞ്ഞങ്ങാട് നഗരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വായു ഗുണ നിലവാരം നിരീക്ഷണ ഉപകരണങ്ങളിൽ നിന്നുള്ള ഡാറ്റ പ്രകാരം ജില്ലയിലെ വായു പൊതുവെ നല്ല ഗുണനിലവാരം പുലർത്തുന്നുണ്ടെങ്കിലും ഇന്നത്തെ നിലയിലുള്ള വാഹന പെരുപ്പം കണക്കിലെടുത്താൽ സമീപ ഭാവിയിൽ വായു ഗുണ നിലവാരം മോശമാകാൻ സാധ്യതയുണ്ട് .പ്ലാസ്റ്റിക് അടക്കമുള്ള ഖരമാലിന്യങ്ങളുടെ തുറന്ന കത്തിക്കൽ അനുവദിക്കാൻ പാടില്ല. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് വാഹനങ്ങൾ മൂലമുള്ള മലിനീകരണം ഒഴിവാക്കാൻ കഴിയും . നിർമ്മാണ പ്രവർത്തനങ്ങൾ (റോഡ്, കെട്ടിടങ്ങൾ) ക്വാറി പ്രവർത്തനം എന്നിവ പ്രാദേശികമായി വായു മലിനീകരണം സൃഷ്ടിക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ഇവ നടത്താൻ ബന്ധപ്പെട്ടവരെ അനുശാസിക്കേണ്ടതാണ്.

**ജൈവവൈവിധ്യ സംരക്ഷണം:** ഒരു പ്രദേശത്തെ മൊത്തം ജീവജാതികളുടെ ഇനങ്ങളും എണ്ണവും ആണ് ജൈവ വൈവിധ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് ആ പ്രദേശത്തിന്റെ പരിസ്ഥിതി ആരോഗ്യത്തിന്റെ സൂചകമാണ്. ജൈവ വൈവിധ്യം പ്രദേശത്തിന്റെ ആവാസ വ്യവസ്ഥ വൈവിധ്യവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ചെങ്കൽ കുന്നുകൾ, താഴ്വരകൾ, നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, പുരയിടങ്ങൾ, എന്നി ആവാസ വ്യവസ്ഥകൾ അജാനൂർ പഞ്ചായത്തിലുണ്ട്. നിത്യഹരിത വനങ്ങളുടെ സ്വഭാവമുള്ള കാവുകൾ ജൈവ വൈവിധ്യത്തിന്റെ കേന്ദ്രമാണ്. വെള്ളിക്കുന്നത് കാവ് ആണ് പഞ്ചായത്തിലെ പ്രധാന കാവ്. പറമ്പുകളിൽ നട്ടുപിടിപ്പിക്കാൻ സാധ്യതയില്ലാത്തതും കളകളായി കണക്കാക്കി നശിപ്പിക്കുന്നതുമായി പരിസ്ഥിതി പ്രാധാന്യമുള്ള മരങ്ങൾ കുറ്റിച്ചെടികൾ, വള്ളികൾ, അപൂർവങ്ങളായ ഔഷധ സസ്യങ്ങൾ, പക്ഷികൾ, പൂമ്പാറ്റകൾ തേനീച്ചകൾ, കടന്നലുകൾ, ചെറിസസ്തനികൾ എന്നിവ കാവുകളിൽ സുലഭമാണ്. പുഴയുടെയും തൊടുകളുടെയും തീരങ്ങൾ സവിശേഷമായ ജൈവ വൈവിധ്യത്തെ നിലനിർത്തുന്നു. എന്നാൽ കരിങ്കൽ /ചെങ്കൽക്കെട്ടുകൾ ഉപയോഗിച്ചുള്ള തീരാ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത് ജൈവ വൈവിധ്യ ശോഷണത്തിനു കാരണമായിട്ടുണ്ട്. താഴെ പറയുന്ന ഇനങ്ങൾ നദികളുടെയും തോടുകളുടെയും സ്വാഭാവിക സംരക്ഷണ സസ്യങ്ങളായി പഠന യാത്രയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്.

### കണ്ടൽ ഇനങ്ങൾ (ഉപ്പുവെള്ളം കയറുന്ന ഇടങ്ങൾ )

ഉപ്പട്ടി, കണ്ണാമ്പൊട്ടി, പൂക്കണ്ടൽ, റൈസോഫോറ, ബ്രൂഹെറിയ

### ശുദ്ധജല നീർചാലുകളുടെ സംരക്ഷണ സസ്യങ്ങൾ

**മരങ്ങൾ :** ഉരുപ്പ്, ചേരൽ, അത്തി, ഇത്തി, കൽ മരം, മഞ്ചാടി, ബങ്കണ, കുയിലി, പാറോം, നീരളം, താന്നി, നീർമരുത്, ചാക്കട്ട, മുള, ഉങ്ങ, ഇരുൾ, കൊടംപുളി, കുറുക്കുട്ടി

**ഔഷധ സസ്യങ്ങൾ:** കീഴാർനെല്ലി, കിരിയാത്ത, സർവ്വഗന്ധി, ബ്രഹ്മി, മുത്തിൾ, തിപ്പലി, ഗരുഡക്കൊടി, ഉഴിഞ്ഞ, കരിങ്കുറിഞ്ഞി, കല്ലുരുക്കി, നന്നാറി, തുമ്പ, അകിൽപ്പൊരി, പൂവാംകുറുന്നില, മുയൽച്ചെവി, കയ്യോന്നി

**മറ്റിനങ്ങൾ** : നീർക്കൂവ.

**കുറ്റിച്ചെടികൾ:** ചടങ്ങ, ആറ്റുവഞ്ചി, അതിരാണി, ഇഞ്ചകിലുക്കി, ചിറ്റമൃത്, പുളിയറൽ, എരുക്ക്, കുന്നിക്കുരു

**ജലാശയങ്ങളിലെ ജൈവ വൈവിധ്യം**

ആവികൾ, കുളങ്ങൾ, പള്ളങ്ങൾ എന്നീ പേരിലറിയപ്പെടുന്ന ജലാശയങ്ങളിൽ തനത് സസ്യജന്തു ജാലങ്ങൾ കാണപ്പെടുന്നു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് താമരയാണ്. ഇത് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നു. ഇതിന്റെ സാധ്യത പരിശോധിക്കണം .

**മറ്റുസസ്യങ്ങൾ:** ആമ്പൽ ഇനങ്ങൾ (പൂത്താലി), ബ്രഹ്മി, മുത്തിൾ, കയ്യോന്നി, വയൽച്ചുള്ളി, സ്വർണലത, കാക്കപ്പൂ, തിരുതാളി, പൊന്നാംകണ്ണി, വള്ളിചീര, നയ്തലാമ്പൽ,

**ചതുപ്പിൽവളരുന്നവ:** പോട്ടപ്പുല്ല്, ചതുരപ്പോട്ട, ഉരുണിപ്പോട്ട, കട്ടുകരാമ്പ, കാക്കപ്പൂ, മൂത്, മങ്ങനാറി

**ശുദ്ധജല മത്സ്യങ്ങൾ:** മുഷി, വരാൽ, മാനത്ത്കണ്ണി, പുല്ലൻ, വരയൻ, കരിമീൻ, ചുള്ളിക്കൊട്ടൽ, ഇവയെല്ലാം ചതുപ്പിൽ പ്രജനനം നടത്തുന്നവയാണ് .

**കണ്ടൽ ഇനങ്ങൾ** (ഉപ്പുവെള്ളം കയറുന്ന ഇടങ്ങളിൽ ): ഉപ്പട്ടി, കണ്ണാപൊട്ടി, പൂക്കൽ, റൈസോഫോറ, മചിത്തോൽ. അനേകം നീർപക്ഷികളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

**നീർപക്ഷികൾ:** കുളകൊക്ക്, കാലിമുണ്ടി, ചിന്നമുണ്ടി, പെരുമുണ്ടി, ഇടമുണ്ടി, ചാരമുണ്ടി, ചേരക്കൊക്കൻ എന്നി കൊക്കിനങ്ങളും, പച്ചഇര, ചൂളാൻ ഇര എന്നീ ഇനങ്ങളും രണ്ടിനം താമരക്കോഴികളും, വാളൻ താമരക്കോഴി, കുളക്കോഴി, നെല്ലിക്കോഴി, നീലക്കോഴി, എന്നിവയും മോതിരക്കോഴികൾ, നീർക്കോഴി, സ്നേപ്പുകൾ, പവിഴക്കാലി, വർണ്ണക്കൊക്ക്, വെളുത്ത ഐബിസ എന്നി ദേശാടന പക്ഷികളും ഈ ജലാശയങ്ങളെ ആവസമാകുന്നു. വംശനാശ ഭീഷണി നേരിടുന്ന കരയാമകളും, വെള്ളാമ്മ എന്നി ഉരഗങ്ങളും കാണപ്പെടുന്നു. ഇവ ജൈവ വൈവിധ്യ പഠനത്തിനും ടൂറിസം വികസനത്തിനും പ്രയോജനപ്പെടുത്താവുന്നതാണ്. ചിത്താരി താമരകുളം അടോട്ട് ചിറമ്മൽ പള്ളം എന്നിവ ഇത്തരത്തിൽ പ്രയോജനപ്പെടുത്താം.

കൊതുക് നിയന്ത്രണത്തിൽ അതുല്യമായ പങ്ക് വഹിക്കുന്ന തുമ്പികളുടെ പ്രജനന കേന്ദ്രങ്ങൾ കൂടിയാണ് ഈ ജലാശയങ്ങൾ. തുമ്പികളുടെ ലാർവകൾ ഭക്ഷിക്കുന്നത് കൊതുകുകളുടെ ലാവർകളെയാണ് തുമ്പികളാകട്ടെ കൊതുകുകളെ വേട്ടയാടി ഭക്ഷിക്കുന്നു. പകൽ പുറത്തിറങ്ങുന്ന ഡെങ്കിപ്പനി കാരണമാവുന്ന ഈഡിസ് കൊതുകുകളെ നശിപ്പിക്കുന്നത് തുറസ്സായ സ്ഥലങ്ങളിൽ പറന്നു കളിക്കുന്ന തുലാത്തുമ്പികളാണ്. നമ്മുടെ നാട്ടിൽ കാണപ്പെടുന്ന ഒരേയൊരു തുമ്പികളാണ് തുലാത്തുമ്പി മറ്റു തുംബിയിനങ്ങൾ താഴെ പറയുന്നു .

ചങ്ങാതിതുമ്പി, ചെരുവെണ്ണിരാൻ, തവിട്ടുവെണ്ണിരാൻ, തവിടൻ, തുരുമ്പൻ, സ്വാമിതുമ്പി, സിന്ദൂര ചിറകൻ കരിമ്പൻ, പരുക്കൻ, നാട്ടുകടുവ, ചെന്തവിടൻ, വയൽത്തുമ്പി, നാട്ടുനിലതൻ, പൂത്താലിതുമ്പി, കനൽവാലൻ, ചതുപ്പൻ, മഞ്ഞപ്പുൽകണിയാൻ.

2002ലെ കേന്ദ്ര വൈവിധ്യ സംരക്ഷണ നിയമത്തിന്റെ തുടർച്ചയായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ വൈവിധ്യ പരിപാലന സമിതികളും (BMC) രൂപികരിച്ചിട്ടുണ്ട്. എട്ട് അംഗ BMC കളുടെ നേതൃത്വതിൽ അജാനൂർ പഞ്ചായത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഇത് കാലനുസൃതമായി പരീക്ഷിക്കേണ്ടതുണ്ട്. പ്രാദേശിക ജൈവ വൈവിധ്യത്തിന് ഭീഷണിയായ സിംഗപ്പൂർ ഡെയ്സി എന്ന കുറ്റിചെടിയും സാമൂഹ്യ വനവൽക്കരണനത്തിനായി കൊണ്ടുവന്ന അക്കേഷ്യയെയും ഉന്മൂലനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഒപ്പം തന്നെ പ്രാദേശിക ജൈവ വൈവിധ്യത്തെ സംരക്ഷിക്കാനുള്ള പദ്ധതികളും BMC കളുടെ നേത്രിത്വത്തിൽ തയ്യാറാക്കേണ്ടതുണ്ട് .

**കാലാവസ്ഥാ വ്യതിയാനം**

കാലാവസ്ഥാ വ്യതിയാനം ഇന്ന് യാഥാർഥ്യമാണ്. അത് പല രൂപത്തിൽ ദൈനംദിന ജീവിതത്തിൽ സങ്കീർണമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മനുഷ്യ ജീവിതം കൂടുതൽ ദുസ്സഹനമാക്കിക്കൊണ്ടിരിക്കുകയാണ് വരൾച്ച ജൈവ വൈവിധ്യ നാശം, കാലവർഷത്തിന്റെ വിതരണത്തിലും മഴയുടെ സ്വഭാവത്തിലും വന്ന മാറ്റം, വർധിച്ച ചൂട് മൂലം മനുഷ്യർക്കും മൃഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾ, ഉപ്പുവെള്ളക്കയറ്റം, കൊടുംകാറ്റുകളും ശക്തിയേറിയ തിരമാലകളും മൂലം കടൽ തീര ശോഷണം എന്നിവയാണ് പ്രശ്നങ്ങൾ. കാലാവസ്ഥ വ്യതിയാനത്തിന് കാരണം ആഗോളതാപനാമാണ്. വ്യവസായ വിപ്ലവ കാലം മുതൽ മനുഷ്യൻ പെട്രോളിയം

ഇന്ധനം കൽക്കരി കത്തിച്ചും വന നശീകരണം നടത്തിയും ധാരാളം കാർബൽഡൈഓക്സൈഡ്, മീതെയിൻ തുടങ്ങിയ ഇൻഫ്രാറെഡ് രശ്മികൾ ആഗിരണം ചെയ്യുന്ന വാതകം വായുവിലേക്ക് തള്ളുന്നു. കാർബൺ ഡൈഓക്സൈഡ് അളവ് അന്നത്തെ അപേക്ഷിച്ച് 45 ശതമാനം വർധിച്ചിട്ടുണ്ട. തന്മൂലം ആഗോളശരാശരി താപനില 1 ഡിഗ്രി സെൽഷ്യസ് ഉയർന്നിട്ടുണ്ട്. ഇതിനെയാണ് ആഗോളതാപനം എന്ന് പറയുന്നത് പർവ്വത തലപ്പുകളിലെ മഞ്ഞുരുകി കടൽ വെള്ളത്തിൽ ചേർന്ന് കടൽ നിരപ്പുയരുക കാലാവസ്ഥയിൽ വ്യതിയാനം മാറ്റം വരിക ചുരലികൊടുംകാറ്റ് ഇതിന്റെ പ്രത്യക്ഷഫലമാണ് .

ആഗോളതലത്തിൽ മനുഷ്യകാരണമായ കാലാവസ്ഥ മാറ്റത്തെപ്പറ്റി പഠിക്കുന്ന IPCC 1990 മുതൽ കാലാവസ്ഥ വിലയിരുത്തൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. 2013 ൽ പ്രസിദ്ധീകരിച്ച അഞ്ചാം വിലയിരുത്തൽ റിപ്പോർട്ടിൽ കാലാവസ്ഥ മാറ്റത്തിനു കാരണം മനുഷ്യ പ്രവർത്തികളാണെന്നു അടിവരയിട്ടു പറയുന്നു .65% പെട്രോളിയം കല്ക്കരി കത്തിക്കുന്നത് മൂലമുള്ള കാർബൺഡയോക്സൈഡം 11% വനനശീകരണവും തെറ്റായ ഭൂവിനിയോഗം കാരണവും 16% മീതെയിൻ വാതകം മൂലവും 6.2 % വാഹന പുകകളിലും വ്യാവസായിക പുകകളിലുമുള്ള നൈട്രജൻ ഓക്സൈഡ്കാരണവും 2% ക്ലോറോ ഫ്ളൂറോ കാർബൺ മൂലമാണ്. ഇന്നത്തെ നിലയിൽ ഇവ വർദ്ധിക്കുകയാണെങ്കിൽ 2100 ഓടെ അന്തരീക്ഷ താപനില ശരാശരി 3% ഡിഗ്രി വരെ വർധിച്ചാൽ മനുഷ്യന് ഭൂമിയിൽ ജീവിക്കാൻ പറ്റാതാകും . കടൽ നിരപ്പ് 1 മീറ്ററിലധികം ഉയരാൻ സാധ്യതയുണ്ട്.

കാലാവസ്ഥ വ്യതിയാനതിനെതിരെയുള്ള പ്രവർത്തനങ്ങൾ ആഗോളതലത്തിൽ ലോക രാഷ്ട്രങ്ങളുടെ നേത്രിത്വത്തിൽ നടക്കേണ്ടതാണെങ്കിലും ഒട്ടേറെ കാര്യങ്ങൾ പ്രാദേശിക തലത്തിൽ നടപ്പാക്കി അതിന്റെ ആഘാതം കുറക്കാൻ സാധിക്കും. വന വല്കരണം പ്രധാന പ്രവർത്തനമാണ്. ജൈവ വൈവിധ്യ സംരക്ഷണം, മാലിന്യസംസ്കരണം, ബയോഗ്യാസ് ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കൽ സൗരോർജ്ജം, കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം എന്നിവ പ്രോത്സാഹിപ്പിക്കാൻ തരിശ് രഹിത കൃഷിയിടങ്ങൾ ഉപ്പ് വെള്ളക്കയറ്റം തടയൽ, ജല സംരക്ഷണം, മഴവെള്ള കൊയ്ത്ത്, കടൽ തീര സംരക്ഷണം എന്നിവ ഉദാഹരണം. പ്രശ്നങ്ങൾ രൂക്ഷമായ സ്ഥലങ്ങളിൽ പുനരധിവാസവും വേണ്ടിവരും.

## കാലാവസ്ഥ വ്യതിയാനം ജില്ലയിലും അജാനൂർ പഞ്ചായത്തിലും

മഴയുടെയും താപനിലയുടെയും കാലാവസ്ഥയുമായി ബന്ധപ്പെട്ട മറ്റു ഘടകങ്ങളുടെയും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. 1985 മുതൽ 2017 വരെ ശരാശരി കുറഞ്ഞ താപനിലയിലും (ഡിസംബർ), കൂടിയതപനിലയിലും (ഏപ്രിൽ) വർദ്ധിച്ചതായി കാണുന്നു. ഇത് ശരാശരിയാണെന്നും പ്രാദേശികമായി ഉയർന്ന താപനില 38-39 ഡിഗ്രി വരെ രേഖപ്പെടുത്തിയിട്ടുണ്ട്. സൂര്യതാപം കൊണ്ട് പൊള്ളലേൽക്കുന്നതും സൂര്യാഘാതം കൊണ്ട് കന്നുകാലികളും മനുഷ്യരും മരിക്കുന്നതും അപൂർവ്വമല്ല. മാർച്ച് മുതൽ മേയ് വരെയുള്ള കാലങ്ങളിൽ വൻ തീപിടുത്തങ്ങൾ ഉണ്ടാകുന്നു. ചിത്തരിപ്പുഴയുടെ കൈവഴികളായ തോടുകളെല്ലാം പൂർണമായും വറ്റിവരുന്നു. കവുങ്ങ് കൃഷിക്കാർക്ക് വേനൽക്കാലത്ത് ജലസേചനം ചെയ്യാൻ ജലം ലഭ്യമല്ലതാകുന്നു കടുത്ത ചൂടിൽ വേനൽക്കാല പച്ചക്കറികളുടെ ഉത്പാദനവും കുറയുന്നു .സംസ്ഥാനത്ത് 46 ശതമാനം കിണറുകൾ പൂർണമായും വറ്റിയതായി 2019 മെയിൽ നിരീക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ചെങ്കൽ മേഖലകളിൽ ഇത് രൂക്ഷമാണ്. ഇതിന്റെ ഫലമായി കുഴൽ കിണർ നിർമ്മാണം വളരെയധികം വർദ്ധിച്ചു . ജില്ലാ ഭരണകൂടം നിയന്ത്രണങ്ങൾ വച്ചിട്ടും അനധികൃത കുഴൽ കിണർ നിർമ്മാണം നിർബാധം തുടരുന്നു. ഭൂജല വകുപ്പിന്റെ കണക്കിൽ കാഞ്ഞങ്ങാട് ബ്ലോക്ക് സെമി ക്രിട്ടിക്കൽ വിഭാഗത്തിലാണ് .

2019 ന് ശേഷം ഭൂഗർഭ ജലത്തിന്റെ അളവിൽ വർദ്ധണന ഉണ്ടായിട്ടുണ്ട് എന്നത് ആശാവഹമാണ്. ഭൂജല വകുപ്പിന്റെ ജില്ലയിലെ 67 നിരീക്ഷണ കിണറുകളിൽ 83 ശതമാനം കിണറുകളിലും ജലനിരപ്പ് ഉയര്ന്നിട്ടുണ്ട്. 2019 ശേഷം മഴ കൂടിയതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ജല സംരക്ഷണ പ്രവർത്തനങ്ങളും ഗുണം ചെയ്തിട്ടുണ്ട്.

## കാലവർഷവും കാലാവസ്ഥാ വ്യതിയാനവും

15 വർഷത്തെ വർഷ പാതത്തിന്റെ ഡാറ്റാ പരിശോധിച്ചാൽ 2011 മുതൽ 2017 വരീയുള്ള കാലങ്ങളിൽ ശരാശരി മഴയുടെ അളവിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. അതേ സമയം 2018 മുതൽ മഴയുടെ അളവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

വാർഷിക ശരാശരി മഴ കാസറഗോഡ് ജില്ലയിൽ

| വർ | മഴ (മില്ലിമീറ്റർ ) |
|---|---|
| 2007 | 3604.9 |
| 2008 | 3211.4 |
| 2009 | 3242.6 |
| 2010 | 4256.6 |
| 2011 | 4099.4 |
| 2012 | 3142.4 |
| 2013 | 3483.0 |
| 2014 | 3448.4 |
| 2015 | 2831.3 |
| 2016 | 2545.7 |
| 2017 | 2824.4 |
| 2018 | 3141.99 |
| 2019 | 4090.5 |
| 2020 | 3545.0 |
| 2021 | 3836.6 |
| 2022 | 3678.1 |
| 2023 | 3735.5 |
| 2024 | 3600.2 |

2019 ൽ ഇടവപ്പാതി സമയത്ത് പഞ്ചായത്തിന്റെ തീരദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി. ഇത് ഏറ്റക്കുറച്ചിലോടെ 2020ലും 2021 ലും ആവർത്തിച്ചു. മഴയുടെ വിതരണത്തിലാണ് കാര്യമായ മാറ്റമുണ്ടായത്. 2018 ൽ ആഗസ്റ്റിലും 2019ൽ സെപ്റ്റംബറിലും 2020ൽ ഒക്ടോബറിലും 2020 നവംബറിലും ദീർഘകാല ശരാശരിയെക്കാൾ കൂടുതൽ മഴ പെയ്തു.

ഈ കാലവർഷങ്ങളിൽ എല്ലാം തന്നെ ആഗസ്റ്റ് മുതൽ നവംബർ വരെ കാര്യമായ ഇടവേളയില്ലാതെ മഴ പെയ്ത കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കി. നെൽകൃഷി വെള്ളപ്പൊക്കത്തിൽ നശിപ്പിക്കുകയും ബാക്കി വന്നത് വിളവെടുപ്പിന്റെ സമയത്തുണ്ടായ കനത്ത മഴയിൽ കുതിരുകയും ചെയ്തു. കവുങ്ങ്, കുരുമുളക്, റബ്ബർ, എന്നി വിളകളിൽ രോഗബാധ മൂലം ഉല്പ്പാദനം കുറഞ്ഞ് മഴയുടെ സ്വഭാവത്തിലുള്ള വ്യതിയാനം (കുറഞ്ഞ സമയത്ത് കനത്ത മഴ) മഞ്ഞളിപ്പിനും മണ്ണിന്റെ ജൈവാംശ ശോഷണത്തിനും കാരണമായി .

സാധാരണ ഗതിയിൽ ചുഴലികൊടുംകാറ്റിനു സാധ്യതയില്ലാത്ത അറബിക്കടലിൽ ന്യൂനമർദ്ദം ചുഴലിക്കറ്റ് ഭീഷണിയും വർദ്ധിച്ചു വന്നു. ഇത് കടലേറ്റത്തിനും ശക്തമായ കടലാക്രമാണത്തിനും കാരണമായി. വടക്ക് മഞ്ചേശ്വരം മൂസോടി കടപ്പുറം മുതൽ തെക്കേ അറ്റത്തെ വലിയപറമ്പ് പണ്ട്യാലക്കടവ് വരെ ബാധിച്ചു. പഞ്ചായത്തിലെ അജാനൂർ കടപ്പുറത്ത് കടലാക്രമണങ്ങൾ ആവർത്തിച്ചു.

## ദുരന്ത നിവാരണം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പട്ടികപ്പെടുത്തിയ 17 ഇനം പ്രകൃതി ദുരന്തങ്ങളിൽ അജാനൂർ പഞ്ചായത്തിനെ സംബന്ധിച്ചടുത്തോളം ബാധകമായത് താഴെ പറയുന്നതാണ് .

1. വെള്ളപ്പൊക്കം
2. കടലാക്രമണവും കടല്കതയറ്റവും
3. പകര്ച്ചമവ്യാധി
4. വരൾച്ച
5. തീപ്പിടുത്തം

## മൃഗ സംരക്ഷണം

ക്ഷീര കർഷകർ പ്രത്യേകിച്ച് യുവതലമുറ ഈ മേഖലയിൽ നിന്ന് പിന്നോക്കം പോകുന്നു . പുൽ ഉൽപ്പാദനം കുറയുന്നതും കാലാവസ്ഥ വ്യതിയാനവും പാടം നികത്തൽ പാലിന്റെ വിലക്കുറവും ഒക്കെ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപോക്കിന് ഇടയാക്കുന്നു. മുൻ വർഷ ങ്ങളിലെ പദ്ധതികൾ പരിശോധിച്ചാൽ പല വിഭാഗത്തിലായി (ജനറൽ, വനിത) പശുവളർത്തലിൽ ധനസഹായം നല്കിദയിട്ടുണ്ടെങ്കിലും പശുക്കളുടെ എണ്ണം കൂടുന്നതായി കാണുന്നില്ല. നിലവിലുള്ളതിനെ വിറ്റോ ഒക്കെ ആയിരിക്കാം പുതിയ പശുവിനെ വാങ്ങുന്നത്. ഈ മേഖലയിൽ മുൻ വർഷങ്ങളിലുള്ള സബ്സിഡി കുറവും ഒരു പരിധിവരെ കാരണമായിരുന്നു. മൃഗാശുപത്രി മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കിയതിന് ശേഷം മരുന്നിന്റെ ലഭ്യത കുറവ് പ്രശ്നമാകാറില്ല. ചികിത്സ ചെലവ് കുറയുകയും ചെയ്യുന്നു. ധാതു ലവണ മിശ്രിതം ആരോഗ്യമുള്ള പശുക്കളെയും വന്ധ്യത പോലുള്ള പ്രശ്നങ്ങൾ കർഷകന്റെ സാമ്പത്തിക സ്ഥിതി തന്നെ ഉലയ്ക്കുന്ന പ്രശ്നങ്ങളാണ്. അതില്ലാതാക്കാൻ ഒരു പരിധിവരെ സഹായിക്കുന്നു. കന്നുകുട്ടി പരിപാലന പദ്ധതി പോലുള്ള തീറ്റചെലവും എന്നാൽ ഒരു പരിധിവരെ ഇല്ലാതാക്കുന്നു .എല്ലാ 3-6 മാസം പ്രായമുള്ള പെൺ കന്നുക്കുട്ടികളക്ക് ലഭ്യമാക്കാൻ സാധിച്ചാൽ നന്ന്. സബ്സിഡി നിരക്കിൽ കാലിത്തീറ്റ നല്കുകയും രാത്രികാല സേവനങ്ങൾ 3 മണിക്കുശേഷം ബ്ലോക്കടിസ്ഥാനത്തിലോ പഞ്ചായത്തടിസ്ഥാനത്തിലോ വെറ്റിനറി സർജനെ നിയമിച്ചാൽ അസമയങ്ങളിലുള്ള രോഗാവസ്ഥ ചികിത്സിക്കൽ പരിഹാമാകും. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, പഞ്ചായത്ത് തലത്തിൽ തൊഴിൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതും ഈ മേഖലയ്ക്കു കൂടുതൽ പേരെ ആകർഷിക്കും.

## സദ്ഭരണം

അജാനൂർ ഗ്രാമ പഞ്ചായത്ത് ജനസാന്ദ്രത കൂടിയ ഒരു പഞ്ചായത്താണ്. ആയതിനാൽ തന്നെ പഞ്ചായത്തിൽ നിന്നും സേവനത്തിനായി സമീപിക്കുന്ന ജനങ്ങളുടെ എണ്ണവും കൂടുതലാണ്. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ആശുപത്രികളുടെ എണ്ണം 10 ൽ അധികമാണ്. ഈ ആശുപത്രികൾ വഴി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ജനനങ്ങളുടെ എണ്ണം ശരാശരി 3500 ൽ അധികമാണ്. അത് പോലെ തന്നെ മരണ രജിസ്ട്രേഷനും ഉയർന്നു നിൽക്കുന്നു. ഇതുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ തിരുത്തലുകൾ മറ്റു സേവനങ്ങൾ എന്നിവയ്ക്കായി ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും ജില്ലയ്ക്കു പുറത്തു നിന്നും ജനങ്ങൾ പഞ്ചായത്തിനെ ആശ്രയിച്ചുവരുന്നു. മറ്റ് സേവനങ്ങൾക്കുമായി ദിനം പ്രതി വളരെയേറെ ജനങ്ങൾ പഞ്ചായത്തിനെ ആശ്രയിച്ചു വരുന്നു. ഈ വരുന്ന ജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സമയ ബന്ധിതമായി സേവനം നൽകുവാൻ കഴിയുന്നു. കൂടാതെ ഇവിടെ വരുന്ന ജനങ്ങൾക്ക് വിശ്രമിക്കുന്നതിന് ആവശ്യമായ ഇരിപ്പിടങ്ങളും കുടിവെള്ളം, ശുചിമുറികൾ അമ്മമാർക്ക് കുഞ്ഞുങ്ങൾക്ക് ക്ഷണം നൽകുന്നതിലേക്ക് പ്രത്യേകം മുറികളുടെ സജ്ജീകരിക്കുകയും ടെലിവിഷൻ എന്നിവ സ്ഥാപിച്ചു പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ എത്തുന്ന ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് അവരെ സഹായിക്കുന്നതിനായി കൂടുംബശ്രീയുടെ മേൽ നോട്ടത്തിൽ ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു. അവിടെ ആവശ്യമായ ഇന്റർനെറ്റ്, ഫോട്ടോകോപ്പി, ഡാറ്റാ എൻട്രി എന്നീ സേവനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. ജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സമയബന്ധിതമായി അവരുടെ സേവനങ്ങൾ നൽകുവാൻ കഴിയുന്നു. കെസ്മാർട്ട് ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നേരിട്ട് വരാതെതന്നെ ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്നു.

അജാനൂർ ഗ്രാമപഞ്ചായത്തിൽ നികുതി നികുതിയേതര വരുമാനം കഴിഞ്ഞ കാലങ്ങളിൽ നിന്നും അധികമായി ലഭിക്കുന്നുണ്ട്. എന്നാൽ കെട്ടിട നികുതി റിവിഷൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം എടുക്കുകയാണെങ്കിൽ കെട്ടിട നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകും. അത് പോലെ ലൈസൻസ് ഫീ മറ്റ് വരുമാനങ്ങളും വർദ്ധിപ്പിക്കുവാൻ സാധിക്കും. പഞ്ചായത്തിലെ എല്ലാവിധ സേവനങ്ങളും ഇപ്പോൾ പ്രത്യേക സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനാൽ ഓരോ മേഖലയിലേക്കും പ്രവർത്തനങ്ങൾക്ക് കൃത്യതയും സുതാര്യതയും കൈവരിക്കുവാൻ സാധിച്ചു. നികുതി നിർണ്ണയത്തിന് കെസ്മാർട്ടിലൂടെ കൃത്യമായ നികുതി വരുമാനത്തിനെ കുറിച്ച് അറിയുവാൻ അത് ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നു. കൂടാതെ കെസ്മാർട്ട്വഴി ഫയൽ നീക്കങ്ങൾ ജനങ്ങൾക്ക് അറിയുവാൻ കഴിയുന്നു. പഞ്ചായത്തിന്റെ ധനകാര്യ സ്ഥിതിയെ കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിനും അതിലൂടെ ബജറ്റ് തയ്യാറാക്കി ഓരോ വർഷത്തെയും പ്രവർത്തനങ്ങളെ ക്രമപ്പെടുത്തിയും കൂടാതെ പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ പഞ്ചായത്തിന്റെ ധനകാര്യ സ്ഥിതിയെ ബന്ധപ്പെടുത്തി രൂപപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

# അധ്യായം 4
# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഉദ്പാദന, സേവന, പശ്ചാത്തല മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തവനങ്ങൾ നടത്താനാണ് അജാനൂർ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഉദ്പാദന മേഖലയിൽ പരമാവധി ഉദ്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിലേക്ക് പോകാനുള്ള ശ്രമമാണ് ലക്ഷ്യമിടുന്നത്. മികച്ച സേവനം നല്കുന്ന പഞ്ചായത്തായി അജാനൂർ ഗ്രാമപഞ്ചായത്തിനെ മാറ്റുക, പശ്ചാത്തല വികസന രംഗത്ത് നാടിന്റെ മുഖച്ഛായ മാറ്റുന്ന വലിയ പദ്ധതികൾക്ക് മുന്തൂക്കം നല്കുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചത്. ആരംഭ വർഷത്തിന്റെ തുടർച്ച എന്ന നിലയിൽ ഈ പ്രവർത്തനങ്ങൾക്ക് തന്നെയാണ് 2026-27 വാർഷിക പദ്ധതിയുടെ ലക്ഷ്യമിടുന്നത്. ഈ പ്രവർത്തനങ്ങൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പദ്ധതികൾ സംയോജിപ്പിച്ചും, കേന്ദ്ര-സംസ്ഥാന വിഹിതം എം.എൽ. എ.എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, നബാർഡിൽ നിന്നുള്ള വായ്പകളും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും സ്വീകരിച്ച് പദ്ധതികൾ ഏറ്റെടുക്കാനാണ് ലക്ഷ്യമിടുന്നത്.

1. അതിദരിദ്യർ ഇല്ലാത്ത പഞ്ചായത്ത്
2. തരിശ് രഹിത പഞ്ചായത്ത്
3. സമ്പൂർണ്ണ പാർപ്പിട പദ്ധതി
4. മുഴുവൻ വീടുകളിലും അടുക്കളതോട്ടം
5. പാൽ മിച്ച പഞ്ചായത്ത്-ക്ഷീര ഗ്രാമം
6. മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത-മുട്ട ഗ്രാമം
7. ആട് ഗ്രാമം പദ്ധതി
8. സമഗ്ര നീർത്തട പരിപാലന പദ്ധതി
9. സമ്പൂർണ്ണ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി
10. വനിതകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർ, ട്രാൻസ് ജെന്റർ എന്നിവരുടെ ക്ഷേമം
11. സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ.
12. സമഗ്ര ആരോഗ്യ പദ്ധതി.
13. വയോജന സൗഹൃദ പഞ്ചായത്ത്.
14. ബാല സൗഹൃദ പഞ്ചായത്ത്.
15. സമ്പൂർണ്ണ ഡിജിറ്റലൈസേഷന്റ്.

# അധ്യായം 8

# വായ്പാ ബന്ധങ്ങൾ

വായ്പാബന്ധങ്ങൾ ഒന്നും തന്ന ഇല്ല.

# അധ്യായം 9

# സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

വിവിധ മേഖല മേഖലകളിലെ സംയോജിത സാധ്യകളെ പരമാവധി ഉപയോഗിക്കുന്നതിന് ശ്രമിക്കേണ്ടതുണ്ട്. നവകേരള മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടിണ്ട്. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കൊണ്ട് കാർഷിക മേഖലയിൽ കുടുതൽ പദ്ധതികൾ ആവിഷ്ക്കിരിച്ചിട്ടുണ്ട്. സമഗ്ര നെല്കൃഷി വികസനം, തരിശ് ഭുമി കൃഷിയോഗ്യമാക്കൽ, സമഗ്ര പച്ചക്കറി കൃഷി വികസനം, സമഗ്ര വാഴകൃഷി നടപ്പാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിന്നതോടെ കുടുതൽ ഭൂമി ഉപയോഗ്യയോഗ്യമാക്കുന്നതിന് സാധിക്കും. കുടുതൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കുടിവെള്ള പ്രശ്നം രൂക്ഷമാകുന്ന സാഹചര്യത്തിൽ തോടുകൾ, കിണറുകൾ മറ്റു കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി സംരക്ഷിക്കേണ്ടതുണ്ട്. ആയത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നുണ്ട്. തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതിന് തടയണകൾ സ്ഥാപിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തും. മാലിന്യ സംസ്ക്കരണത്തിന് പഞ്ചായത്തിനകത്ത് ഖരമാലിന്യ പ്ലാന്റ് നിലവിലുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ കുടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സുന്ദരഗ്രാമം ശുചിത്വ ഗ്രാമം പദ്ധതി, വീടുകളിൽ ഉറവിടമാലിന്യ ഉപാധികൾ തുടങ്ങിയ പദ്ധതികൾ ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാലിന്യമുക്ത പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് നവകേരളമിഷനുമായി സംയോജിപ്പിച്ച് കൊണ്ട് സമഗ്രമായ പരിപാടികൾ ആവിഷക്കരിക്കേണ്ടതുണ്ട്.

ലൈഫ്മിഷനുമായി ബന്ധപ്പെടുത്തികൊണ്ട് സമ്പുർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് നീക്കി വച്ചിട്ടുണ്ട്. ഭവന പൂനരുദ്ധരാണം, പി.എം.എ.വൈ. പദ്ധതി, ലൈഫ് മിഷനുമായി സഹകരിച്ച് നടപ്പിലാക്കുന്നുണ്ട്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞനവുമായി ബന്ധപ്പെടുത്തികൊണ്ട് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നതിനും സ്കുളുകൾ ഹൈക്ട് ആക്കി സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നല്കുന്നതനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എസ്.എസ്.കെ. വിഹിതം നല്കൽ, സ്കുളുകൾക്ക് കഞ്ഞിപ്പുര നിർമ്മാണം, സ്കുളുകൾക്ക് ആവശ്യമായ കമ്പ്യുട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, ഇന്റർനെറ്റ് കണക്ഷൻ നല്കൽ, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ തുടങ്ങിയ പദ്ധതികൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജനവുമായി ബന്ധപ്പെടുത്തി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ ആർദ്രം പദ്ധതിയുമായി ബന്ധപ്പെടുത്തികൊണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ പരിപാലനം, രോഗപ്രധിരോധ പരിപാടികൾ, കൊതുക് നിവാരണം,ആശുപത്രികളുടെയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അലോപ്പതി, ഹോമിയോ, ആയുർവേദ ചികിത്സാ വിഭാഗങ്ങൾക്ക് മരുന്ന് വാങ്ങൽ, കിടപ്പിലായ രോഗികളെ ചികിത്സിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നല്കുന്നതിനും സാന്ത്വന പരിചരണം പദ്ധതി എന്നിവ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# അധ്യായം 10

# മോണിറ്ററിംഗ് സംവിധാനങ്ങൾ

നിശ്ചിത സമയത്തിനുള്ളിൽ ഏറ്റവും ഫലപ്രദമായി വിഭവങ്ങൾ വിനിയോഗിക്കുന്നതിന് പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം മുഖ്യ ഘടകമാണ്. ആയതിന്റെ ചുമതല അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ളതാണ്. പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൃതമായ രീതിയാണെന്നുള്ളതും പദ്ധതി പൂർത്തീകരണ സമയത്തും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതുണ്ട്. ഗ്രാമസഭകളിലുടേയും സോഷ്യൽ ഓഡിറ്റുകളിലുടേയും പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് സംവിധാനം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് മുതലായ സംവിധാനങ്ങൾ, പഞ്ചായത്തിന്റെ കാര്യക്ഷമത ഉറപ്പ്വരുത്തുന്നു.